# പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

**(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ)**

**(PERIODICAL REPORT FROM 1st APRIL, 2016 TO 31st MARCH, 2017)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2017 ആഗസ്റ്റ് 17-ാം തീയതി സമർപ്പിച്ചത്
(Presented on 17th August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

## പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ആനുകാലിക റിപ്പോർട്ട്
(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1st APRIL, 2016 TO 31st MARCH, 2017)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

981/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 40 |

# സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ആന്റണി ജോൺ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. സി. കൃഷ്ണൻ
ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീ. മാത്യുക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി
ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ മൂന്ന് യോഗങ്ങൾ 2016-17-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും ഒരു യോഗം 2017-18-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും ഒരു യോഗം സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ, 2015-16-ലെ ആനുകാലിക റിപ്പോർട്ട്, തുടങ്ങിയവയുടെ പരിഗണനയ്ക്കായും ഒരു യോഗം നിയമസഭാ ചട്ടം 235 എ പ്രകാരവും ചേർന്നു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 57.58% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളിലായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ, രണ്ടാം ഭാഗത്തിൽ സമിതി പരിശോധിച്ച ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ, മൂന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചതും സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മുൻറിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 ജൂലൈ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 ജൂലൈ 26.

# റിപ്പോർട്ട്

## ഭാഗം I

1. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 26-7-2016, 4-8-2016 എന്നീ തീയതികളിൽ യോഗം ചേർന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട 'ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ'-ലെ വിവിധ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പരിശോധിക്കുകയും പ്രസ്തുത പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ കരട് 18-8-2016-ൽ അംഗീകരിക്കുകയും 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 27-3-2017-ലെ യോഗത്തിൽ ധനാഭ്യർത്ഥന XXXVII-ലെ 2851, 4851, 6851 എന്നീ കണക്കിനങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ സമിതി സൂക്ഷ്മപരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

2. സമിതിയുടെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 18-8-2016-ലെ സമിതിയോഗത്തിലും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 20-9-16-ലെ യോഗത്തിലും അംഗീകരിക്കുകയും രണ്ടു റിപ്പോർട്ടുകളും 2016 സെപ്റ്റംബർ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ഭാഗം II

### I. എസ്.ആർ.ഒ.-കളുടെ സാധൂകരണം

(1) കേരള മൈനർ മിനറൽ കൺസഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2015

(എസ്.ആർ.ഒ. നമ്പർ 671/2015)

1. എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിക്കൊണ്ട് 27-02-2012-ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെയും പ്രസ്തുത തീയതിക്കുശേഷം പാരിസ്ഥിതിക അനുമതിയില്ലാതെ അനുവദിക്കപ്പെട്ട എല്ലാ ഖനനാനുമതികളും (പുതുക്കി നൽകിയവ ഉൾപ്പെടെ) സാധുതയില്ലാത്തതാണെന്ന ഹൈക്കോടതി ഉത്തരവിന്റെയും പശ്ചാത്തലത്തിൽ ചെറുകിട ക്വാറികൾ പൂട്ടിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015-ലെ ചട്ടം 12, 13 എന്നിവ ഭേദഗതി ചെയ്തുകൊണ്ടാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും പ്രസ്തുതവിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും ഹൈക്കോടതി ഡിവിഷൻബഞ്ച് നിയമസാധുത ഇല്ലാതാക്കിയ സാഹചര്യത്തിൽ ചട്ടം 12-ലെ

പ്രൊവിസോ ഭരണഘടനാ വിരുദ്ധമാണെന്നും ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിന്മേൽ വ്യക്തത വരുത്തണമെന്നും സുപ്രീംകോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ചട്ടം 12-ലെ അപാകത പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് നിയമവകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു. ചട്ടം 13-ൽ അപാകതകളൊന്നുമില്ലാത്തതിനാൽ അംഗീകരിക്കാവുന്നതാണെന്ന് ശിപാർശ നൽകാൻ സമിതി തീരുമാനിച്ചു.

2. കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്-2015 പ്രകാരം പ്രസ്തുതചട്ടങ്ങൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച നടപടി-സാധൂകരണം സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 373/15)

കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്-2015 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് സമിതി സാധൂകരണം നൽകി.

3. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് -2015 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച നടപടി സാധൂകരണം സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 374/15).

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് സമിതി സാധൂകരണം നൽകി.

4. മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട്, 1957 പ്രകാരവും പ്രസ്തുത നിയമപ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവും ശിക്ഷാർഹമായ കുറ്റങ്ങൾക്കെതിരെ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച നടപടി സാധൂകരണം സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 375/15).

പ്രസ്തുത വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ "so as to make the Mining and Geology Department as a Single Authority for the implementation of the rules..." എന്ന് ചേർത്തിട്ടുള്ളത് മൈനിംഗ് ആന്റ് ജിയോളജിവകുപ്പിനെ ഏക അധികാര സ്ഥാപനമാക്കി മാറ്റുമെന്നും അത് വിവാദങ്ങൾക്ക് ഇടനൽകുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ "Mining and Geology Department as a single Authority" എന്ന ഭാഗം ഒഴിവാക്കണമെന്ന ഭേദഗതിയോടെ സമിതി സാധൂകരണം നൽകി.

5. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 1967-ലെ ഭേദഗതി (എസ്.ആർ.ഒ. നമ്പർ 393/15) സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിച്ച നടപടിയുടെ സാധൂകരണം.

കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 1967-ലെ ഭേദഗതിചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 393/15) പരിശോധനയുമായി ബന്ധപ്പെട്ട് 12-11-2014-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്:

(ഫയൽ നമ്പർ 4890/സബ്‌സി.ബി2/2013/നി.സെ.)

ചട്ടങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല എന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എസ്.ആർ.ഒ.-യുള്ള വിശദീകരണം പരിഗണിക്കേണ്ടതില്ലെന്നും ആയതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും സമിതി തീരുമാനിച്ചു.

ഭാഗം III

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ, സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെ പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**1. 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 4873/സബ് സി. ബി2/2011/നി.സെ.)

ശിപാർശ

കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ ആവശ്യത്തിലേക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയും അധികമായി ആവശ്യം വരുന്ന 55 കോടി രൂപയും കിൻഫ്രയ്ക്ക് നൽകാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പിനു സർക്കാരിൽ നിന്നും 2011-12 കാലയളവിൽ 72,81,00,000 (എഴുപത്തിരണ്ടു കോടി എൺപത്തിയൊന്നു ലക്ഷം) രൂപ ധനസഹായമായി കിൻഫ്രക്ക് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 17676/ഡി2/14/ഗതാ. തീയതി 13-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നം. 17676/ഡി2/14/ഗതാ. തീയതി 13-1-2016).

## 2. 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ്സിബി2/2012/നി.സെ.)

<u>ശിപാർശ</u>

മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനത്തിനായി 50 ലക്ഷം രൂപയാണ് 2012-13 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

27-3-2017-ലെ സ.ഉ. (സാധാ.) 473/13/വ്യവ. നമ്പർ ഉത്തരവു പ്രകാരം 26.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നം. 29021/കെ1/15/വ്യവ.തീയതി 5-5-2016.)

<u>ശിപാർശ</u>

**ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിക്കാവശ്യമായ പ്രവർത്തന മൂലധനം**

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പത്ത് കോടി രൂപ മുതൽ മുടക്കി കോഴിക്കോട് നല്ലളത്ത് 2011-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി.

നാട്ടിലും മറുനാട്ടിലും ഈ ഫ്ലോറിംഗ് ടൈലിന് ധാരാളം ആവശ്യക്കാരുള്ളതിനാൽ ഈ പദ്ധതി ലാഭകരമാക്കുന്നതിനായി 2012-13 വർഷത്തേക്ക് പ്രതിമാസം 30,000 ചതുരശ്ര അടി ടൈൽ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മൊത്തം പദ്ധതിച്ചെലവ് 12 കോടി രൂപയാണ്. ഇതിൽ 10 കോടി ഗവൺമെന്റിൽ നിന്നും കമ്പനിക്ക് ലഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന മൂലധനമായ 2 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടില്ല. ആതിനാൽ ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിക്ക് പ്രവർത്തന മൂലധനമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 27 (എ)]

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016).

<u>ശിപാർശ</u>

**ബാംബൂ ബോർഡ് ഫാക്ടറിയിലെ ബോയിലറിന് M.S. ചിമ്മിനി**

ബാംബൂ ബോർഡ് ഫാക്ടറിയിലെ ബോയിലറിന്റെ കാലപ്പഴക്കംചെന്ന, ദ്വാരങ്ങൾ വീണ M.S. ചിമ്മിനി മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 27 (ബി)]

<u>സ്വീകരിച്ച നടപടി</u>

ചിമ്മിനി സ്ഥാപിക്കുന്നതിനായി 3-11-2012-ലെ സ.ഉ. (സാധാ.) 1631/2012/വ്യവ. നമ്പർ ഉത്തരവു പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു.)

(റഫ്. നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016).

<u>ശിപാർശ</u>

## പരമ്പരാഗത തൊഴിലാളികൾക്ക് ഇൻസെന്റീവ് വിതരണം

ഈറ്റ, പനമ്പ് തൊഴിലാളികൾക്ക് 2012 ലെ ഓണത്തോടനുബന്ധിച്ച് ഇൻസെന്റീവ് നൽകുന്നതിനായി 120 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 27 (സി)]

<u>സ്വീകരിച്ച നടപടി</u>

ഇൻസെന്റീവ് വിതരണം ചെയ്യുന്നതിനായി 6-9-2012-ലെ സ.ഉ.(സാധാ.) 1325/2012/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു.)

(റഫ്. നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016).

<u>ശിപാർശ</u>

## നെയ്ത്തുതൊഴിലാളികൾക്ക് ഈറ്റ വിതരണം ചെയ്യുന്നതിലെ നഷ്ടം

ഈറ്റക്കാടുകളിൽ നിന്ന് നെയ്ത്ത് ഈറ്റ ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്ത് അവർ ഉണ്ടാക്കുന്ന പനമ്പ് തറവില നൽകി ശേഖരിച്ച് വിതരണം ചെയ്യലാണ് ബാംബൂ കോർപ്പറേഷന്റെ അടിസ്ഥാന പ്രവർത്തനം. കാലാകാലങ്ങളിലുള്ള കൂലി വർദ്ധനമൂലം പനമ്പിന്റെ ഉല്പാദനചെലവ് കൂടിയിട്ടുണ്ടെങ്കിലും സർക്കാർനയത്തിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചുനൽകേണ്ടിവരുന്നതിനാൽ കോർപ്പറേഷന് ഈ ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. 2012-13 വർഷത്തിൽ ഇത്തരത്തിൽ 106.86 ലക്ഷം രൂപ നഷ്ടം പ്രതീക്ഷിക്കുന്നു. ഈ നഷ്ടം നികത്തുന്നതിന് കോർപ്പറേഷന് 106.86 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 27 (ഡി)]

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016).

ശിപാർശ

**ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയ്ക്ക് അനുവദിച്ച അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്**

ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിക്ക് വായ്പയിനത്തിൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി ലഭിച്ച 700 ലക്ഷം രൂപ ഗ്രാന്റായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

[ഖണ്ഡിക 27 (ഇ)]

സ്വീകരിച്ച നടപടി

പ്രസ്തുത തുക ഗ്രാന്റായി മാറ്റുന്നതിനുള്ള നടപടികൾ പ്രത്യേകമായി സ്വീകരിച്ച വരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 29021/കെ1/15/വ്യവ. തീയതി 5-5-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നം. 29021/കെ1/15/വ്യവ. തീയതി 5-5-2016).

ശിപാർശ

തോട്ടണ്ടിയുടെ ഇപ്പോഴത്തെ വിലയിലുണ്ടായ മാറ്റവും അധിക ഉല്പാദനശേഷിയും കണക്കിലെടുക്കുമ്പോൾ റിജുവനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി എന്ന പദ്ധതിക്ക് 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത മൂലം 2012-13 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി കാപെക്സിന് തുക വകയിരുത്തുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 25302/കെ.2/14/വ്യവ. തീയതി 16-9-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015 -ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015)

ശിപാർശ

കട്ടിംഗ് മെഷീൻ, പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ, ഇലക്ട്രോണിക് ഹസ്ക് റിമൂവർ, ഓട്ടോമാറ്റിക് ഓൺലൈൻ ലേബലിംഗ് മെഷീൻ, ടിൻ പാക്കിംഗ് മെഷീൻ, വാക്വം പാക്കിംഗ് മെഷീൻ മുതലായ ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സ്വീകരിച്ച നടപടി</u>

കാപെക്സിന് 2012-13 സാമ്പത്തികവർഷം ഫാക്ടറികളുടെ ആധുനീകരണത്തിനും ഫാക്ടറി ഷെഡുകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി Modernisation of Cashew Sector including Brand Building എന്ന പദ്ധതിക്കായി23 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി. വിഭവലഭ്യതയുടെ കുറവുമൂലം സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക വകയിരുത്തുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നം.25302/കെ.2/14/വ്യവ. തീയതി 16-9-2015.)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015)

<u>ശിപാർശ</u>

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

2 ഗഡുക്കളായി കൊടുത്തുതീർക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 3.5 കോടി രൂപ G.O.(Rt.)No.301/15/ID. Dated 30-3-2015 പ്രകാരം എസ്.ബി.റ്റി.-യ്ക്ക് നൽകി ഉത്തരവായി. ശേഷിക്കുന്ന ഒരു ഗഡു ഈ സാമ്പത്തിക വർഷം തന്നെ നൽകുവാൻ ധാരണയായിട്ടുണ്ട്.

(സർക്കാർ കത്ത് നം.25302/കെ.2/14/വ്യവ. തീയതി 16-9-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015 -ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015.)

<u>ശിപാർശ</u>

3750 മെട്രിക് ടൺ തോട്ടണ്ടിയാണ് ഇപ്പോൾ കോർപ്പറേഷൻ സംസ്കരിക്കുന്നത്. അസംസ്കൃത തോട്ടണ്ടിയുടെ വില, സംസ്കരണ-ഉല്പന്ന വിപണന സമയദൈർഘ്യം എന്നിവ കണക്കിലെടുക്കുമ്പോൾ തോട്ടണ്ടി സംഭരണത്തിന് 30 കോടി രൂപ ആവശ്യമായി വരും. ഒരു സംഭരണ കേന്ദ്രത്തിന് 3 കോടി രൂപ നിരക്കിൽ 10 കേന്ദ്രങ്ങൾക്ക് 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ കുറവുമൂലം 2012-13 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി കശുവണ്ടി വികസന കോർപ്പറേഷന് തുക വകയിരുത്തുവാൻ സാധിച്ചില്ല എങ്കിലും 2013-14 സാമ്പത്തികവർഷം തോട്ടണ്ടി വാങ്ങുന്നതിലേയ്ക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും 20 കോടി രൂപ അനുവദിച്ച് നൽകി.

(സർക്കാർ കത്ത് നമ്പർ 25302/കെ.2/14/വ്യവ. തീയതി 16-9-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-15-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015).

ശിപാർശ

കശുവണ്ടി ഫാക്ടറികളുടെ തൊഴിൽസൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി 6.9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും പുതിയ ഫാക്ടറി ഷെഡുകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി Modernisation of Cashew Sector including Brand Building എന്ന പദ്ധതിക്കായി 2012-13 സാമ്പത്തികവർഷം 37.90 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി. വിഭവലഭ്യതയുടെ കുറവുമൂലം സമിതി ശിപാർശ ചെയ്ത പ്രകാരം അധികതുക വകയിരുത്തുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 25302/കെ.2/14/വ്യവ. തീയതി 16-9-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015).

ശിപാർശ

മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, കാഷ്യൂവിറ്റ തുടങ്ങിയവ ഉൾപ്പെടെയുള്ള ഇന്ത്യൻ കശുവണ്ടിയുടെ പ്രചരണം, ഗുണമേന്മ നിലനിർത്തൽ, പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കൽ, ഭക്ഷ്യപ്രദർശനങ്ങളിൽ പങ്കെടുക്കൽ, പ്രദർശനം, വില്പന, പരസ്യ പ്രചരണം മുതലായവയ്ക്കായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്ക് 2012-13-ൽ വിഭവലഭ്യതയുടെ കുറവുമൂലം തുക വകയിരുത്തുവാൻ സാധിച്ചില്ല. 2013-14-ൽ കശുവണ്ടി വികസന കോർപ്പറേഷന്റെ ബ്രാന്റ് ബിൽഡിംഗ് എന്ന പദ്ധതിയ്ക്കായി 100 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി.

(സർക്കാർ കത്ത് നമ്പർ 25302/കെ.2/14/വ്യവ. തീയതി 16-9-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015).

<u>ശിപാർശ</u>

2012-2013 വർഷത്തേയ്ക്ക് പ്രവർത്തന മൂലധനമായി 100 കോടി രൂപയും തൊഴിലാളികളുടെ 2011 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 16.80 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ കുറവുമൂലം 2012-13-ൽ സമിതി ശിപാർശ ചെയ്തപ്രകാരം പ്രവർത്തന മൂലധനത്തിനും, ഗ്രാറ്റുവിറ്റി നൽകുന്നതിനും തുക വകയിരുത്താൻ സാധിച്ചില്ല

(സർക്കാർ കത്ത് നം.25302/കെ2/14/വ്യവ. തീയതി 16-9-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 1-12-2015 -ന് സഭയിൽ സമർപ്പിച്ചു)

(റഫറൻസ് നമ്പർ 25302/കെ2/14/വ്യവ. തീയതി 16-9-2015).

<u>ശിപാർശ</u>

ടെക്സ്റ്റൈഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളിലും പവർലൂം സഹകരണ സംഘങ്ങളിലും നടപ്പിലാക്കി വരുന്ന നവീകരണ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

**I. ടെക്സ് ഫെഡിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി വകയിരുത്തിയ തുക:**

| ക്രമ നമ്പർ | മില്ലിന്റെ പേര് | വകയിരുത്തിയ തുക (ലക്ഷം രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ | 200 | തുക അനുവദിക്കുന്നതിനായ നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിരിക്കുന്നു. |
| 2 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 200 | |
| 3 | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | 410.47 | |

**II. മാള, മലബാർ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലുകൾക്കുള്ള ധനസഹായം**

| ക്രമ നമ്പർ | മില്ലിന്റെ പേര് | വകയിരുത്തിയ തുക (ലക്ഷം രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | മാള സഹകരണ സ്പിന്നിംഗ് മിൽ | 400.28 | ടെക്സ് ഫെഡ് വഴി തുക മില്ലുകൾക്ക് അനുവദിച്ചിരുന്നു. |
| 2 | മലബാർ സഹകരണ സ്പിന്നിംഗ് മിൽ (മാൽകോടെക്സ്) | 150 | |
| 3 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | 150 | |

**III. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ**

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി 17,97,500 രൂപ റീ-അപ്രോപ്രിയേഷനിലൂടെ 2012-2013-ൽ കൈമാറിയിട്ടുണ്ട്.

IV. **ടെക്സ് ഫെഡിന്റെ നിയന്ത്രണത്തിലുള്ള ഇന്റഗ്രേറ്റഡ് യന്ത്രത്തറി സംഘങ്ങൾക്കുള്ള ധനസഹായം**

| ക്രമ നമ്പർ | മില്ലിന്റെ പേര് | വകയിരുത്തിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 5 ഇന്റഗ്രേറ്റഡ് സംഘങ്ങളിലെ ലൂമുകളുടെ നവീകരണം (നെയ്യാറ്റിൻകര, കോട്ടയം, കോഴിക്കോട്, വയനാട്, കെൽടെക്സ് സംഘങ്ങൾ) | 200 ലക്ഷം രൂപ | തുക അനുവദിക്കുകയും ടെക്സ്ഫെഡ് വഴി വിതരണം ചെയ്യുകയും ചെയ്തു. |
| 2 | ഇന്റഗ്രേറ്റഡ് സംഘങ്ങൾക്ക് മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്കുള്ള വിപണനസഹായം (നെയ്യാറ്റിൻകര, കോട്ടയം, കോഴിക്കോട്, വയനാട് സംഘങ്ങൾ) | 20 ലക്ഷം രൂപ | തുക അനുവദിക്കുകയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂർ വഴി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വിതരണം ചെയ്യുകയും ചെയ്തു. |
| 3 | ഷോറൂം വ്യാപാരശാലകൾ സ്ഥാപിക്കുന്നതിനുള്ള സഹായം (കെൽടെക്സ്) | 20 ലക്ഷം രൂപ | തുക ടെക്സ്ഫെഡ് വഴി സംഘത്തിന് വിതരണം ചെയ്തു |
| 4 | കെൽടെക്സിൽവച്ചുള്ള യന്ത്രത്തറി പരിശീലനം | 7,58,560 രൂപ | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂർവഴി പരിശീലനം നടത്തുന്നതിന് തുക കൈമാറിയിട്ടുണ്ട്. |

(സർക്കാർ കത്ത് നമ്പർ 22654/സി2/12/വ്യവ. തീയതി 30-6-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 22654/സി2/12/വ്യവ. തീയതി 30-6-2016).

### 3. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3166/സബ്.സി.ബി2/2012/നി.സെ.)

ശിപാർശ

കൈത്തറിത്തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന 4.4 കോടി രൂപയ്ക്കുപുറമേ 4.6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനയ്ക്കുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല. 2014-2015 ബഡ്ജറ്റിൽ വകയിരുത്തിയ 4.40 കോടി രൂപയും ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 20133/സി2/14/വ്യവ. തീയതി 6-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20133/സി2/14/വ്യവ.തീയതി 6-1-2016).

ശിപാർശ

കൈത്തറി റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ഇത്തവണ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏഴുകോടി രൂപ 2014-15 വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

7 കോടി രൂപയുടെ ഉപധനാഭ്യർത്ഥന ശിപാർശ ചെയ്തിരുന്നു. എന്നാൽ തുക ലഭ്യമായിട്ടില്ല. 2014-2015 ബഡ്ജറ്റിൽ വകയിരുത്തിയ 4.40 കോടി രൂപയും ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 20133/സി2/14/വ്യവ. തീയതി 6-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20133/സി2/14/വ്യവ.തീയതി 6-1-2016).

ശിപാർശ

ഐ.ഐ.എച്ച്.റ്റി., സി.എം.ഡി., ഐ.എം.ജി. തുടങ്ങിയ വ്യവസ്ഥാപിത ദേശീയ/സംസ്ഥാന സ്ഥാപനങ്ങളിലൂടെ നടത്തപ്പെടുന്ന പ്രസ്തുത പരിശീലനപരിപാടികൾക്ക് വകയിരുത്തിയിരിക്കുന്ന തുകയിൽ 60 ശതമാനം തുക വനിതാ നെയ്ത്തുകാർക്കായി മാറ്റിവച്ചിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ അനുവദിച്ചിരിക്കുന്ന 3.08 കോടി രൂപ പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയിലെ പരിശീലനവും വികസനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് 3 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

അധികമായി വകയിരുത്തിയ 3 കോടി രൂപ ലഭ്യമായിട്ടില്ല, 2014-15 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 274 ലക്ഷം രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 20133/സി2/14/വ്യവ. തീയതി 6-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20133/സി2/14/വ്യവ.തീയതി 6-1-2016).

<u>ശിപാർശ</u>

കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്ന പദ്ധതിയിൽ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെയും (പി.ഡബ്ല്യു.സി.എസ്.) സംസ്ഥാനതല അപ്പക്സ് കൈത്തറി സംഘങ്ങളുടെയും (എ.ഡബ്ല്യു.സി.എസ്.) ഇതര സ്ഥാപനങ്ങളുടെയും പുനഃസംഘടന ഉദ്ദേശിക്കുന്നു. 80:20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ഉൾക്കൊള്ളുന്ന പദ്ധതിക്കായി 2014-15-ൽ ഒരു ലക്ഷം രൂപ മാത്രമേ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ളൂ. അർഹതപ്പെട്ട 251 സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്ക് ഈ തുക പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയ്ക്കുവേണ്ടിയുള്ള പുനരുദ്ധാരണ നിർമ്മാണ പദ്ധതിക്ക് ഈ ശീർഷകത്തിൽ 20.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

4.76 കോടി രൂപയുടെ ഉപധനാഭ്യർത്ഥന ശിപാർശ ചെയ്തിരുന്നു. എന്നാൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിക്കായി 2014-15-ൽ 1 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തിയിരുന്നു. റീ-അപ്രോപ്രിയേഷൻവഴി 394.01 ലക്ഷം രൂപ കൂടി ലഭിച്ചതുൾപ്പെടെ 395.01 ലക്ഷം രൂപ വകയിരുത്തിയതിൽ 395.01 ലക്ഷം രൂപയും ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 20133/സി2/14/വ്യവ. തീയതി 6-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20133/സി2/14/വ്യവ.തീയതി 6-1-2016.)

ശിപാർശ

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനത്തിനായി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

കൈത്തറി സഹകരണസംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനായി 5 കോടി രൂപയുടെ ഉപധനാഭ്യർത്ഥന ശിപാർശ ചെയ്തിരുന്നു. എന്നാൽ ടോക്കൺ പ്രൊവിഷൻ (2851-00-195-90) മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. വീണ്ടും ഉപധനാഭ്യർത്ഥന ശിപാർശ ചെയ്തതിന്മേൽ 2-3-2015-ാം തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 193/2015/വ്യവ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 20133/സി2/14/വ്യവ. തീയതി 6-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20133/സി2/14/വ്യവ.തീയതി 6-1-2016).

ശിപാർശ

മറ്റു തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതനഘടനയും ആനുകൂല്യങ്ങളും സൗകര്യങ്ങളും മാത്രമേ പരമ്പരാഗത ഈറ്റവെട്ടുതൊഴിലാളികൾക്ക് ലഭിക്കുന്നുള്ളൂ എന്നതിനാൽ പലരും ഈ തൊഴിൽ ഉപേക്ഷിച്ചുപോകുന്നു. ഇത് പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| | പദ്ധതി | പ്രതീക്ഷിക്കുന്ന ചെലവ് (രൂപയിൽ) |
|---|---|---|
| 1. (എ) | ഈറ്റവെട്ടുകാർക്ക് അടിയന്തര വൈദ്യസഹായം നൽകുന്നതിനും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനംവകുപ്പിന്റെ അനുമതിയോടെ ആറ് താല്ക്കാലിക അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത് | - 18 ലക്ഷം രൂപ |
| (ബി) | ഈറ്റവെട്ടുകാർക്ക് പ്രവർത്തനോപകരണങ്ങൾ നൽകുന്നത് | - 5 ലക്ഷം രൂപ |
| (സി) | വെട്ടുകാരുടെ വനാന്തരങ്ങളിലേയ്ക്കുള്ള യാത്രാ സൗകര്യത്തിന് ജീപ്പ് വാങ്ങുന്നത് | - 7 ലക്ഷം രൂപ |
| | **ആകെ** | - 30 ലക്ഷംരൂപ |
| 2. | ഈറ്റ കതിർക്കുന്നതിനുള്ള വെള്ളസംഭരണികൾ പണിയുന്നതിന് | - 15 ലക്ഷം രൂപ |

| | | |
|---|---|---|
| 3. | ഈറ്റ അളികളായി (Slivers) നൽകാൻ 10 സബ്സ്ലീവറിംഗ് സെന്ററുകൾ തുടങ്ങുന്നതിന് | - 90 ലക്ഷം രൂപ |
| 4. | ഗവേഷണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമുള്ള സെന്റർ തുടങ്ങുന്നതിന് | - 75 ലക്ഷം രൂപ |
| 5. | ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ ശക്തിപ്പെടുത്തുന്നതിന് | - 25 ലക്ഷം രൂപ |
| 6. | മുളയെ അനുയോജ്യമായ ഗുണനിലവാരമുള്ളതാക്കി മാറ്റുവാനുള്ള കെമിക്കൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് | - 50 ലക്ഷം രൂപ |
| 7. | ഈറ്റ/മുള എന്നിവയുടെ വിതരണത്തിനുള്ള പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നത് | - 50 ലക്ഷം രൂപ |
| 8. | ബാംബൂ കോർപ്പറേഷനുവേണ്ട പ്രവർത്തന മൂലധനം | - 200 ലക്ഷം രൂപ |
| 9. | സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഈറ്റ-പനമ്പുമേഖലയിൽ മിനിമം കൂലി നടപ്പിലാക്കുന്നതിനുള്ള അധികച്ചെലവ് | - 400 ലക്ഷം രൂപ |
| | ആകെ | - 935 ലക്ഷം രൂപ |

(ഖണ്ഡിക 7)

ബാംബൂ കോർപ്പറേഷന് ബഡ്ജറ്റിൽ പ്രത്യേകവിഹിതം വകയിരുത്തിയിട്ടില്ലെങ്കിലും പ്രസ്തുത കോർപ്പറേഷൻ കൂടി ഉൾപ്പെടുന്ന ഹാന്റിക്രാഫ്റ്റ് സെക്ടറിന് 365 ലക്ഷം രൂപയും മുളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 151 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ മേൽസൂചിപ്പിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 9.35 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 7&8)</u>

കോർപ്പറേഷന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സമിതി ശിപാർശ ചെയ്ത 935 ലക്ഷം രൂപയിൽ താഴെപ്പറയുന്ന ഇനത്തിൽ തുക അനുവദിക്കുകയുണ്ടായി:

(എ) ഈറ്റവെട്ടുകാർക്ക് വനംവകുപ്പിന്റെ അനുമതിയോടെ ആറ് താല്ക്കാലിക അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും, ഈറ്റവെട്ടുകാർക്ക് പ്രവർത്തനോപകരണങ്ങൾ നൽകുന്നതിനും, ഈറ്റവെട്ടുകാരെ വനത്തിൽ കൊണ്ടു പോകുന്നതിനും തിരികെ കൊണ്ടു വരുന്നതിനുമായി ഒരു ഫോർ വീലർ ജീപ്പ് വാങ്ങുന്നതിനുമായി 2014-15 സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിച്ചു.

(ബി) പനമ്പുനെയ്ത്ത് തൊഴിലാളികൾക്ക് ഉല്പാദന വർദ്ധനവും കൂടുതൽ വരുമാനവും ലക്ഷ്യമിട്ട് ഈറ്റ അളികളായി നൽകുന്നതിന് Slivering Machine ഉം Cross cutting machine ഉം വാങ്ങുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചു.

(സി) ഈറ്റ പനമ്പ് മേഖലയിൽ മിനിമം കൂലി നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുക 2015-16 വർഷം ലഭിച്ചു- 400 ലക്ഷം രൂപ.

(സർക്കാർ കത്ത് നമ്പർ 23092/കെ1/15/വ്യവ. തീയതി 30-12-2015)

(ഡിലെ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 23092/കെ1/2015/വ്യവ. തീയതി 30-12-2015).

## ശിപാർശ

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 1995 മുതൽ ഈ മേഖലയിലെ വിവിധ പുനരധിവാസ പദ്ധതികൾക്കായി നൽകിയിട്ടുള്ള 20.96 കോടി രൂപ സർക്കാർ കടമായി നിലനിർത്തിയിരിക്കുകയാണ്. ബാംബൂ കോർപ്പറേഷന് നിലവിലുള്ള നെഗറ്റീവ് നെറ്റ് വർത്ത് ഒഴിവാക്കുന്നതിനായി കടമായി നിലനിർത്തിയിരിക്കുന്ന 20.96 കോടി രൂപ ഷെയറാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സ്വീകരിച്ച നടപടി

ബാംബൂ കോർപ്പറേഷന് 1995 മുതൽ 2012 വരെ ലഭിച്ചിട്ടുള്ള 1709 ലക്ഷം രൂപയും ആയതിന്റെ പലിശയും ചേർത്ത് ആകെ 2225 ലക്ഷം രൂപ ഷെയർ ആക്കി മാറ്റുന്നതിനായി നിർദ്ദേശം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 23092/കെ1/15/വ്യവ. തീയതി 30-12-15)

(ഡിലെ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 23092/കെ1/2015/വ്യവ. തീയതി 30-12-15).

## ശിപാർശ

1957-ലെ ആക്ട് IX പ്രകാരം, ഖാദി ബോർഡിന്റെ ഭരണപരമായ ചെലവുകൾ അതായത് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി മുതലായവ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ബോർഡിന്റെ ഭരണപരമായ ചെലവുകൾ

പരമാവധി കുറച്ചാലും നിലവിലെ നിരക്കിൽ പ്രതിമാസം ഏറ്റവുംകുറഞ്ഞത് 280 ലക്ഷം രൂപയെങ്കിലും ചെലവാകും. 2014-15 വർഷത്തേയ്ക്കുവേണ്ടി ഈ ഇനത്തിൽ 5096.57 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 2812.24 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക 2013-2014 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയേക്കാൾ കുറവാണെന്നുമാത്രമല്ല ഈ തുക ഏകദേശം 9 മാസത്തെ ചെലവുകൾക്ക് മാത്രമേ പര്യാപ്തമാവുകയുള്ളൂ. കൂടാതെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ജി.പി.എഫ്.-ൽ നിക്ഷേപിക്കേണ്ടതുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2014-15 വർഷത്തിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളം, പെൻഷൻ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 550 ലക്ഷം രൂപയും, മുൻവർഷത്തെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 900 ലക്ഷം രൂപയും അധികമായി വേണ്ടതായിട്ടുണ്ട്.

(ഖണ്ഡിക 10)

1990-1991 മുതൽ 2013-14 ഡിസംബർ മാസം വരെ ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കുന്നതിനായുള്ള വായ്പാ ഫണ്ടിൽ നിന്നും മറ്റു ഫണ്ടുകളിൽ നിന്നും പദ്ധതിയിതര ഭരണപരമായ ചെലവുകൾക്കുവേണ്ടി ഏകദേശം 3359.01 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി.

(ഖണ്ഡിക 11)

ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ഭരണപരമായ പദ്ധതിയിതര ചെലവുകൾക്ക് 1450 ലക്ഷം രൂപയും 1990-91 മുതൽ 2013-14 വരെ ഖാദി കമ്മീഷനിൽ നിന്നും ലഭിച്ച തുക വകമാറ്റി ചെലവഴിച്ച ഇനത്തിൽ തിരിച്ചടയ്ക്കേണ്ട 3359.01 ലക്ഷം രൂപയുടെ 25 % ആയ 839.75 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ഖാദി ബോർഡിന് 2289.75 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി (ഖണ്ഡികകൾ 10, 11, 12)</u>

2014-15 സാമ്പത്തിക വർഷത്തെ നോൺ-പ്ലാൻ ഭരണപരമായ ചെലവുകൾ എന്ന 2851-00-105-99-31 (NP) ഹെഡിൽ 1450 ലക്ഷം രൂപയും (ബഡ്ജറ്റിൽ വകയിരുത്തിയ 2812.24 ലക്ഷം രൂപയ്ക്കു പുറമേ) 1990-91 മുതൽ 2013-2014 വരെ ഖാദി കമ്മീഷനിൽ

തിരിച്ചടയ്ക്കേണ്ട വായ്പായിനത്തിൽ വകമാറ്റി ചെലവഴിച്ച 3359.01 ലക്ഷം രൂപയുടെ 25 ശതമാനം തുകയായ 839.75 ലക്ഷം രൂപയും ചേർത്ത് 2289.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തെങ്കിലും ധന ലഭ്യതക്കുറവുമൂലം കൂടുതൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015.)

ശിപാർശ

2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6 കോടി രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കി പകരം മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് നടപ്പാക്കുകയും ചെയ്തതിനാൽ ഖാദിയുടെ ചില്ലറ വില്പനയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2013-14 സാമ്പത്തിക വർഷം 26-9-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) നമ്പർ 1220/2013/ഐ.ഡി. പ്രകാരം ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിനായി സംസ്ഥാന സർക്കാർ 9 കോടി രൂപ അധികം അനുവദിച്ചിരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഖാദി ബോർഡിന്റേയും ഖാദി സ്ഥാപനങ്ങളുടേയും വിൽപന കണക്കിലെടുത്ത് റിബേറ്റ് തുക അനുവദിക്കേണ്ടതാകുന്നു.

(ഖണ്ഡിക 13)

2013-14 സാമ്പത്തിക വർഷത്തിൽ നോർമൽ റിബേറ്റിനത്തിൽ 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ 6.6 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇതിനു പുറമെ 15 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തെ ഖാദി ചില്ലറ വിൽപ്പന കണക്കാക്കുമ്പോൾ റിബേറ്റിനായി അനുവദിച്ച തുക വളരെ കുറവാണ്.

(ഖണ്ഡിക 14)

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ 2014-15 സാമ്പത്തിക വർഷവും ഉത്സവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്ന ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ നോർമൽ റിബേറ്റിനുപുറമെ 10 കോടി രൂപ കൂടി വേണ്ടതായിട്ടുണ്ട്.

(ഖണ്ഡിക 15)

ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ ഖാദി ഉല്പന്നങ്ങൾക്ക് അനുവദിക്കുന്ന നോർമൽ റിബേറ്റിന് 3.4 കോടി രൂപയും ഉത്സവകാലങ്ങളിലെ 10% അധിക റിബേറ്റിന് 10 കോടി രൂപയും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ഖാദി ബോർഡിന് 13.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി (ഖണ്ഡികകൾ 13, 14, 15, 16)</u>

2013-14 വർഷത്തിൽ ഖാദി ഉല്പന്നങ്ങൾക്ക് അനുവദിക്കുന്ന നോർമൽ റിബേറ്റിനായി 340 ലക്ഷം രൂപയും ഉത്സവകാലങ്ങളിലെ 10% അധിക റിബേറ്റിനായി 1000 ലക്ഷം രൂപയും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ 1340 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം 28-3-2015-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 287/2015/ഐ.ഡി. പ്രകാരം 500 ലക്ഷം രൂപ കൂടുതൽ ആയി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015.)

<u>ശിപാർശ</u>

പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് അനുസൃതമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രോജക്ട് ചെലവിന്റെ കുറഞ്ഞ പരിധി 50,000 രൂപയായും കൂടിയ പരിധി 10,00,000 രൂപയായും നിശ്ചയിച്ച് ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻമണിയായി നൽകുന്നതും ശേഷിക്കുന്ന 60 ശതമാനം തുക ഗുണഭോക്തൃ വിഹിതവും ബാങ്ക് വായ്പയുമായിരിക്കും. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവയ്ക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4.5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് സമാനമായി ഖാദി ബോർഡ് നടപ്പാക്കുന്ന പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി പ്രകാരം സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ 450 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ധനലഭ്യതക്കുറവുമൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015.)

<u>ശിപാർശ</u>

നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ഇൻസെന്റീവും നൽകുന്ന പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 12,500 ഓളം ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് കണക്കാക്കുന്നതാണ്. 365 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനായി സമർപ്പിച്ചിരുന്നുവെങ്കിലും 151.60 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 213.40 ലക്ഷം രൂപ കൂടി നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ ഖാദി മേഖലയിലെ നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ഇൻസെന്റീവും നൽകുന്നതിനും 365 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ 151.60 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ധനലഭ്യതക്കുറവുമൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015.)

ശിപാർശ

സർക്കാർ നിയോഗിച്ച ഖാദി മോഡേണൈസേഷൻ കമ്മിറ്റി ഖാദി മേഖലയുടെ നവീകരണത്തിനായി പുതിയ 1500 തറികൾ സ്ഥാപിക്കുന്നതിനും 2500 ചർക്കകൾ ആധുനീകവല്ക്കരിക്കുന്നതിനും പുതുതായി സ്ഥാപിക്കുന്ന തറികൾക്ക് വർക്ക്ഷെഡ് നിർമ്മിക്കുന്നതിനും ഖാദി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും റെഡിമെയ്ഡ് പാവ് നൽകുന്നതിനുമായി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതനുസരിച്ച് 2013-14, 2014-15 വർഷങ്ങളിലായി 28.50 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 2013-14 വർഷത്തിൽ ഇതിനായി 12.09 കോടി രൂപ ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഖാദി ബോർഡും മറ്റ് ഖാദി സ്ഥാപനങ്ങളും ചേർന്നാണ്. ഖാദിമേഖലയുടെ ആധുനികവൽക്കരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയായ 12.09 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തി ഈ പദ്ധതിക്കായി വിനിയോഗിക്കുന്ന 2.16 കോടി രൂപയും കഴിച്ച് ബാക്കി തുകയായ 14.25 കോടി രൂപ കൂടി ഖാദി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഖാദി മേഖലയുടെ ആധുനീകവല്ക്കരണ പദ്ധതിക്കായി 2013-14, 2014-15 വർഷങ്ങളിലായി 28.50 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 2013-14 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച 1209 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും ഇതിനായി വിനിയോഗിക്കുന്ന 216 ലക്ഷം രൂപയും കഴിച്ച് ബാക്കി തുകയായ 1425 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തെങ്കിലും ധനലഭ്യതക്കുറവുമൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 19499/കെ1/2014/വ്യവ. തീയതി 1-12-2015.)

ശിപാർശ

കരിമ്പന മേഖലയിലെ 80%ത്തിലേറെ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ അടങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് 75 ലക്ഷം രൂപയും ഉഷ്ണമേഖലാ പ്രദേശങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി കരിമ്പന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത് ശേഖരിച്ച് വിതരണം ചെയ്യുന്നതിന് 70 ലക്ഷം രൂപയും പനം പഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന നീരനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 40 ലക്ഷം രൂപയും ശീതള പാനീയം, പനയോല ഉൽപ്പന്നങ്ങൾ, ഫർണിച്ചർ, ബ്രഷ് മുതലായവയുടെ നിർമ്മാണ പരിശീലനത്തിനായി 75 ലക്ഷം രൂപയും കരിമ്പന മേഖലയിലെ തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എൻ.ബി.സി.എഫ്.ഡി.സി.യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് ചാനലയ്സിംഗ് ഏജൻസിയുടെ അംശാദായമായി 45 ലക്ഷം രൂപയും പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉത്പന്നങ്ങൾ വികസിപ്പിച്ച് നിർമ്മിക്കുന്നതിന് പുതിയ ഫാക്ടറി, യന്ത്രസാമഗ്രികൾ എന്നിവ സജ്ജീകരിക്കുന്നതിനും ലബോറട്ടറി സ്ഥാപിക്കുന്നതിനുമായി 45 ലക്ഷം രൂപയും ചേർത്ത് കെൽപാമിന് ആകെ 3.5 കോടി രൂപ വേണ്ടതായിട്ടുണ്ട്. കെൽപാമിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതികാരണം 2014-15 സാമ്പത്തിക വർഷത്തിൽ അധികതുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015).

ശിപാർശ

ബീഡി വ്യവസായം ഇപ്പോൾ പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ ദിനേശ് ബീഡി തൊഴിലാളികൾ ഒഴികെയുള്ള ബീഡി തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്നതിന് സഹായം നൽകുന്ന പദ്ധതിക്കായി ഒരു ശീർഷകം ആരംഭിച്ച് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016 ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

ശിപാർശ

കണ്ണൂരിലെ ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അടിയന്തരമായി അനുമതി നൽകണമെന്നും ഇതിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉൾപ്പെടുത്തി ഒരു കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015).

<u>ശിപാർശ</u>

ബാങ്കുകൾ പ്രവർത്തന മൂലധനമായി നൽകിയ 59 കോടി രൂപയും സർക്കാർ ദീർഘകാല വായ്പയായി നൽകാമെന്നേറ്റിട്ടുള്ള 40 കോടി രൂപയും അതിന്റെ പലിശയും ചേർത്ത് ആകെ 99 കോടി രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്നും അത് തവണകളായി അടയ്ക്കുന്നതിന് അനുവാദം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ബാങ്കുകൾക്ക് നൽകുവാനുള്ള 99 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കാം എന്ന് സർക്കാർ ബാങ്കുകളുമായി നടത്തിയ ചർച്ചയിൽ ധാരണയുണ്ടായിരുന്നുവെങ്കിലും വിഭവലഭ്യതയുടെ കുറവുമൂലം 2014-2015 സാമ്പത്തികവർഷം ഈ ഇനത്തിൽ തുക വകയിരുത്തുവാൻ സാധിച്ചില്ല. കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും വിഷയങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി 23-5-2015-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ബാങ്കുകൾക്ക് നൽകണമെന്ന് ധാരണയുണ്ടായിരുന്ന 100 കോടി രൂപ അടിയന്തരമായി നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ശിപാർശകൾ നടപ്പിലാക്കുവാൻ സാവകാശം വേണ്ടി വരുമെന്ന് തീരുമാനിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

2013 വരെ കോർപ്പറേഷനിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 36.86 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2013 വരെ കോർപ്പറേഷനിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 36.86 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ കുറവുമൂലം 2014-2015-ൽ ആയതിലേക്ക് തുക വകയിരുത്തുവാൻ സാധിച്ചിരുന്നില്ല. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലേയും കാപ്പെക്സിലേയും പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച വിദഗ്ദ്ധ സമിതി കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും നിയമ പ്രകാരം കൊടുത്തുതീർക്കേണ്ട ബാധ്യതകൾ (ഗ്രാറ്റുവിറ്റി, പി.എഫ്., ഇ.എസ്.ഐ.) കൊടുത്തു തീർക്കുന്നതിന് 65 കോടി രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തു. സർക്കാർ സമിതിയുടെ ശിപാർശകൾ അംഗീകരിക്കുകയും ആയത് നടപ്പിലാക്കുവാൻ സാവകാശം വേണമെന്ന് തീരുമാനിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

കോർപ്പറേഷൻ വാടകയ്ക്ക് നടത്തി വരുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത 20 ഫാക്ടറികൾ വാങ്ങുന്നതിനായി 25 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>ശിപാർശ</u>

കോർപ്പറേഷനെ സ്വയം പര്യാപ്തമാക്കുന്നതിന് 100 കോടി രൂപ പ്രവർത്തന മൂലധനസഹായം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി (ഖണ്ഡികകൾ 29, 30)</u>

കോർപ്പറേഷൻ വാടകയ്ക്ക് നടത്തുന്ന ഫാക്ടറികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഫാക്ടറികൾ സ്ഥിതി ചെയ്യുന്ന ജില്ലകളിലെ ജില്ലാ കളക്ടർമാരെ ഫാക്ടറികളുടെ വാല്യുവേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷൻ നടപടികൾ പുരോഗമിച്ച് വരുന്നു. കോർപ്പറേഷനെ സ്വയം പര്യാപ്തമാക്കുന്നതിന് 100 കോടി രൂപ പ്രവർത്തന മൂലധന സഹായം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വിഭവലഭ്യതയുടെ കുറവുമൂലം ഈ ഇനത്തിൽ 2014-15 സാമ്പത്തിക വർഷം തുക വകയിരുത്താൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 231.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന ശിപാർശ സർക്കാർ പരിഗണിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

ഗ്യാരണ്ടി കമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും കോർപ്പറേഷന് ഒഴിവാക്കികൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കാത്തത് സംബന്ധിച്ച് വ്യവസായവകുപ്പ് കടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ യോഗം 2012-ൽ വിളിക്കുകയും ഗ്യാരണ്ടി കമ്മീഷൻ സ്റ്റാറ്റ്യൂട്ടറി ആയതിനാൽ ആയത് ഒഴിവാക്കുവാൻ കഴിയില്ല എന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഗ്യാരണ്ടി കമ്മീഷൻ ഒഴിവാക്കണമെന്ന സമിതി ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് നിയമാനുസൃത ബാധ്യതകൾ തുടങ്ങിയവയുടെ ഒറ്റത്തവണ തീർപ്പാക്കലിനുവേണ്ടി 2 കോടി രൂപയും ഗ്രാറ്റുവിറ്റി ബാധ്യതകൾ തീർക്കുന്നതിനായി 3 കോടി രൂപയും വിൽപന നികുതിയുടെ ആംനെസ്റ്റി സ്കീം പൂർണ്ണമായും അടച്ചുതീർക്കുന്നതിലേക്കായി 11 കോടി രൂപയും ചേർത്ത് 16 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ കാപ്പെക്സിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

കാപ്പെക്സ് S.B.T.-ക്ക് നൽകുവാനുള്ള 6.49 കോടി രൂപയിൽ ബാങ്കുമായി നടത്തിയ ചർച്ചയെത്തുടർന്ന് 2 വാർഷിക തവണകളായി തുക കൊടുത്തു തീർക്കുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിൽ ആദ്യഗഡുവായി 3.5 കോടി രൂപ G.O. (Rt.) No.301/15/ID dated 30-3-15 പ്രകാരം S.B.T. ക്ക് നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള തുക ഈ സാമ്പത്തികവർഷം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കാപെക്സിന്റെ ഗ്രാറ്റുവിറ്റി കടിശ്ശിക കൊടുത്തുതീർക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ളതും വിദഗ്ധ സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുവാൻ സാവകാശം വേണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആംനെസ്റ്റി സ്കീം പ്രകാരമുള്ള കടിശ്ശിക തുക കാപ്പെക്സ് ഗഡുക്കളായി അടച്ചുവരുന്നതായി വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 10353/കെ2/2015/വ്യവ.തീയതി 21-10-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10353/കെ2/2015/വ്യവ. തീയതി 21-10-2015).

<u>ശിപാർശ</u>

പിന്നാക്ക വിഭാഗങ്ങളിലോ ന്യൂനപക്ഷ വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും എന്നാൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവയുടെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തവണ വായ്പ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കാഡ്കോ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, കെൽപാം, കെ-ബിപ് എന്നീ സ്ഥാപനങ്ങളിലൂടെ 80 കരകൗശല വിദഗ്ദ്ധർക്ക് സ്വയം തൊഴിൽ സാധ്യതകൾ ഒരുക്കുന്ന പദ്ധതിയിൽ കാഡ്കോയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആയതിനാൽ ഏകദേശം 80 ആർട്ടിസാൻമാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് വായ്പ നൽകുന്നതിലേക്കായി കാഡ്കോയ്ക്ക് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35,36)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015).

<u>ശിപാർശ</u>

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് കാഡ്കോയ്ക്ക് ലഭിച്ച വിഹിതം 50 ലക്ഷം രൂപയാണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് വനിതകൾക്കായി എല്ലാ ജില്ലകളിലും തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആർട്ടിസാൻസ് ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിന്റെ ഭാഗമായി കേരളത്തിനകത്തും ഇന്ത്യയിലെ മറ്റു പ്രധാന നഗരങ്ങളിലും സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും ബയർ-സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുന്നതിനും കാഡ്കോ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ 1 കോടി രൂപ കൂടി കാഡ്കോയ്ക്ക് ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലും മറ്റ് ശീർഷകങ്ങളിലുമുള്ള ബഡ്ജറ്റിൽ വിഹിതത്തിനുപുറമേ ഡെക്കറേറ്റീവ് അപ്പാരൽ ഹബ് എന്ന പരിശീലന പദ്ധതിക്കായി കപാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന സ്കീമിൽ 2851-00-001-93 എന്ന ശീർഷകത്തിൽ നിന്നും 55 ലക്ഷം രൂപ അധിക തുക കാഡ്കോയ്ക്ക് അനുവദിച്ചിരുന്നു. വിഭവലഭ്യതയുടെ പരിമിതി കാരണം 2014-15 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ അധികതുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-2-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 10351/കെ3/2015/വ്യവ. തീയതി 29-12-2015).

ശിപാർശ

അണക്കെട്ടിൽ നിന്ന് ചെളിയും മണലും നീക്കുന്നതിനുള്ള "ഡീ സിൽറ്റിംഗ്" പദ്ധതി പ്രകാരം മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വേർതിരിച്ചെടുക്കുന്ന മണൽ, സംസ്ഥാനത്തെ മണൽക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമാകും. കൂടാതെ മണൽ വേർതിരിച്ചുകിട്ടുന്ന ചെളി. ഇഷ്ടിക, ഓട് എന്നിവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ആ മേഖലയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഒരു വർഷം ഏകദേശം 5.74 ലക്ഷം ടൺ മണലും 1.53 ലക്ഷം ടൺ ചെളിയും ഉൽപ്പാദിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് ജലവിഭവവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ഏകദേശം 17.31 കോടി രൂപ മൂലധന ചെലവും 21.56 കോടി രൂപ വരവും പ്രതീക്ഷിക്കുന്നു. 16.12 കോടി രൂപ റവന്യൂ ചെലവ് കഴിച്ച് പദ്ധതിയിൽ നിന്ന് 5.44 കോടി രൂപ മിച്ചം പ്രതീക്ഷിക്കുന്നുണ്ട്.

ആയതിനാൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രസ്തുത പദ്ധതിക്ക് 17.31 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡികകൾ 38, 39)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

ശിപാർശ

കെ. എം. എം. എൽ., ഐ. ആർ. ഇ. തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഇപ്പോൾത്തന്നെ അസംസ്കൃത മണലിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കെ. എം. എം. എൽ. ടൈറ്റാനിയം, സ്പോഞ്ച് മുതലായ മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്നുണ്ട്. കെംഡൽ ഉത്പാദിപ്പിക്കുന്ന അസംസ്കൃത മണൽ, കെ. എം. എം. എൽ., ഐ. ആർ. ഇ. തുടങ്ങിയ സ്ഥാപനങ്ങൾക്ക് വിൽക്കാവുന്നതാണ്. ഏകദേശം 2,000 രൂപ ഒരു ടണ്ണിന് എന്ന കണക്കിനാണ് കെ. എം. എം. എൽ. ഇപ്പോൾ അസംസ്കൃത മണൽ എടുക്കുന്നത്. 300 ലക്ഷം രൂപ മൂലധനചെലവും 1080 ലക്ഷം രൂപ വരവും 815 ലക്ഷം രൂപ റവന്യൂ ചെലവും 265 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന പദ്ധതിയാണ്. ആയതിനാൽ ധാതുമണൽ ഖനനത്തിനുള്ള പ്രസ്തുത പദ്ധതിക്കാവശ്യമായ 3 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

ശിപാർശ

കെട്ടിട നിർമ്മാണ വ്യവസായത്തിലേക്ക് ആവശ്യമായ മണൽ കടലിൽനിന്നും ഖനനം ചെയ്യാവുന്നതാണ്. ഇതിൽ നിന്നും കളിമണ്ണും, കക്കത്തോടും മറ്റും മാറ്റി കഴുകി വൃത്തിയാക്കി, ലവണാംശം മാറ്റി വൃത്തിയാക്കിയ മണൽ എല്ലാത്തരം ഉപയോഗങ്ങൾക്കും ഇന്ത്യൻ ഗുണനിലവാര സ്റ്റാന്റേർഡ് പ്രകാരം ഉചിതമാണ്. കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ എന്ന സ്ഥാപനം ഇതിലേക്ക് ആവശ്യമായ പഠനങ്ങൾ കൊല്ലം, പൊന്നാനി സമുദ്രതീരങ്ങളിൽ നടത്തിയിട്ടുള്ളതാണ്. പാലിയൊ ബീച്ചിൽ നിന്നും മണൽ ഖനനം ചെയ്യുന്ന ഈ പദ്ധതിയുടെ പ്രാരംഭ ചെലവിനായി 3 കോടി രൂപ ഗ്രാന്റായി മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

<u>ശിപാർശ</u>

പുതിയ ഹാമ്മറിന്റെ അനുബന്ധ ബാലൻസിംഗ് ഉപകരണങ്ങൾക്കായി 10.85 കോടി രൂപയും കാലഹരണപ്പെട്ട 10 ടൺ ഹാമ്മർ മാറ്റി സ്ഥാപിക്കുന്നതിന് 12 കോടി രൂപയും, ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 6.6 കോടി രൂപയും ചേർത്ത് ആകെ 29.45 കോടി രൂപ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ മൊബൈൽ ഫോർജിംഗ്സ് മാനിപ്പുലേറ്റർ സ്ഥാപിക്കുന്നതിലേക്കായി 30-10-2014 ലെ സ.ഉ. (സാധാ.) നമ്പർ 1219/14/ID ഉത്തരവ് പ്രകാരം 214 ലക്ഷം രൂപക്ക് ഭരണാനുമതി നൽകുകയും 25-9-2015 ലെ സ.ഉ.(സാധാ.) നമ്പർ 1008/15/ID ഉത്തരവ് പ്രകാരം തുക വിതരണം ചെയ്യുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016).

<u>ശിപാർശ</u>

കോഴിക്കോട് ബേപ്പൂരിലുള്ള സിൽക്കിന്റെ യൂണിറ്റിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 'PET' ബോട്ടിൽ നിർമ്മാണത്തിനാവശ്യമായ പ്രീ-ഫോം നിർമ്മാണ യൂണിറ്റിനായി 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

2014-2015 സാമ്പത്തികവർഷം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്, 4885-60-800-96 (P) എന്ന ഹെഡ്ഡിൽ പ്രത്യേകം അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ 300 ലക്ഷം രൂപയുടെ പ്രവർത്തന മൂലധനം ലഭിക്കുന്നതിനുള്ള കൃത്യമായ പ്രൊപ്പോസൽ ലഭിച്ചപ്പോഴേക്കും 2014-15-ൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി അനുവദിച്ചിരുന്ന തുക മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ഈ പ്രൊപ്പോസലിന് 2015-16 സാമ്പത്തിക വർഷം അംഗീകാരം നൽകുകയും 1-8-2015-ലെ സ.ഉ. (സാധാ.)737/15/ID നമ്പർ പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016).

<u>ശിപാർശ</u>

ആട്ടോകാസ്റ്റിന്റെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി 6.28 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ആട്ടോകാസ്റ്റ് ലിമിറ്റഡിന് അറ്റകുറ്റപ്പണികൾക്കും പ്രവർത്തന മൂലധനത്തിനുമായി, 19-7-2014 ലെ സ.ഉ. (സാധാ.) നമ്പർ 801/14/ID ഉത്തരവ് പ്രകാരം 4 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും 11-11-2014-ലെ സ.ഉ. (സാധാ.) നമ്പർ 1248/14/ID. 13-3-2015-ലെ സ.ഉ. (സാധാ.) നമ്പർ 230/15/ID എന്നീ ഉത്തരവുകൾ പ്രകാരം തുക വിതരണം ചെയ്യുകയുമുണ്ടായി.

(സർക്കാർ കത്ത് നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016).

<u>ശിപാർശ</u>

നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ജീവനക്കാരുടെ നിയമപ്രകാരമുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾക്കുള്ള തുകയുടെ സ്രോതസ്സ് കണ്ടെത്താൻ നിർവ്വാഹമില്ലാത്തതിനാൽ കമ്പനിക്ക് ഈ ഇനത്തിൽ 36,14,586 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് സർക്കാർ മുൻപ് നൽകിയ ധനസഹായമനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനുശേഷം തുക കൈവശമുള്ളതിനാലും 2014-15 സാമ്പത്തികവർഷം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് സാമ്പത്തിക സഹായത്തിനായി പുനരുദ്ധാരണ പദ്ധതികൾ സമർപ്പിക്കാതിരുന്നതിനാലും, ധനസഹായം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 20148/ഡി2/14/വ്യവ.തീയതി 14-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 17-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 20148/ഡി2/14/വ്യവ. തീയതി 14-1-2016).

<u>ശിപാർശ</u>

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് താഴെ ചേർത്തിരിക്കുന്ന പ്രകാരം വൈവിദ്ധ്യവൽക്കരണ വികസന പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു:

| | പദ്ധതികൾ | | പ്രതീക്ഷിക്കുന്ന ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|
| (എ) | കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം | - | 15 |
| (ബി) | ജിപ്സം അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും | - | 5 |
| (സി) | ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉത്പാദനം | - | 5 |
| (ഡി) | കാലപ്പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മാറ്റിപുതിയ ഊർജ്ജക്ഷമതയുള്ളവ സ്ഥാപിച്ച് വിപുലീകരിക്കുന്നത് | - | 20 |
| | ആകെ | | 45 |

(ഖണ്ഡിക 54)

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രസ്തുത വൈവിദ്ധ്യവൽക്കരണ പദ്ധതിക്കായി 45 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

(സർക്കാർ കത്ത് 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 7-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

<u>സ്വീകരിച്ച നടപടി (ഖണ്ഡികകൾ 54, 55)</u>

കാലപ്പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മാറ്റുന്നതിന് കമ്പനി ആവശ്യപ്പെട്ട 8.97 കോടി രൂപയിൽ 14-11-2014 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 1266/2014/വ്യവ. പ്രകാരം 7.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ നിന്നും 3 കോടി രൂപ കമ്പനിക്ക് നൽകി. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് കമ്പനിയുടെ ആവശ്യപ്രകാരം 25-9-2015 തീയതിയിലെ ജി. ഒ. (ആർടി.) നമ്പർ 1009/2015/വ്യവ. പ്രകാരം ഇത് പ്രവർത്തനമൂലധനമായി പരിവർത്തനം ചെയ്യുകയും 2015-16-ൽ തുക പൂർണ്ണമായും കമ്പനി ഉൽപ്പാദനത്തിനുവേണ്ട അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങുന്നതിലേക്കായി ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 7-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

<u>ശിപാർശ</u>

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം ഉപേക്ഷിച്ച സാഹചര്യത്തിൽ ഇവയ്ക്കുവേണ്ടി ഇറക്കുമതി ചെയ്ത യന്ത്രോപകരണങ്ങൾ ആവശ്യമില്ലാതെ വരികയുണ്ടായി. എന്നാൽ നികുതി ഇനത്തിൽ 14.63 കോടി രൂപയും അതിന്റെ 15% പലിശയും പിഴപ്പലിശയും 2007 മുതൽ കസ്റ്റംസിന് നൽകേണ്ടതുണ്ട്. ഈ സാമ്പത്തിക ബാധ്യത തീർക്കാൻ കമ്പനിക്ക് സർക്കാർ

ധനസഹായം അനുവദിക്കണമെന്ന് 2011-12-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ റിപ്പോർട്ടിലെ ഖണ്ഡിക 58 മുഖേന ശിപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ കസ്റ്റംസിനുള്ള സാമ്പത്തിക ബാധ്യത തീർക്കാൻ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് 14.63 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 7-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

<u>ശിപാർശ</u>

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവത്ക്കരണത്തിനു വേണ്ടി 10 കോടി രൂപ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തികവർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015)

(ഡിലേ സ്റ്റേറ്റ്മെന്റ് 7-10-2016-ന് സഭയിൽ സമർപ്പിച്ചു)

(റഫ്. നമ്പർ 26618/എച്ച്3/15/വ്യവ. തീയതി 30-12-2015).

## 4. 12-11-2014-ലെ യോഗത്തിൽ സമിതി അഭിപ്രായപ്പെട്ട വിഷയത്തിന്മേൽ വ്യവസായ വകുപ്പിന്റെ മറുപടി

(ഫയൽ നമ്പർ 2798/സബ്സി ബി2/2013/നി.സെ.)

**സമിതിയുടെ നിർദ്ദേശം**

45-55 വയസ്സിനിടയിൽ പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള തുക അനുവദിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>സ്വീകരിച്ച നടപടി</u>

കേരള ദിനേശ് ബീഡി തൊഴിലാളികൾക്ക് ആശ്വാസപെൻഷൻ അനുവദിക്കുന്നതിനായി രണ്ട് ഘട്ടമായി 7 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ആയത് വിനിയോഗിച്ച് 2013 ഫെബ്രുവരി മാസംവരെയുള്ള പെൻഷൻകുടിശ്ശിക തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരള ദിനേശ് ബീഡി സഹകരണ സംഘത്തിലെ 45-55 വയസ്സിനിടെയുള്ള പെൻഷൻകാർക്ക് ആശ്വാസ പെൻഷൻ തുടർന്ന് നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു സ്കീം തയ്യാറാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനായി തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയെ മന്ത്രിസഭായോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ തൊഴിലും പുനരധിവാസവും വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 20991/കെ1/2015/വ്യവ. തീയതി 28-10-2015)

## 5. പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്- അനന്തരനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 3629/സബ്സി ബി2/2016/നി.സെ.)

<u>ശിപാർശ</u>

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പുതിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കാൻ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>നടപടി റിപ്പോർട്ട്</u>

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക

സഹായം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദ വിവരം സ്ഥാപനാടിസ്ഥാനത്തിൽ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 150 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 23025/എച്ച്1/14/വ്യവ. തീയതി 18-12-2015).

ശിപാർശ

പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദരുടെ അഭാവം പൊതുമേഖലാ കമ്പനികളുടെ (പ്രത്യേകിച്ചും മലബാർ സിമന്റ്സ്, കെ.എം.എം.എൽ. തുടങ്ങിയവ) പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വിരമിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്ക് പകരമായി എക്സിക്യൂട്ടീവ് ട്രെയിനികളെ കാലേക്കൂട്ടി കണ്ടെത്തി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

മലബാർ സിമെന്റ്സിൽ പരിചയസമ്പന്നരായ സീനിയർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ വിരമിക്കുമ്പോൾ പ്രസ്തുത തസ്തികയിലേക്ക് കമ്പനിയിൽ തന്നെ വർഷങ്ങളുടെ പരിചയസമ്പന്നരായ തൊട്ടുതാഴെ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുകയും അല്ലെങ്കിൽ 10 മുതൽ 15 വർഷത്തെ പ്രവർത്തിപരിചയമുള്ളവരെ നേരിട്ട് നിയമിക്കുകയുമാണ് പതിവ്. എന്നാൽ പ്രവർത്തിപരിചയം കുറവുള്ള ജൂനിയർ തസ്തികയിലെ ഒഴിവുകൾക്ക് കമ്പനി ട്രെയിനികളെ നിയമിക്കാറുണ്ട്.

വർഷങ്ങളുടെ പ്രവർത്തിപരിചയം ആവശ്യമുള്ള തസ്തികയിലേക്ക് പകരക്കാരായി എക്സിക്യൂട്ടീവ് ട്രെയിനികളെ നിയമിക്കുന്നത് ഉചിതമല്ല.

കെ.എം.എം.എൽ.-ൽ 2010-ൽ വിരമിക്കുന്ന ആൾക്കാരുടെ എണ്ണം കൂടുതൽ ആയതിനാൽ 197-ാം മത് ഡയറക്ടർ ബോർഡ് യോഗത്തിൽ 15 ശതമാനം ആളുകളെ പുതിയതായി നിയമിക്കാൻ 2010-ൽ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 22 എക്സിക്യൂട്ടീവ് ട്രെയിനികളെ നിയമിക്കാനുള്ള നടപടികൾ 2010-ൽ ആരംഭിക്കുകയും അത് 2011-ൽ പൂർത്തിയാക്കുകയും ചെയ്തു. 2012-ൽ വീണ്ടും

28 എക്സിക്യൂട്ടീവ് ട്രെയിനീസിനെ നിയമിക്കാനുള്ള നടപടികൾ ആരംഭിക്കുകയും 27 ആളുകളെ 2014 നവംബർ മാസത്തിൽ നിയമിക്കുകയും ചെയ്തു. ഇതിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ യോഗ്യതയുള്ള വ്യക്തിയെ ലഭിക്കാത്തതിനാൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 23025/എച്ച്1/14/വ്യവ. തീയതി 18-12-2015).

എ. സി. മൊയ്തീൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 ജൂലൈ, 26.

## APPENDIX

## DETAILS OF FINANCIAL SUPPORT TO PSUs UNDER INDUSTRIES DEPARTMENT DURING THE LAST FOUR YEARS (2011-2012 TO 2014-2015)

(Both Lumpsum provision and other budgetary allocations)

Rs. in lakhs

| Sl. No. | Name of the Company | Financial Support | | | | Total |
|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15* | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Travancore Titanium Products Ltd. | | | 500.00 | 0.00 | 500.00 |
| 2 | The Travancore Cements Ltd. | 300.00 | 300.00 | 443.00 | 400.00 | 1443.00 |
| 3 | Travancore Cochin Chemicals Ltd. | | | | 1000.00 | 1000.00 |
| 4 | Kerala State Drugs and Pharmaceutical Ltd. | 426.21 | 250.00 | 0.00 | 500.00 | 1176.21 |
| 5 | Kerala State Textile Corporation Ltd. | 827.34 | 1255.50 | 1933.22 | 500.00 | 4516.06 |
| 6 | The Malappuram Co-operative Spinning Mills Ltd. | 663.00 | 465.00 | 841.00 | 360.50 | 2329.50 |
| 7 | The Kannannore Co-operative Spinning Mills Ltd. | 579.50 | 297.47 | 644.88 | 175.10 | 1696.95 |
| 8 | Sitaram Textiles Ltd. | 675.00 | 140.50 | 515.50 | 200.00 | 1531.00 |
| 9 | The Quilon Co-operative Spinning Mills Ltd. | 127.00 | 214.00 | 436.00 | 211.15 | 988.15 |
| 10 | The Trichure Co-operative Spinning Mills Ltd. | 274.00 | 248.98 | 320.00 | 256.17 | 1099.15 |
| 11 | Alleppey Co-operative Spinning Mills Ltd. | 136.45 | 150.00 | 193.50 | 180.25 | 660.20 |
| 12 | Trivandrum Spinning Mills Ltd. | | | 100.00 | 150.00 | 250.00 |
| 13 | The Kerala Ceramics Ltd. | | 150.00 | 689.01 | 200.00 | 1039.01 |
| 14 | Kerala Clays and Ceramic Products Ltd. | | 450.00 | | | 450.00 |

* Including the amount credited in e-LAMS.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 15 | HANVEEV | 826.58 | 1055.45 | 834.55 | 632 | 3348.58 |
| 16 | HANTEX | 770.00 | 1050.00 | 830.00 | 1667.00 | 4317.00 |
| 17 | Kerala State Bamboo Corporation Ltd. | | 382.40 | 651.00 | 800.00 | 1833.40 |
| 18 | Kerala State Cashew Development Corporation Ltd. | 2875.00 | 3790.00 | 6170.00 | 2800.00 | 15635.00 |
| 19 | CAPEX | 1875.00 | 2300.00 | 2530.00 | 2000.00 | 8705.00 |
| 20 | Kerala Artisans Development Corporation Ltd. | 40.00 | 80.00 | 165.00 | 70.00 | 355.00 |
| 21 | Handicrafts Development Corporation (Kerala) Ltd. | 75.00 | 560.00 | 96.00 | 85.00 | 816.00 |
| 22 | KELPALM | 40.00 | 60.00 | 00.00 | | 100.00 |
| 23 | Forest Industries (Travancore Ltd.) | 200.00 | 300.00 | 00.00 | 000.00 | 500.00 |
| 24 | Traco Cable Company Ltd. | | 760.00 | 827.00 | 300.00 | 1887.00 |
| 25 | Kerala Electrical and Allied Engineering Company Ltd. | 300.00 | 1346.60 | 750.00 | 600.00 | 2996.00 |
| 26 | United Electrical Industiries Ltd. | 285.00 | 200.00 | 304.18 | 300.00 | 1089.18 |
| 27 | Autokast Ltd. | 155.00 | 281.00 | 689.00 | 400.00 | 1525.00 |
| 28 | Kerala Automobiles Ltd. | 287.93 | 477.65 | 628.33 | 400.00 | 1793.91 |
| 29 | Steel and Industrial Forgings Ltd. | | 800.00 | 400.00 | 214.00 | 1414.00 |
| 30 | The Metal Industiries Ltd. | 2.28 | 0.00 | 278.47 | | 280.75 |
| 31 | Steel Industrials Kerala Ltd. | 247.87 | 576.00 | 50.00 | | 873.87 |
| 32 | Steel Complex Ltd. | 300.00 | 1379.70 | 0.00 | 351.75 | 2031.45 |
| 33 | Kerala State Electronics Deveopment Corporation Ltd. | 1000.00 | | 600.00 | | 1600.00 |
| 34 | Keltron Component Complex Ltd. | | 570.00 | 530.00 | 700 | 1800.00 |
| 35 | Kerala Small Inudustries Ltd. | 220.00 | 20.00 | 0.00 | | 240.00 |
| | Grand Total | 13508.16 | 19910.25 | 22949.64 | 15452.92 | 71820.97 |

## 2016 ജൂലൈ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പ്രഥമയോഗം 2016 ജൂലൈ 26-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.
2. പ്രൊഫ. കെ. യു. അരുണൻ, ”
3. ശ്രീ. സി. ദിവാകരൻ, ”
4. ശ്രീ. വി. കെ. ഇബ്രാഹിം. കുഞ്ഞ്, ”
5. ശ്രീ. കെ. ബി. ഗണേഷ് കുമാർ, ”
6. ശ്രീ. സി. കൃഷ്ണൻ, ”
7. ശ്രീ. എൻ. വിജയൻ പിള്ള, ”

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ, വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, കയർ, ഫിഷറീസ് ആന്റ് പോർട്സ് വകുപ്പ്.
3. ശ്രീ. എ. ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
4. ശ്രീ. ജെ. വിജയമോഹനൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. പി. എം. ഫ്രാൻസിസ്, ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.
6. ശ്രീ. കെ. സുധീർ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ്.

7. ശ്രീ. എസ്. സുരേഷ്., അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

8. ശ്രീ. രമേഷ്. ബി., അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

9. ശ്രീമതി കെ. എസ്. അനിത, അഡീഷണൽ ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്.

10. ശ്രീ. സുരേഷ് കുമാർ. എസ്., ജോയിന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

11. ശ്രീ. കെ. ബി. അനിൽകുമാർ, ജോയിന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്.

12. ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.എം.എം.സി. ലിമിറ്റഡ്.

13. ശ്രീ. ജി. എൻ. നായർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്.

14. ശ്രീ. കെ. രാമചന്ദ്രൻ, സെക്രട്ടറി, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്.

15. ശ്രീ. സുകുമാരൻ നായർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി.

16. ശ്രീ. എം. മുഹമ്മദ്, FA & CAO, ഖാദി ബോർഡ്.

17. ശ്രീ. കെ. അഭിഷേക്, എം.ഡി, KADCO.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ കീഴിൽ 2851-ഗ്രാമ ചെറുകിട വ്യവസായങ്ങൾ, 2851-00-105-ഖാദി ഗ്രാമ വ്യവസായങ്ങൾ, 2851-00-106-കയർ വ്യവസായങ്ങൾ, 4851-ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള മൂലധന ചെലവ്, 6851-ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ബഹുനില വ്യവസായ എസ്റ്റേറ്റ് എന്ന ആശയം രൂപപ്പെട്ടത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഭൂമിയുടെ ദൗർലഭ്യം വന്നപ്പോഴാണ് ചെറുകിട വ്യവസായങ്ങൾക്കായി 'മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രീസ്' എന്ന ആശയം ഉടലെടുക്കുകയും ആ രീതിയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കേരളത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിച്ച കാലം മുതൽ ഇന്നുവരെ അനുവദിച്ച സ്ഥലങ്ങൾപോലും ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ ബഹുനില വ്യവസായ സംരംഭം ആരംഭിച്ചതിന്റെ കാരണം സമിതി ആരാഞ്ഞു. അനുവദിച്ച സ്ഥലങ്ങളിൽ ഒരു വ്യവസായവും ആരംഭിക്കാത്തതായി വളരെ കുറച്ച് ഭൂമി മാത്രമെയുള്ളുവെന്നും ഭൂമി നൽകിയിട്ടും ഒരു വ്യവസായവും ആരംഭിക്കാത്തവ, ലഭിച്ച ഭൂമി പണയപ്പെടുത്തി ബാങ്കിൽനിന്നും വായ്പ എടുത്ത് കേസ്സുകളിൽപെട്ട് കിടക്കുന്നവ തുടങ്ങിയവ പട്ടിക തിരിച്ച് മുഴുവൻ വിവരങ്ങളും ഇപ്പോൾ ഡി.ഐ.സി.യുടെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ടെന്നും കേസ്സിൽപ്പെട്ടുകിടക്കുന്ന ഭൂമികളിൽ അദാലത്ത് നടത്താനും അവ ഏറ്റെടുക്കാൻ വരുന്ന സംരംഭകർക്ക് അവിടെ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ചും ആലോചിക്കുകയാണെന്നും സിഡ്കോയുടെ എസ്റ്റേറ്റുകളിൽ ചിലത് അങ്ങനെ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്മെന്റ് ഏരിയയിലും പ്ലോട്ടിലും കഴിഞ്ഞ കുറെ വർഷങ്ങളായി പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും 1991-ലെ ഉദാരവൽക്കരണത്തെതുടർന്ന് ധാരാളം ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ കമ്പോളത്തിൽനിന്നും പുറത്തായതിന്റെ ഫലമായി നിലനിൽക്കാനാകാതെ പൂട്ടിപ്പോയതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഇപ്പോൾ വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല കമ്പനികളും ആവശ്യപ്പെടുന്നത് കൂടികിടപ്പവകാശം കിട്ടണമെന്നും ആധുനികവൽക്കരണത്തിനായി നിയമ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്നുമാണെന്നും ഇനിയുള്ളകാലം ഭൂമി ലഭ്യമാകാത്തതിനാൽ ബഹുനില കെട്ടിടങ്ങളിൽ വ്യത്യസ്തമായിട്ടുള്ള വ്യവസായ സംരംഭങ്ങൾ തുടങ്ങേണ്ടതായി വരുമെന്നും അതിന്റെ അടിസ്ഥാനത്തിലാണ് തൃശ്ശൂരിൽ വ്യവസായ വകുപ്പ് ഇത്തരം ഒരു സംരംഭം ആരംഭിച്ചതെന്നും ചെയർമാൻ വ്യക്തമാക്കി.

തൃശ്ശൂരിലും ഇടയാർ എസ്റ്റേറ്റിലും ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളിയിൽ ഇത്തരം വ്യവസായ സംരംഭത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതായും 20 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രഗവൺമെന്റ് സ്കീമിലേക്ക് എട്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും കോട്ടയം ജില്ലയിലെ പൂവൻതുരുത്തിലും ഇടയാറിലും പദ്ധതി തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ബഹുനില കെട്ടിട സംരംഭങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കാറില്ലെന്നും എസ്റ്റേറ്റ് നവീകരണത്തിനാണ് കേന്ദ്ര സർക്കാർ വിഹിതം അനുവദിക്കുന്നതെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

ഭൂമിയുടെ ദൗർലഭ്യം ഉണ്ടെന്നുള്ളത് സത്യമാണെന്നും വ്യവസായത്തിനുവേണ്ടി ഭൂമി കയ്യടക്കിയതിനുശേഷം അവിടെ വ്യവസായേതര വ്യവസായം നടത്തുകയാണ് ചെയ്യുന്നതെന്നും റവന്യൂ വകുപ്പ് വ്യാവസായിക ആവശ്യങ്ങൾക്ക് തരംതിരിച്ച ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാത്തപക്ഷം ആ ഭൂമി തിരിച്ചെടുക്കാൻ പര്യാപ്തമായ വ്യവസ്ഥ നിയമത്തിലില്ലെന്നും സമിതി വിലയിരുത്തി. റോഡ്, വെള്ളം, വൈദ്യുതി എന്നിവ കിട്ടാത്തതുകൊണ്ടാണ് പല ആളുകളും വ്യവസായം ആരംഭിച്ചിട്ട് നിർത്തിപ്പോകുന്നതെന്നും ആ സ്ഥാനത്ത് ബഹുനിലകെട്ടിട സംരംഭം വന്നാൽ എന്ത് ഗ്യാരന്റിയാണുള്ളതെന്നും സമിതി ആരാഞ്ഞപ്പോൾ ബഹുനിലകെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പത്തനാപുരത്ത് കിൻഫ്രാ പാർക്ക് ആരംഭിച്ചെങ്കിലും വളരെ ഉയർന്ന വാടക നിശ്ചയിച്ചിരിക്കുന്നതുമൂലം വ്യവസായങ്ങളൊന്നും ആരംഭിച്ചതായി കാണുന്നില്ലെന്നും ഉയർന്ന തുക വാടക നൽകി വ്യവസായം നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ലെന്നും ഗ്രാമപ്രദേശങ്ങളിൽ കിൻഫ്രാ പാർക്കുകൾ ആരംഭിച്ചെങ്കിലും അതിന്റെ ഗുണം സംരംഭകർക്ക് ലഭിക്കുന്നില്ലെന്നും ആയതിനാൽ കിൻഫ്രാ പാർക്കുകൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകണമെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. കിൻഫ്രാ പാർക്കുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക തിരികെ ഈടാക്കുകയെന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഒന്നും ഒന്നരയും ഏക്കർ വിസ്തൃതിയിൽ ചെറിയ സ്ഥലങ്ങൾ ഉൾപ്പെട്ട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സമിതികളുടെ നിയന്ത്രണത്തിലായിരിക്കും വരുന്നത് എന്നും ഭരണം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സമിതിയില്ലാത്ത സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടറായി വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് അദ്ദേഹം മറുപടി നൽകി.

എന്തുതരം വ്യവസായം തുടങ്ങണമെന്നതു സംബന്ധിച്ച് ഒരു അവബോധം ജനങ്ങളിലുണ്ടാകുന്നതിനായി സാധാരണക്കാർക്ക് തുടങ്ങാൻ പറ്റുന്ന ചെറുകിട വ്യവസായങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ വ്യവസായവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിശ്ചിത തുക ചെലവഴിച്ചാൽ എന്തൊക്കെ വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുമെന്നും അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എവിടെ നിന്നും ലഭിക്കുമെന്നും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ എവിടെ വിറ്റഴിക്കാൻ സാധിക്കുമെന്നും മറ്റുമുള്ള വിവരങ്ങൾകൂടി അതോടൊപ്പം വെബ്സൈറ്റിൽ നൽകണമെന്നും വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിക്കുന്ന ആർക്കും ഇത്തരത്തിലുള്ള സംവിധാനങ്ങൾ എളുപ്പത്തിൽ കണ്ടെത്താൻ സാധിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആയതിനാൽ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഇംഗ്ലീഷിലും മലയാളത്തിലും ഉൾപ്പെടുത്തി വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ വിപുലീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രസ്തുത ആശയം പ്രാവർത്തികമാക്കുന്നതിനായി എല്ലാ ജില്ലകളിലെയും ജി.എം. ഓഫീസുകളിൽ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നുണ്ടെന്ന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രോജക്ട് പ്രൊഫൈലുകൾ വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും അവ വെബ്സൈറ്റിൽ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു.

മന്ത്രിതലത്തിൽ ചെറുകിട ഇടത്തരം വ്യവസായികളുടെ യോഗം വിളിച്ചുകൂട്ടി ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്നും അതു സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ചെറുകിട വ്യവസായികൾ, ചേമ്പർ ഓഫ് കോമേഴ്സ് എന്നിവരെ പ്രത്യേകമായി വിളിച്ച് മീറ്റിംഗ് നടത്തി സംരംഭകരെ കണ്ടെത്താനുള്ള ശ്രമം വകുപ്പ് നടത്തുന്നുണ്ടെന്നും കെ.എസ്.ഐ.ഡി.സി. എറണാകുളം രാജഗിരി കോളേജിൽ പുതിയ തലമുറയെ കൂടി ഉൾപ്പെടുത്താൻ കഴിയത്തക്കവിധം ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇത്തരം സംരംഭങ്ങൾ എല്ലാ സർവ്വകലാശാലകളിലും പ്രധാന കോളേജുകളിലും വളർത്തിയെടുക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി.

ചെറുപ്പക്കാർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് വായ്പ നൽകുന്ന സാഹചര്യത്തിൽ അവർക്ക് നൽകിയതും വിനിയോഗിച്ചതുമായ തുകയെ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തുന്നത് ഫലപ്രദമാണെന്നും അതിനാൽ ചെറുപ്പക്കാരായ സംരംഭകരുടെ സാമ്പത്തികസ്ഥിതി ആദ്യ ഘട്ടത്തിൽതന്നെ വകുപ്പിന്റെ മേൽനോട്ടത്തിൽ വിലയിരുത്തുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

നൂതന ആശയങ്ങളുള്ള ചെറുപ്പക്കാർക്ക് കെ.എസ്.ഐ.ഡി.സി.-ൽ 25 ലക്ഷം രൂപ വീതം കുറഞ്ഞ പലിശ നിരക്കിൽ രണ്ട് വ്യവസ്ഥകൾ പ്രകാരം സീഡ് ഫണ്ട് കൊടുക്കുന്നുണ്ടെന്നും കൂടുതൽ ഫണ്ടിംഗ് വരികയാണെങ്കിൽ ഒന്നുകിൽ തുക അടച്ചിട്ട് പോവുകയോ അല്ലെങ്കിൽ കമ്പനിയുടെ തന്നെ start-up ഷെയർ ആക്കി മാറ്റുകയോ ചെയ്യാമെന്നും അങ്ങനെ മുപ്പത് പേർക്ക് കൊടുക്കുകയും അതിൽ രണ്ടുപേർ കൂടുതൽ ഫണ്ടിംഗ് കാരണം തുക അടച്ചിട്ട് പോകുകയുണ്ടായെന്നും ഇത്തരത്തിൽ സംരംഭം ആരംഭിച്ചവരുടെ ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടെന്നും അതുവഴി അവർ തമ്മിലും കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥരുമായും നേരിട്ട് ആശയവിനിമയം നടക്കുന്നുണ്ടെന്നും വ്യവസായ വകുപ്പ് സെക്രട്ടറിയും പ്രസ്തുത ഗ്രൂപ്പിലെ അംഗമാണെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ എറണാകുളത്ത് ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള അന്തിമ അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ഇതിന് മൊത്തം 85 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക എന്നും ഒരു ലക്ഷം രൂപ മാത്രമാണ് ടോക്കൺ പ്രൊവിഷനായി വച്ചിട്ടുള്ളതെന്നും പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ ആവശ്യമുണ്ടെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കൂടാതെ കേരളത്തിൽ ഏറ്റവും അധികം വിപണിയുള്ള ഫർണിച്ചർ വ്യവസായത്തെ പിന്തുണയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യയെ സമീപിച്ചെന്നും 86 കോടി രൂപയുടെ പ്രോജക്റ്റിന് അനുമതി ലഭിച്ചെന്നും 50% കേന്ദ്രസഹായം പദ്ധതിക്ക് ലഭിക്കുമെന്നും അദ്ദേഹം സമിതി മുമ്പാകെ ബോധിപ്പിച്ചു.

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സ്റ്റാർട്ട്-അപ്പ് സബ്സിഡി പദ്ധതിക്കുവേണ്ടി രണ്ടുകോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്നും പ്രസ്തുത പദ്ധതിക്ക് ഇത്രയുംതുക മതിയാകുമോ എന്നും സമിതി ആരാഞ്ഞതിന് നടപ്പുവർഷത്തേക്ക് പ്രസ്തുത തുക മതിയാകുന്നതാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

2015-16 സാമ്പത്തികവർഷത്തിൽ യുവസംരംഭങ്ങൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിച്ചെങ്കിലും തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ലെന്ന് വിലയിരുത്തിയ സമിതി അതിന്റെ കാരണം ആരാഞ്ഞു. പ്രസ്തുത തുക ഇപ്പോൾ കെ.എസ്.ഐ.ഡി.സി.യുടെ ശീർഷകത്തിലേക്ക് വകമാറ്റിയിട്ടുണ്ടെന്നും പ്രസ്തുത ശീർഷകം അങ്ങനെ നിലനിർത്തുന്നു എന്നേയുള്ളൂ എന്നും കഴിഞ്ഞ വർഷത്തെ വിശദാംശങ്ങൾ കാണിക്കേണ്ടതുകൊണ്ടാണ് അതുകൂടി സമിതിക്കുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയതെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഡി.ഐ.സി. പ്രൊപ്പോസ് ചെയ്യുന്നതുകൊണ്ടാണ് തുക

കെ.എസ്.ഐ.ഡി.സി.-യുടെ ഹെഡ്ഡിലേക്ക് മാറ്റിയതെന്നും കെ.എസ്.ഐ.ഡി.സി.-യിലെ ബന്ധപ്പെട്ട കമ്മിറ്റിയാണ് ഇതുസംബന്ധിച്ച് തീരുമാനമെടുത്ത് തുക വിതരണം ചെയ്യേണ്ടതെന്നും കെ.എസ്.ഐ.ഡി.സി.-ൽ ഗവൺമെന്റ് അംഗീകരിച്ച 25 ലക്ഷം രൂപയുടെ പദ്ധതിക്ക് പണം ലഭിച്ചിട്ടില്ലെന്നും അതേ കാര്യത്തിനുവേണ്ടി കെ.എസ്.ഐ.ഡി.സി. യിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പല ശീർഷകങ്ങളിലും തുക ചെലവഴിക്കാത്തതിന് കാരണമായി പറയുന്നത് പദ്ധതി നടപ്പാക്കാനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല എന്നാണ് എന്നും തുക ചെലവഴിക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമായി പറയേണ്ടതാണ് എന്നും ബഡ്ജറ്റ് പ്രൊപ്പോസലിൽ പറയുന്ന തുക സബ്ജക്ട് കമ്മിറ്റിയുടെ അനുവാദമില്ലാതെ വകമാറ്റാൻ പാടില്ല എന്നും സമിതി കർശന നിർദ്ദേശം നൽകി.

ധനകാര്യ വകുപ്പിൽനിന്നും തുക ലഭിക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ബഡ്ജറ്റിൽ ബന്ധപ്പെട്ട ശീർഷകത്തിന് പ്രൊവിഷൻ ഉണ്ടെങ്കിൽ സർക്കാർ ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ ഉത്തരവുപ്രകാരം സംരംഭകർക്ക് കൊടുക്കാനുള്ള തുക കെ.എസ്.ഐ.ഡി.സി.-ലേക്ക് തന്നെ കൊടുക്കാനും അവിടെ നിന്ന് ചെറുകിട സംരംഭകർക്ക് കൊടുക്കാനുമാണ് തീരുമാനിച്ചിരുന്നതെന്നും എളുപ്പത്തിൽ നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് കെ.എസ്.ഐ.ഡി.സി.-യ്ക്ക് തുക കൊടുക്കാൻ തീരുമാനമായെങ്കിലും പ്രസ്തുതതുക കൊടുക്കാത്തതുകൊണ്ടാണ് പണം ചെലവാക്കാൻ സാധിക്കാത്തതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വ്യവസായ വകുപ്പിന് ലഭിച്ച തുക മുഴുവനും ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം സമിതി ആരായുകയും മാർച്ചുമാസത്തിൽ ഫണ്ടിന്റെ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ടെന്നും അതുകാരണം ചില സമയങ്ങളിൽ എല്ലാ പ്രൊപ്പോസലുകൾക്കും ഫണ്ട് അനുവദിക്കാൻ കഴിയാറില്ലെന്നും വരവ് പ്രതീക്ഷിക്കുന്ന തരത്തിൽ ലഭിക്കാതിരിക്കുമ്പോൾ പല ഫണ്ടുകളും നിശ്ചയിച്ച രീതിയിൽ വിതരണം ചെയ്യാൻ കഴിയാതെ വരുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി കുറെയധികം തുക വകയിരുത്തുന്നുണ്ടെങ്കിലും ധനകാര്യ വകുപ്പ് സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി പണം നൽകുന്നില്ല എന്ന് സമിതി വിലയിരുത്തി. ധനാഭ്യർത്ഥന സംബന്ധിച്ച കുറിപ്പുകൾ സമിതി അംഗങ്ങൾക്ക് യോഗത്തിന് 2 ദിവസം മുമ്പെങ്കിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖാദി ഗ്രാമവ്യവസായ ബോർഡുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിശോധിക്കവെ ഖാദി ഉൽപ്പന്നങ്ങളുടെ വിപണനവും ഉൽപ്പാദനവും തമ്മിലുള്ള പൊരുത്തക്കേട് സംസ്ഥാനത്തെ ഖാദിമേഖലയിൽ തുടരുന്നുണ്ടെന്നും ഇവിടെ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഇരട്ടിയിലധികം ഖാദി ഉൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു.

ഖാദി ബോർഡിന്റെ ആകെയുള്ള ഉൽപ്പാദനം 18 കോടി രൂപയുടെ നൂലും 30-33 കോടി രൂപയുടെ തുണിയുമാണെന്നും രണ്ടുംകൂടി ചേർന്ന് 50 കോടി രൂപയുടെ ഉൽപ്പാദനമാണ് ഖാദി മേഖലയിൽ നടക്കുന്നതെന്നും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഖാദി മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും സൗരോർജ്ജം ഉപയോഗിച്ചുള്ള നവീകരണത്തിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേക്ക് കൊണ്ടുവരാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കുമെന്നും ഖാദി ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതുകൊണ്ടാണ് പുറത്തുനിന്ന് വരുന്ന ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് കൊടുക്കുന്നത് എന്നും പുറത്തുനിന്നും കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ ഖാദി ഷോറൂമുകളിൽ വിൽക്കുന്നു എന്നും സാധാരണ സമയത്ത് 20 ശതമാനവും ഉത്സവസമയത്ത് 30 ശതമാനവും റിബേറ്റ് നൽകുന്നുവെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമാണോ ഇവിടെ വിൽക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ഇവിടെ 30 കോടി രൂപയുടെ തുണിയാണ് ആകെ ഉൽപ്പാദിപ്പിക്കുന്നത് എന്നും നൂൽ വിൽക്കുന്നില്ല എന്നും പുറത്തുനിന്ന് ഖാദി വസ്ത്രങ്ങൾ ഇവിടെ കൊണ്ടുവന്ന് വിറ്റതുകൊണ്ടാണ് 30 കോടി രൂപ റിബേറ്റ് ഇനത്തിൽ ബാധ്യതയായതെന്നും 33 കോടി രൂപയുടെ തുണിക്ക് 30 ശതമാനം റിബേറ്റ് കൊടുത്താലും പത്ത് കോടി രൂപ മാത്രമേ ആകുകയുള്ളൂ എന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

ചെറിയൊരു മോട്ടോർ ഘടിപ്പിച്ചാൽ കൈകൊണ്ട് നൂല് പിരിക്കുന്നതിനുപകരം മോട്ടോർ ഉപയോഗിച്ച് ജോലി ചെയ്യാൻ സാധിക്കുമെന്നും പഴയ സമ്പ്രദായത്തിന് മാറ്റം വരുത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി.

സോളാർ പവർ ഉപയോഗിച്ച് നാലിരട്ടി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും അത് ഏറ്റവും പുതിയ സംവിധാനമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സംസ്ഥാനത്ത് ഖാദിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ആയതിന് എല്ലാ ഖാദി യൂണിറ്റുകളിലും യന്ത്രവൽക്കരണം നടപ്പാക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി. ഖാദി ഉൽപ്പാദനമേഖലയിലെ യന്ത്രവൽക്കരണത്തിന് വൈദ്യുതിക്ക്

പകരം സൗരോർജ്ജം ഉപയോഗപ്പെടുത്താവുന്നതാണെന്നും ഇതിലേക്കായി എല്ലാ ഖാദി യൂണിറ്റുകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് കെൽട്രോണിനെയോ സർക്കാർ അംഗീകൃത ഏജൻസികളെയോ ചുമതലപ്പെടുത്താവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു ആയതിനാൽ ഇതിനാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

ഉൽപ്പാദക പ്രോത്സാഹനത്തിന് അഞ്ഞൂറ് ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും നാമമാത്രമായ തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. കൂടാതെ അത് ഇൻകം സപ്പോർട്ട് സ്കീം അല്ല എന്നും ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത എന്നീ ഇനങ്ങൾക്ക് അഞ്ച് കോടി രൂപ അധികമായി ആവശ്യപ്പെട്ടപ്പോൾ നാല് കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും ഖാദി തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് വരുത്തേണ്ടത് ആവശ്യമാണെന്നും ഇപ്പോൾ തൊഴിലാളികൾക്ക് തുച്ഛമായ കൂലിയാണ് നൽകുന്നതെന്നും സമിതി വിലയിരുത്തി.

2015-16-ൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഖാദിക്ക് പൂരക വരുമാനത്തിനായി ഇരുപത്തിയേഴ് കോടി രൂപ വകയിരുത്തിയതിന് പുറമെ 4 കോടി രൂപ ഉത്സവബത്ത, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവയ്ക്കായും വകയിരുത്തിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അതിനാവശ്യമായ തുക തൊഴിൽ വകുപ്പിന് കൊടുത്തിട്ടുണ്ടെന്നും വിലയിരുത്തിയ സമിതി പ്രസ്തുത തുക അപര്യാപ്തമായതിനാൽ നവീകരണത്തിനായി പ്രത്യേകം ഫണ്ട് കണ്ടെത്തണമെന്ന് അഭിപ്രായപ്പെട്ടു

എട്ട് കോടി നാല്പത്തിമൂന്ന് ലക്ഷം രൂപ നവീകരണത്തിനായി ആവശ്യമുണ്ടെന്നും അഞ്ച് കോടി രൂപ ആവശ്യപ്പെട്ടെങ്കിലും നാലുകോടിയാണ് അനുവദിച്ചതെന്നും വീണ്ടും നാലുകോടി രൂപകൂടി അധികമായി ലഭിച്ചാലെ ഫലപ്രദമായി കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ എന്നും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അറിയിച്ചു

കൈത്തറി വ്യവസായങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിൽ ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസിന് 70.73 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും അതിൽ കൈത്തറി വ്യവസായത്തിന് 40.08 കോടി രൂപയും യന്ത്രത്തറി വ്യവസായത്തിന് 30.65 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളതെന്നും കൈത്തറി വ്യവസായത്തിന് നെയ്ത്ത് സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അഞ്ച് ലക്ഷം രൂപവരെ കൊടുക്കുകയും എസ്.ഡി.ജി. വഴി രണ്ട് കോടി രൂപ വകുപ്പിന് ലഭിക്കുകയും ചെയ്യുവെന്നും നെയ്ത്തുതൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം പ്രവർത്തന മൂലധനത്തിന്റെ അഭാവമാണെന്നും ആയതിനായി 1.50 കോടി രൂപ ആവശ്യമുണ്ടെന്നും കഴിഞ്ഞ സാമ്പത്തികവർഷം 161 ലക്ഷം രൂപ ചെലവഴിച്ചെന്നും ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു

കഴിഞ്ഞവർഷത്തെ റീഹാബിലിറ്റേഷൻ സ്കീമിൽ 157 കോടി രൂപ സൊസൈറ്റികൾക്ക് ലഭിച്ചപ്പോൾ കടങ്ങൾ തീരുകയും പ്രവർത്തനപുരോഗതി ഉണ്ടാവുകയും ചെയ്തെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിച്ചു.

ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായുള്ള മാതൃകാ പരിഹാരങ്ങൾ, സാങ്കേതിക വിജ്ഞാനം എന്നിവ ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതിക്ക് സാമ്പത്തികസഹായം നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിട്ടുള്ളൂ എന്നതിനാൽ പ്രസ്തുത പദ്ധതിക്കുവേണ്ടി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ വാർഷിക നവീകരണ ചെലവുകൾ, പ്ലാന്റ്, മെഷീനറി, സ്റ്റേറ്റ് ഓഫ് ആർട്ട് എന്നിവയുള്ള ചെലവുകൾ തുടങ്ങിയവയും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി ലക്ഷ്യമിടുന്ന വ്യവസായ എസ്റ്റേറ്റ് ശക്തിപ്പെടുത്തൽ എന്ന തുടർ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയും 1 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് അടുത്തവർഷം സൗജന്യമായി യൂണിഫോം നൽകുന്നതിനായി മേന്മയേറിയ തുണി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കണമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതായും 25 ലക്ഷം സ്കൂൾ കുട്ടികൾക്ക് സൗജന്യയൂണിഫോം നൽകുന്ന ഈ പദ്ധതിക്ക് മൊത്തം 350 കോടി രൂപ ചെലവ് വരുമെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത സ്കീം ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 35000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ റിവൈവൽ, റീഫോം, റീസ്ട്രക്ചറിംഗ് പാക്കേജിന്റെ തുടർച്ചയായി കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിന് ബാങ്ക് വായ്പ ലഭിക്കുമെങ്കിലും സംഘങ്ങൾക്ക് മാർജിനായി എടുക്കേണ്ട തുക ഇല്ലാത്തതിനാൽ സർക്കാർ സഹായം ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി 150 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2013-14 മുതലുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നതിനും 2016-17-ലെ റിബേറ്റിനുമായി കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾക്ക് നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 667.59 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

തേനീച്ചക്കൂട്ടത്തെപ്പറ്റിയും തേൻ ഉൽപ്പാദനത്തെപ്പറ്റിയും അവബോധം സൃഷ്ടിക്കുന്നതിനും തേനിൽനിന്നും വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി വിഭാവനം ചെയ്ത തേൻമ്യൂസിയം നടപ്പിലാക്കുന്നതിനായി ടോക്കൺ ആയി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത സ്കീമിനുവേണ്ടി നടപ്പുസാമ്പത്തികവർഷം 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ പ്രവർത്തനങ്ങളെയും മൂല്യങ്ങളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനും ഖാദി പ്രസ്ഥാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള പയ്യന്നൂരിലെ ഗാന്ധി ഖാദി മ്യൂസിയം എന്ന പദ്ധതി സ്കൂൾ കുട്ടികൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ആദ്യത്തേതും ക്രിയാത്മകവുമായ പദ്ധതിയാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത സ്കീമിനുവേണ്ടി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനും ലക്ഷ്യമിടുന്ന ഖാദിഗ്രാമങ്ങൾ സ്ഥാപിക്കൽ പദ്ധതിയിൽ സ്ത്രീകൾ, എൻഡോസൾഫാൻ ദുരിത ബാധിതർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ ദുർബ്ബലവിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ചർക്കകളും തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ, ഓരോ ജില്ലയിൽനിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും വൈദഗ്ധ്യ വികസന പരിശീലനം നൽകി 100 തറികൾ അസംസ്കൃത വസ്തുക്കൾ എന്നിവ കുടുംബങ്ങളിൽ ലഭ്യമാക്കുവാൻ വിഭാവനം ചെയ്യുന്നതായും മനസ്സിലാക്കിയ സമിതി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഈ വർഷം 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

തൊഴിലാളി വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നത് ഖാദി നെയ്ത്ത് തൊഴിലാളികൾക്കാണെന്ന് വിലയിരുത്തിയ സമിതി അവരുടെ കൂലി അടിയന്തരമായി വർദ്ധിപ്പിക്കണമെന്നും അതിനാവശ്യമായ തുക വകയിരുത്തണമെന്നും അഭിപ്രായപ്പെട്ടു.

ഖാദി തുണിക്ക് റിബേറ്റ് നൽകുന്നതോടൊപ്പം ഖാദി തൊഴിലാളികൾക്ക് കൂലി 40% വർദ്ധിപ്പിച്ചാലെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുകയുള്ളുവെന്ന് സമിതി ചൂണ്ടിക്കാട്ടി. 12500-ഓളം ഖാദി തൊഴിലാളികൾക്ക് അവരുടെ കൂലി 40% എങ്കിലും വർദ്ധിപ്പിച്ച് നൽകുന്നതിനും ഉൽപ്പാദന ഇൻസെന്റീവും ഉത്സവകാല ഇൻസെന്റീവും നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും തൊഴിലാളികളുടെ ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായെങ്കിലും അതിന് ആനുപാതികമായ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചു നൽകിയിട്ടില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഖാദിമേഖലയിൽ പ്രവർത്തിക്കുന്ന ഖാദി സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഖാദി ബോർഡിന്റെ 2016-17-ലെ പദ്ധതികളായ കോട്ടയം ജില്ലയിൽ പുതിയ മാർക്കറ്റിംഗ് കോംപ്ലക്സ് കെട്ടിടം ആരംഭിക്കുക, ബോർഡിനു കീഴിലുള്ള സംഭരണശാലകളുടെ നവീകരണം എന്നിവ പൂർത്തിയാക്കുന്നതിനും പ്രദർശന മേള ഐ.എ.റ്റി.എഫ്. എന്നിവയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2015-16 വർഷത്തിലെ റിബേറ്റ് ക്ലെയിം കുടിശ്ശിക ഇനത്തിൽ 2000 ലക്ഷം രൂപ ഖാദി സ്ഥാപനങ്ങൾക്കും ഖാദി ബോർഡിനുമായി നൽകേണ്ടതുണ്ടെന്നും കൂടാതെ നോർമൽ റിബേറ്റ് ഇനത്തിൽ 1500 ലക്ഷം രൂപ ആവശ്യമുള്ളിടത്ത് 785 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി. ആയതിനാൽ റിബേറ്റ് ക്ലെയിം കുടിശ്ശികയിനത്തിൽ 2000 ലക്ഷം രൂപയും നോർമൽ റിബേറ്റ് ഇനത്തിൽ അധികമായി വേണ്ടിവരുന്ന 715 ലക്ഷം രൂപയും ചേർത്ത് ഖാദി ചില്ലറ വില്പനയ്ക്കുള്ള അധിക റിബേറ്റിനായി 2715 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന സർക്കാർ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ ഖാദി ചില്ലറ വില്പനയ്ക്ക് വിവിധ സ്പെല്ലുകളിലായി വർഷത്തിൽ 70 ദിവസങ്ങൾമാത്രം 10% അധിക റിബേറ്റ് (നോർമൽ റിബേറ്റിനു പുറമേ) ഉപഭോക്താക്കൾക്ക് നൽകുന്നതുമൂലം നോർമൽ റിബേറ്റിനത്തിലും ഉത്സവകാല റിബേറ്റിനത്തിലും ഉള്ള തുക കുറവ് ചെയ്ത് ഉപഭോക്താക്കൾക്ക് ഖാദി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിർബന്ധിതമാവുകയും ആ തുക റീക്ലപ്പ് ചെയ്യാതെ വരികയും ചെയ്താൽ ഖാദി സ്ഥാപനങ്ങളുടെയും ഖാദി ബോർഡിന്റേയും നിലനിൽപ്പിനെയും ഖാദിമേഖലയേയും ബാധിക്കാനിടയുണ്ട് എന്ന് സമിതി അഭിപ്രായപ്പെട്ടു

ഖാദി ചില്ലറ വില്പനയ്ക്ക് ഉത്സവകാല അധിക റിബേറ്റിനായി 1200 ലക്ഷം രൂപ വേണ്ടിവരുമെന്നും ഈ ആവശ്യത്തിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി ഉത്സവകാല റിബേറ്റിനത്തിൽ 1200 ലക്ഷം രൂപ ഖാദി ബോർഡിന് നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

ഖാദി ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി എന്നീ ഇനങ്ങളിലുള്ള ചെലവ് കൂടാതെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതുമൂലമുള്ള അധികചെലവും ഈ ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനാലും 1990-91 മുതൽ 2015-16 വരെ പദ്ധതിയിതര ഭരണപരമായ ചെലവുകൾക്കായി ചെലവഴിച്ച തുക ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കേണ്ടതിനാലും ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2322.66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തേനീച്ച വളർത്തൽ വ്യവസായത്തിന്റെ വികസനത്തിനായി തേനീച്ച വളർത്തൽ പരിശീലന പരിപാടികൾ നടത്തുക, സബ്സിഡി നിരക്കിൽ തേനീച്ചയും തേനീച്ചപ്പെട്ടികളും നൽകുക എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കയറിനും കയർ ഉൽപ്പന്നങ്ങൾക്കുമുള്ള റിബേറ്റ് സ്കീമിനു പകരം ഭാരത സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നടപ്പാക്കി വരുന്ന വിപണന വികസന സഹായം (എം.ഡി.എ.) എന്ന 50% കേന്ദ്രസഹായ പദ്ധതിക്ക് കേന്ദ്രസഹായത്തിന്റെ സമാനമായി 50% തുക സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണെന്നും കേന്ദ്രസഹായം റീഇംബേഴ്സ്മെന്റായി മാത്രമേ ലഭ്യമാകുകയുള്ളു എന്നും സമിതി വിലയിരുത്തി. 2015-16 വർഷത്തെ കേന്ദ്രവിഹിത കുടിശ്ശികയായ 400 ലക്ഷം രൂപയും നടപ്പുവർഷത്തെ കേന്ദ്ര വിഹിതമായ 800 ലക്ഷം രൂപയും ചേർത്ത് സഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുകയിൽ 29 കോടി രൂപ 2016 മാർച്ച് വരെയുള്ള കുടിശ്ശിക പെൻഷൻ വിതരണത്തിന് അനുവദിച്ചതായി മനസ്സിലാക്കിയ സമിതി ശേഷിക്കുന്ന 3 കോടി രൂപ 2016-17 വർഷത്തെ പെൻഷൻ വിതരണത്തിനായി തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തി. ആയതിനാൽ കയർ തൊഴിലാളികൾക്ക് ഈ സാമ്പത്തികവർഷം പെൻഷൻ നൽകുന്നതിലേക്കായി 1800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 32.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കിൾ ആഫീസുകളുടെയും വാടക കുടിശ്ശിക നൽകുന്നതിനായും ഡീസൽ വില വർദ്ധനവുമൂലം അധിക തുക ആവശ്യമായി വരുന്നതിനാലും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 265.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേന്ദ്രസർക്കാരിന്റെ വാണിജ്യമന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി പ്രൊമോഷൻ നടപ്പിലാക്കുന്ന മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം (MIIUS) പദ്ധതിയിൽ, പദ്ധതി അടങ്കലിന്റെ 50% കേന്ദ്ര സർക്കാർ വിഹിതവും ബാക്കി 50% സംസ്ഥാന സർക്കാർ നടത്തിപ്പ്, ഏജൻസി ഉപഭോക്താക്കൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ലോൺ എന്ന രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് സമിതി വിലയിരുത്തി. എറണാകുളത്തിന് പരിസരത്തുള്ള ഫർണിച്ചർ ഉൽപ്പാദന യൂണിറ്റുകൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിന് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയിലൂടെ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ എറണാകുളത്ത് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തുലോം തുച്ഛമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 3.50-ന് സമിതി യോഗം പിരിഞ്ഞു.

## 2016 ആഗസ്റ്റ് 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV 2016 ആഗസ്റ്റ് 4-ാം തീയതി, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.
2. ശ്രീ. സി. ദിവാകരൻ, "
3. ശ്രീ. കെ. ബി. ഗണേഷ് കുമാർ, "
4. ശ്രീ. സി. കൃഷ്ണൻ, "
5. ശ്രീ. എൻ. വിജയൻ പിള്ള, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായവും വാണിജ്യവും വകുപ്പ്.
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, കാഷ്യൂ, ഫിഷറീസ് ആന്റ് പോർട്ട്സ് വകുപ്പ്.
3. ഡോ. എം. ബീന, മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.ഡി.സി.
4. ശ്രീ. ജെ. വിജയമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീമതി പ്രീത, ബി. എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി ജയലക്ഷ്മി. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

7. ശ്രീ. രാമകൃഷ്ണൻ. റ്റി. കെ., ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ്.

8. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്.

9. ശ്രീ. എം. പി. സുകുമാരൻ നായർ, ചെയർമാൻ, റിയാബ്.

10. ശ്രീ. ജീവൻ ബാബു, എം.ഡി., കെ.എസ്.ഐ.ഡി.സി.

11. ശ്രീ. കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കെൽ

12. ശ്രീമതി എസ്. ശ്യാമള, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്/ഓട്ടോ കാസ്റ്റ് ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ്.

13. ശ്രീ. എസ്. അശോക് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ്.

14. ശ്രീ. കെ. വേണുഗോപാൽ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

15. ശ്രീ. ശശികുമാർ. എം. കെ., മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽ & ഫോർജിംഗ്സ് ലിമിറ്റഡ്.

16. ശ്രീ. എ. ആബിദ്, മാനേജിംഗ് ഡയറക്ടർ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്.

17. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ.

18. ശ്രീ.രാജേഷ്. ആർ, മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്.

19. ശ്രീ. വിനയകുമാർ. എസ്. ആർ., മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്.

20. ശ്രീ. വിജയകുമാർ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽ ലിമിറ്റഡ്.

21. ശ്രീ. സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ.

2016-2017 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന, ധനാഭ്യർത്ഥന "XXXVII-വ്യവസായങ്ങൾ"-ലെ 2852, 4851, 6885, 4853, 4885 എന്നീ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു.

കശുവണ്ടി വികസന കോർപ്പറേഷനെ സംബന്ധിച്ച ധനാഭ്യർത്ഥന പരിഗണിക്കവേ, കശുവണ്ടി വികസന കോർപ്പറേഷന് ബഡ്ജറ്റ് വിഹിതമായി 130 കോടി രൂപയാണ് വകയിരുത്തിയിട്ടുണ്ടെങ്കിലും കോർപ്പറേഷന് 281.76 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും കോർപ്പറേഷൻ വൻതോതിൽ യന്ത്രവൽക്കരണം നടത്താൻ ഉദ്ദേശിക്കുകയാണെന്നും കേരളത്തിൽ ഉൽപ്പാദന ചെലവ് വളരെ കൂടുതലായതിനാൽ ആകെയുള്ള 800 കശുവണ്ടി ഫാക്ടറികളിൽ 600-ഓളം ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണെന്നും അവ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ബാങ്കുകൾക്ക് നൽകുവാനുള്ള തുക തിരിച്ചടയ്ക്കേണ്ടി വരുമെന്നും, ഇ.പി.എഫ്., ഗ്രാറ്റുവിറ്റി കുടിശ്ശികകൾ കൊടുത്തു തീർക്കേണ്ടതുണ്ടെന്നും കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾക്കാവശ്യമായ തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള ടെണ്ടർ നടപടികളുമായി മുന്നോട്ട് പോവുകയാണെന്നും മുൻ വർഷം അനുവദിച്ച 30 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതായും കാഷ്യൂ, ഫിഷറീസ് ആന്റ് പോർട്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നിവ നൽകുന്നതിൽ കുടിശ്ശിക വരുത്തിയിരിക്കുകയാണെന്നും സ്ഥാപനവുമായി ബന്ധപ്പെട്ട് നിരവധി വിജിലൻസ് കേസുകൾ നിലവിലുണ്ടെന്നും വിലയിരുത്തിയ സമിതി, തൊഴിലാളികളുടെ വിഹിതം അടയ്ക്കാത്തത് പോലെയുള്ള ഭരണപരമായ വീഴ്ചകൾ തുടരാൻ പാടില്ലെന്ന ശക്തമായ നിർദ്ദേശം നൽകുകയും കോർപ്പറേഷനെതിരെയുള്ള അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ആരായുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധി കാരണമാണ് കുടിശ്ശികകൾ കൃത്യമായി അടയ്ക്കാൻ സാധിക്കാത്തതെന്നും, ആയതിനാണ് അധിക തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും അഴിമതിക്കെതിരെ നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ അഴിമതി ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കശുവണ്ടി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

വിവിധതരം കശുവണ്ടി പരിപ്പുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യു സൂപ്പ്, കാഷ്യു വിറ്റ, കാഷ്യു ബിറ്റ്സ്, കാഷ്യു പൗഡർ, ചോക്കലേറ്റ് കോട്ടഡ് കാഷ്യു എന്നീ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ പുറത്തിറക്കുന്നതായി വ്യവസായ വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ പരാമർശിക്കുന്ന വിവരം ചൂണ്ടിക്കാട്ടിയ സമിതി, അവ നിലവിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന് ആരാഞ്ഞു. ഒൻപത് മാസമായി ഫാക്ടറികൾ അടഞ്ഞു കിടക്കുകയാണെന്നും സി. ഡി. സി. കാഷ്യൂസ് എന്ന പേരിൽ ചോക്കലേറ്റ് ഉൾപ്പെടെ ഉൽപ്പന്നങ്ങൾ മുൻപ് ഉണ്ടാക്കിയിരുന്നെന്നും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ലെന്നും തോട്ടണ്ടി വാങ്ങി തൊഴിലാളികൾക്ക് തൊഴിൽ നൽകി ഉൽപ്പന്നങ്ങൾ നേരിട്ട് കയറ്റുമതി ചെയ്ത് വ്യാപാരം സുസ്ഥിരമായ ശേഷം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേക്ക് പോകാനാണ് ലക്ഷ്യമിടുന്നതെന്നും കോർപ്പറേഷനെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റാനുള്ള തീവ്രശ്രമങ്ങൾ നടത്തി വരുന്നുവെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

കശുവണ്ടി ഫാക്ടറികൾ പ്രവർത്തനരഹിതമായതിനാൽ പതിനായിരത്തോളം സ്ത്രീ തൊഴിലാളികൾക്ക് ജോലിയില്ലാത്ത അവസ്ഥയുണ്ടെന്നും കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് വർഷം മുഴുവനും തൊഴിലാളികൾക്ക് ജോലി നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദമായ കുറിപ്പ് തയ്യാറാക്കി സമിതി അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് ചെയർമാൻ കാഷ്യു, ഫിഷറീസ് ആന്റ് പോർട്ട്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തോട്ടണ്ടി ഇറക്കുമതി ചെയ്യാനെടുത്ത തീരുമാനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി എട്ട് തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും അനുകൂലമായവ ഒന്നും ലഭിച്ചില്ല എന്നും തദ്ദേശീയമായി സംഭരിക്കാമെന്ന ഉദ്ദേശത്തിൽ രണ്ട് ടെണ്ടർ കൂടി ക്ഷണിച്ചിരിക്കുകയാണെന്നും കെ.എസ്.സി.ഡി.സി. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കാപ്പെക്സിന്റെ കൈവശമുണ്ടായിരുന്ന കശുവണ്ടി സ്റ്റോക്ക് തീർന്നതായി കെ.എസ്.സി.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചപ്പോൾ ആഭ്യന്തര വിപണിയിൽ നിന്നും കശുവണ്ടി സംഭരിക്കാൻ ശ്രമം നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

റിസർവ് ബാങ്കിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി, എസ്.പി.വി. രൂപീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കുറച്ചു തുക സർക്കാർ ഓഹരിയും ബാക്കി തുക നാഫെഡ് പോലുള്ള ഏജൻസികളുടെ ഓഹരിയായും ഉൾപ്പെടുത്തി ഒരു പ്രൊഫഷണൽ ഏജൻസിയെക്കൊണ്ട് ചെയ്യാൻ പറ്റുമോ എന്ന കാര്യം പരിശോധിച്ചുവരികയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അധികമായി ആവശ്യപ്പെടുന്ന തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാമെന്ന് തീരുമാനിച്ച സമിതി കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടു. തുച്ഛമായ ശമ്പളമാണ് ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നതെന്നും 30 വർഷത്തോളം സർവ്വീസിലിരുന്ന് പെൻഷനായവർക്ക് പോലും ഗ്രാറ്റുവിറ്റി നൽകിയിട്ടില്ലെന്നും അതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളും നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും ഓരോ സ്ഥാപനത്തിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തി. വ്യവസായ വാണിജ്യവകുപ്പിന് 2016-2017 സാമ്പത്തികവർഷത്തേക്ക് 496.56 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഇത് തികച്ചും അപര്യാപ്തമാണെന്നും വ്യവസായ വികസനത്തിനാവശ്യമായ ഭൂമി വാങ്ങുന്നതിനുവേണ്ടി കിൻഫ്രയ്ക്കുമാത്രമായി 2060 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയിൽ വ്യക്തമാക്കി.

ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകുകയുണ്ടായി:

1. കാപ്പക്സിൽ ഓഹരിധനം, മൂലധന നിക്ഷേപം, ദേശീയ വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോളവൽക്കരണത്തിനും പ്രവർത്തന മൂലധനം എന്നിവയ്ക്കുവേണ്ടി 35 കോടി രൂപ ആവശ്യമാണെന്നും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി പദ്ധതി ഇനത്തിൽ 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2. കാപ്പക്സിൽ നിന്നും 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ വിരമിച്ച തൊഴിലാളികൾക്കും ജീവനക്കാർക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനായി 8 കോടി രൂപ വേണ്ടിവരുമെന്ന് വിലയിരുത്തിയ സമിതി ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 800 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

3. 2015 സെപ്റ്റംബർ മുതൽ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതായും 11000-ത്തോളം വരുന്ന സ്ത്രീതൊഴിലാളികളും അവരുടെ കുടുംബങ്ങളും മറ്റു വരുമാനമാർഗ്ഗമില്ലാതെ കഷ്ടത അനുഭവിക്കുന്നതായും വിലയിരുത്തിയ സമിതി കശുവണ്ടി ഫാക്ടറികൾ അടിയന്തരമായി പ്രവർത്തിപ്പിക്കണമെന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തരമായി നൽകണമെന്നും ശിപാർശ ചെയ്തു.

4. കശുവണ്ടി വികസന കോർപ്പറേഷന് ലഭിച്ച നിലവിലെ ബഡ്ജറ്റ് വിഹിതം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനികവത്കരണത്തിനും മാത്രമേ പര്യാപ്തമാകുകയുള്ളുവെന്ന് വിലയിരുത്തിയ സമിതി തൊഴിലാളികൾക്ക് അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും ബാങ്കുകൾക്ക് നൽകുവാനുള്ള ബാധ്യത തിരിച്ചടയ്ക്കുന്നതിനും പ്രവർത്തന മൂലധനമായും അധിക തുക വകയിരുത്തേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

5. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുവാനുള്ള ബാധ്യതയിൽ സർക്കാർ ഏറ്റെടുത്തത് കിഴിച്ച് ബാക്കിയുള്ള 40 കോടി രൂപ , പ്രവർത്തന മൂലധനം ഇനത്തിൽ കോർപ്പറേഷൻ ബാങ്കുകൾക്കു നൽകുവാനുള്ള 59 കോടി രൂപ, തൊഴിലാളികൾക്ക് 2015 വരെയുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള 51.72 കോടി രൂപ, 2014 ജൂലൈ മുതലുള്ള ഇ.പി.എഫ് . കുടിശ്ശിക നൽകുന്നതിന് 6.04 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിനായി 25 കോടി രൂപ, 2016-2017 വർഷത്തെ പ്രവർത്തന മൂലധനമായി 100 കോടി രൂപ എന്നിങ്ങനെ വിവിധ ഇനങ്ങളിലായി ആകെ 28176 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

6. സുതാര്യവും കാര്യക്ഷമവുമായ ധാതുപരിപാലനത്തിനായി നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖാന്തിരം കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന ഇ- ഗവേണൻസ് പദ്ധതി മൈനിംഗ് ആന്റ് ജിയോളജിവകുപ്പ് നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കി. 2016-17 സാമ്പത്തിക വർഷം ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്ന നാഷണൽ ഇൻഫർമാറ്റിക് സെന്റർ പ്രോഗ്രാമർക്ക് നൽകുന്നതിനായി 8.4 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുള്ളതായും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 6.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

7. സംസ്ഥാനത്ത് പലയിടങ്ങളിലും പെർമിറ്റില്ലാത്ത ക്വാറികൾ ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്നതായും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതി നൽകുന്ന നിലവിലെ രീതിക്ക് പകരം ജില്ലാ കളക്ടർ ചെയർമാനായ ഒരു സമിതി പരിശോധിച്ച് ലൈസൻസ് നൽകുന്ന സമ്പ്രദായം സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

8. സിഡ്കോയുടെ മേജർ വ്യവസായ എസ്റ്റേറ്റുകളിലും, മിനി എസ്റ്റേറ്റുകളിലും, വ്യവസായ പാർക്കുകളിലുമായി ആയിരത്തോളം വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുവെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകളുടെ സുഗമമായ നടത്തിപ്പിന് വിഘാതമാകുന്നതായി സമിതി വിലയിരുത്തി. ചെറുകിട വ്യവസായ മേഖലയിൽ സർക്കാരിന്റെ പ്രൊമോഷൻ ഏജൻസിയായി പ്രവർത്തിക്കുന്ന സിഡ്കോയുടെ വിവിധ ഡിവിഷൻവഴി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ വ്യവസായം സുഗമമായി നടത്തുന്നതിന് സഞ്ചാരയോഗ്യമായ റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലുള്ള എസ്റ്റേറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ മേജർ വ്യവസായ/മിനി വ്യവസായ എസ്റ്റേറ്റുകളിലെയും വ്യവസായ പാർക്കുകളിലെയും അറ്റകുറ്റപ്പണികൾക്കായി 800 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

9. 1961 ജൂലൈ 21-ന് രൂപീകരിക്കപ്പെട്ട സിഡ്കോയിലെ പല ഉൽപ്പാദന യൂണിറ്റുകളിലും ഉൽപ്പാദനക്ഷമമല്ലാത്തതും കാലഹരണപ്പെട്ടതുമായ യന്ത്രങ്ങളും അടിസ്ഥാന സൗകര്യങ്ങളുമാണുള്ളതെന്നതിനാൽ സിഡ്കോയുടെ കീഴിലുള്ള വ്യവസായ യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനുമായി 1306 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

10. ഹാർഡ്‌വെയർ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ കഴിവുള്ള സംരംഭകർക്കായി ഐ.ടി. ഹാർഡ്‌വെയർ ഇൻകുബേറ്ററുകൾ എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ സിഡ്കോയുടെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കി. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും സംരംഭകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി അവയെ മാറ്റിയെടുക്കുന്നതിനും സിഡ്കോയ്ക്ക് സാമ്പത്തിക സഹായം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

11. ട്രാവൻകൂർ സിമെന്റ്സിന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ക്ലിങ്കർ വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ തുക കണ്ടെത്താനാവാത്തതിനാൽ ഉൽപ്പാദനവും വിപണനവും കുറഞ്ഞ് കമ്പനി നഷ്ടത്തിലേക്ക്

ഉപ്പെടുത്തുന്ന അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കി. പ്രവർത്തന മൂലധനമായി 1000 ലക്ഷം രൂപയും, വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും കാലപ്പഴക്കം ചെന്ന പാസ്സിംഗ് ഉപകരണം മാറ്റി പുതിയ ഉപകരണം വാങ്ങുന്നതിനായും, ഡ്രഡ്ജർ, സ്ക്രീനിംഗ് പ്ലാന്റ്, വിഞ്ച് ബോട്ട് മുതലായവയുടെ നവീകരണത്തിനായും ഫാക്ടറിയുടെ മലിനീകരണ നിയന്ത്രണ സംവിധാനം ഓൺലൈൻ ആക്കുന്നതിനായും നിക്ഷേപമൂലധനമായി 240 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1240 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

12. ത്രിചക്ര വാഹനങ്ങളുടെ ഉൽപ്പാദനവും വിപണനവും ലക്ഷ്യമിട്ട് 1984-ൽ പ്രവർത്തനം ആരംഭിച്ച കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് നഷ്ടത്തിലാണെന്നും, കമ്പനിയുടെ നിലനിൽപ്പിനായി വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആരംഭിച്ച നൈപുണ്യ വികസന ഗവേഷണ കേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെയും പ്ലാന്റിന്റെയും നവീകരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും വിലയിരുത്തിയ സമിതി 450 ലക്ഷം രൂപ ആയതിലേക്കായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

13. കെൽ, കണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണം അടിയന്തരമായി പൂർത്തീകരിച്ച് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കുവാനും നിലവിൽ നഷ്ടത്തിലായ യൂണിറ്റ് ലാഭകരമാക്കുന്നതിനുമായി 1860 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

14. കെൽ, കണ്ടറ യൂണിറ്റിന് 20 കോടിയുടെ ഓർഡർ കൈവശമുണ്ടെങ്കിലും ഓർഡർ അനുസരിച്ച് ഉൽപ്പന്നങ്ങൾ നൽകണമെങ്കിൽ അസംസ്കൃത വസ്തുക്കൾ വിലയ്ക്കുവാങ്ങേണ്ടതുണ്ടെന്നും ഇതിന് സാമ്പത്തികസഹായം അത്യാവശ്യമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ആവശ്യത്തിനായി 400 ലക്ഷംരൂപ അടിയന്തരമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

15. കെൽ, മാമല യൂണിറ്റിന്റെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനും കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്ന തിനുമായി 850 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

16. കെല്ലിന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള 12.5 കോടി രൂപയുടെ പദ്ധതിയുടെ ആദ്യ ഗഡുവായി 2012-13 -ൽ 4 കോടി രൂപയും 2014-15-ൽ 3 കോടി രൂപയും 2015-16-ൽ 3.5 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കി. പ്രോജക്ട് പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങുന്നതിനായി 2 കോടി രൂപ കൂടി അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി ഈ ആവശ്യത്തിലേക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

17. കെൽ, ഒലവക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനുള്ള 1 കോടി രൂപയുടെ പദ്ധതിയിൽ 50 ലക്ഷം രൂപ കമ്പനിക്ക് 2012-13 വർഷത്തിൽ അനുവദിച്ചിട്ടുള്ളതായും പുനരുദ്ധാരണം പൂർണ്ണതോതിൽ പൂർത്തീകരിച്ച് യൂണിറ്റ് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ ശേഷിക്കുന്ന 50 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

18. 2003-04 കാലയളവിൽ കെൽ-കമ്പനിയിൽ നിന്നും സ്വയം പിരിഞ്ഞു പോകൽ പദ്ധതി (വി.ആർ.എസ്.) പ്രകാരം വിരമിച്ചവർക്ക് കൊടുക്കുവാനുള്ള ദീർഘകാല കരാർ കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക, 2003-04-ലെ ബോണസ് കുടിശ്ശിക, ലേബർ കോടതിയുടെ ഉത്തരവുപ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയ 16 കരാർ തൊഴിലാളികൾക്ക് നൽകേണ്ട ഇടക്കാലാശ്വാസം എന്നിവ നൽകുന്നതിനായി 110.92 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

19. ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള പവർ ഇലക്ട്രോണിക്സ് , സ്പേസ് ഇലക്ട്രോണിക്സ് ഫാബ്രിക്കേഷൻ എന്നീ സൗകര്യങ്ങൾ, നിർമ്മാണ പ്രവർത്തന സാമഗ്രികൾ എന്നിവ നവീകരിക്കുന്നതിനും സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുകയും ഗ്രിഡ് ടൈ സോളാർ ഇൻവർട്ടർ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 1650 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

20. ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ പ്രവർത്തനം വിപുലമാക്കണമെന്നും മറ്റ് സ്ഥലങ്ങളിൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ച് കെൽട്രോണിനെ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

21. ഇരുമ്പുരുക്ക് കാസ്റ്റിംഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി 1984-ൽ സ്ഥാപിതമായ ആട്ടോ കാസ്റ്റ് ലിമിറ്റഡിന്റെ ഉൽപ്പാദനമേഖലയിലെ നവീകരണം, സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ പൂർത്തീകരണം, അസംസ്കൃത വസ്തുക്കൾ ശേഖരിച്ചുവയ്ക്കുന്നതിലേക്കായുള്ള പ്രവർത്തനമൂലധനം എന്നീ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് വിലയിരുത്തിയ സമിതി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് സ്ഥാപനം ലാഭകരമാക്കുന്നതിനുള്ള പുനരുദ്ധാരണ നവീകരണ പദ്ധതികൾക്കായി 3352.19 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

22. മലമ്പുഴ, ചുള്ളിയാർ, വാളയാർ തുടങ്ങിയ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഡീസിൽറ്റിംഗ് പദ്ധതി വഴി വേർതിരിച്ച് എടുക്കുന്ന മണൽ നിർമ്മാണ പ്രവൃത്തികൾക്കും, ചെളി, ഇഷ്ടിക, ഓട് തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായും ഉപയോഗിക്കാൻ കഴിയുമെന്ന് സമിതി നിരീക്ഷിച്ചു. സംസ്ഥാനത്തെ മണൽക്ഷാമത്തിന് പരിഹാരമാകാവുന്ന 544 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കെംഡലിന് 1731 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. അലോപ്പതി മരുന്ന് ഉൽപ്പാദിപ്പിക്കുന്ന, കേരള സർക്കാരിന്റെ കീഴിലുള്ള ഏക വ്യവസായ സ്ഥാപനമായ കെ.എസ്.ഡി.പി. നിലവിൽ 35 തരം മരുന്നുകൾ ഉൽപ്പാദിപ്പിച്ച് എല്ലാ ജില്ലകളിലെയും സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നതായി സമിതി വിലയിരുത്തി. ആയതിനാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കെ.എസ്.ഡി.പി.ക്ക് 2016-17-ലെ പ്രവർത്തന മൂലധനമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. സംസ്ഥാനത്ത് ഇരുമ്പുരുക്ക് വ്യവസായത്തിന്റെ വികസനത്തിനായി 1975-ൽ സ്ഥാപിതമായ സിൽക്കിന്റെ 4 ഉൽപ്പാദന യൂണിറ്റുകളും 2 സർവ്വീസ് ഡിവിഷനുകളും വൈവിദ്ധ്യവൽക്കരണത്തിലൂടെ സംസ്ഥാനത്തുടനീളം ജനോപകാരപ്രദമായ പല പദ്ധതികളും നടപ്പിലാക്കിയിരുന്നെങ്കിലും 2005 മുതൽ പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടതായി സമിതി വിലയിരുത്തി. സിൽക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മൂലധനസഹായമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2016-17 സാമ്പത്തികവർഷത്തിൽ 44 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്ന പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് കമ്പനിയിൽ സ്ഥാപിച്ച 16 ടൺ ഹാമ്മറിന്റെ വൈബ്രേഷൻ പ്രതിരോധിക്കുന്നതിനുള്ള വൈബ്രേഷൻ ഡാമ്പനിംഗ് സിസ്റ്റത്തിന് 60 ലക്ഷം രൂപയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈടെമ്പറേച്ചർ ഇലക്ട്രിക്കൽ ഫർണസും, ബാച്ച്ടൈപ്പ് ഓയിൽ ഫയേർഡ് ഫർണസും വാങ്ങുന്നതിന് 65 ലക്ഷം രൂപയും, വ്യത്യസ്ത മേഖലയിലുള്ള ജോബുകൾ കമ്പനി കൈകാര്യം ചെയ്യുന്നതിനാൽ അവ സൂക്ഷിക്കുവാനും തരംതിരിച്ച് വയ്ക്കുന്നതിനും 6000 സ്ക്വയർഫീറ്റിൽ പ്രീ-ഫാബ്രിക്കേറ്റഡ് ഷെഡ് നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപയും ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഐ.ഡി.സി. യുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ് എന്ന് സമിതി വിലയിരുത്തി. 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം, എസ്.ഡി.എഫ്. കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

27. കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ആവശ്യത്തിലേക്കായി കെ.എസ്.ഐ.ഡി.സി.ക്ക് 32500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

28. കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന് സ്ഥലം ഏറ്റെടുക്കുന്നതിനും വികസനത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി കെ.എസ്.ഐ.ഡി.സി.ക്ക് 12500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

29. ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ കൊച്ചിയിലെ പ്രധാന കാര്യാലയം നവീകരിക്കുന്നതിന് 10 ലക്ഷം രൂപയും, കമ്പനിയുടെ വർക്കിംഗ് ക്യാപ്പിറ്റൽ മാർജിൻ മണിയായി 1000 ലക്ഷം രൂപയും ഇരുമ്പനം യൂണിറ്റിന് 651 ലക്ഷം രൂപയും തിരുവല്ല യൂണിറ്റിന് 663 ലക്ഷം രൂപയും തലശ്ശേരി യൂണിറ്റിന് 112 ലക്ഷം രൂപയും ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തി. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി 2436 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

30. കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 20 കോടി രൂപയുടെ ഡെയറി ഫാം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കപ്പെട്ടതായും പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി 12 കോടി ചെലവ് വരുമെന്നും അതിൽ 2 കോടി കമ്പനിതന്നെ കണ്ടെത്തുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ പദ്ധതിയുടെ ആദ്യഘട്ടനടത്തിപ്പിനായി വേണ്ടിവരുന്ന ശേഷിക്കുന്ന 1000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

31. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ അടിസ്ഥാന സൗകര്യ വികസനം, മെഷിനറി, പ്രവർത്തന മൂലധനം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടില്ലെന്ന് വിലയിരുത്തിയ സമിതി ആയതിലേക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

32. നിരവധി വ്യവസായങ്ങൾക്കാവശ്യമായ രാസപദാർത്ഥങ്ങൾ നിർമ്മിക്കുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണ വികസന പദ്ധതികൾക്കായി 5000 ലക്ഷം രൂപയോളം ചെലവ് വരുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു. കൂടാതെ പുതിയ ഉത്പാദന മേഖലയിലേക്ക് കടക്കാനാവശ്യമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി കമ്പനിയുടെ വൈവിധ്യവത്ക്കരണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

33. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിനും അത്യാവശ്യ യന്ത്രസാമഗ്രികളുടെ പുനഃസ്ഥാപനത്തിനുമായി കമ്പനി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കി. കോപ്പറാസ് റിക്കവറി പ്ലാന്റ് നവീകരണം, നിലവിലെ ടൈറ്റാനിയം ഡയോക്സൈഡ്, സൾഫ്യൂറിക് ആസിഡ് പ്ലാന്റുകൾ എന്നിവയുടെ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കുപുറമെ പുതുതായി ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡ് ഉൽപ്പാദനം കൂടി കമ്പനി ലക്ഷ്യമിടുന്നതിനാൽ ഇവയ്ക്കെല്ലാം കൂടി 51 കോടി രൂപ ആവശ്യമായി വരുമെന്നും പ്രവർത്തന മൂലധനമായി 15 കോടി രൂപ ഉൾപ്പെടെ 66 കോടി രൂപ കമ്പനിക്ക് വേണ്ടി വരുമെന്നും സമിതി കണക്കാക്കി. ബഡ്ജറ്റിൽ അനുവദിച്ച തുക കിഴിച്ച് മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി 6100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

34. ഇവയ്ക്കെല്ലാം പുറമേ മറ്റൊരു സാമ്പത്തിക ബാധ്യതയും കമ്പനിയുടെ മേൽ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കി. ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം ഉപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി ഇറക്കുമതി ചെയ്യു യന്ത്രോപകരണങ്ങൾ ആവശ്യമില്ലാതെവരികയും നികുതിയിനത്തിൽ 17.32 കോടിയും അതിന്റെ 15% പലിശയും പിഴപലിശയും 2007 മുതൽ കസ്റ്റംസിന് നൽകാനുണ്ടെന്നും ഭീമമായ ഈ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് 2011-ൽ ഉത്തരവായെങ്കിലും ആയതിനുള്ള തുക സർക്കാർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നും ഇത്തരം ബാധ്യതകൾ തീർപ്പാക്കാതെ തുടരുന്നത് കമ്പനിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് നയിക്കുമെന്നതിനാൽ പ്രസ്തുതതുക അടിയന്തരമായി കൊടുത്തുതീർക്കണമെന്നും അതിനായി 1735 ലക്ഷം രൂപ അടിയന്തരമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു. കൂടാതെ പലിശയിളവിനായി വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതാണെന്നും കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവ് ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് കത്തയയ്ക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

35. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾക്കും സെമിനാറുകൾ/ശില്പശാലകൾ എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവുകൾക്കുമായി നോൺപ്ലാനിൽ നടപ്പു വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ നോൺപ്ലാൻ ഇനത്തിൽ 178 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

36. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 2016-17 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ 5025 ലക്ഷം രൂപ 4885-60-800-96 (പ്ലാൻ) ഹെഡിലും ബാക്കിയുള്ള 4975 ലക്ഷം രൂപ എം.സി.എൽ, റ്റി.സി.സി., ട്രാക്കോകേബിൾ കമ്പനി ലിമിറ്റഡ്, കെ.എസ്.ഡി.പി., കെൽ, റ്റി.റ്റി.പി., എസ്.ഐ.എഫ്.എൽ., കെ.സി.സി.എൽ. എന്നീ കമ്പനികളുടെ ഹെഡുകളിൽ പ്രത്യേകമായി വിവിധ പദ്ധതികൾക്കായിട്ടുമാണ് നീക്കിവച്ചിട്ടുള്ളതെന്നും, ബഡ്ജറ്റിൽ പദ്ധതിയുടെ പേരു പറഞ്ഞ് പ്രത്യേകം തുക നീക്കിവച്ചിട്ടുള്ളതിനാൽ അതത് കമ്പനികളുടെ മുൻഗണന നൽകേണ്ട മറ്റ് പദ്ധതികൾക്ക് ഈ തുക വിനിയോഗിക്കാൻ സാധിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതികളിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിന് സാങ്കേതിക തടസ്സം ഉള്ള സാഹചര്യത്തിൽ എട്ടു കമ്പനികൾക്കായി പ്രത്യേകം ഹെഡുകളിൽ വകയിരുത്തിയ 4975 ലക്ഷം രൂപ ലംപ്സം ഹെഡായ 4885-60-800-96 (പ്ലാൻ) എന്ന ശീർഷകത്തിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യു.

37. നിലവിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി കണ്ടെത്തി അത് സ്വായത്തമാക്കി വ്യവസായ വികസനത്തിന് ഉപയുക്തമാക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് കിൻഫ്ര രൂപം നൽകിയിട്ടുള്ളതായും അപ്രകാരം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി 3617 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചതായും സമിതി മനസ്സിലാക്കി. ഇത്തരത്തിൽ വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനും, മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും കിൻഫ്ര വ്യവസായ പാർക്കുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം സജ്ജമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 206000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

38. കാക്കനാട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് വ്യാവസായിക ആവശ്യത്തിനായി പെരിയാറിൽനിന്നും ജലം എത്തിക്കുന്നതിനുള്ള പദ്ധതിയുടെ വ്യാപ്തി/ശേഷി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ ചെലവ് 6519 ലക്ഷം രൂപയായി വർദ്ധിക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 1687 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുണ്ടായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പൊതു ശിപാർശകളും സമിതി നൽകുകയുണ്ടായി.

39. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത് എന്ന് സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക് പരിശോധിച്ച സമിതി വിലയിരുത്തി. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിൽ മത്സരക്ഷമമാകുവാൻ സാധിക്കാത്തതാണ് മിക്ക സ്ഥാപനങ്ങളും നഷ്ടത്തിലാകുവാൻ കാരണമെന്ന് സമിതി വിലയിരുത്തി. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഉത്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ സാന്നിധ്യമറിയിക്കുവാനും വിപണി പിടിച്ചെടുക്കുവാനും സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിശദമായി വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിലും നടപ്പിലാക്കേണ്ട നവീകരണ വിപുലീകരണ പദ്ധതികൾ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനായി ഈ വിഷയത്തിൽ പ്രഗത്ഭരായവരെ ഉൾപ്പെടുത്തി വ്യവസായ വകുപ്പിനുകീഴിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

40. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നതിനായി നൽകിയ പട്ടയം ദുരുപയോഗപ്പെടുത്തി വ്യവസായേതര ആവശ്യങ്ങൾക്കായി ഭൂമി ഉപയോഗിക്കുന്നതായ ആരോപണങ്ങൾ നിലനിൽക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. കൂടാതെ സിഡ്കോയുടെ നടത്തിപ്പിലും പ്രവർത്തനത്തിലും വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായും സമിതി വിലയിരുത്തി. ഇത്തരത്തിൽ സിഡ്കോയിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക അച്ചടക്കരാഹിത്യവും കാര്യക്ഷമതയില്ലായ്മയും ഗുരുതരമാണെന്ന് വിലയിരുത്തിയ സമിതി, ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് ശിപാർശ ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 4.10 -ന് യോഗം പിരിഞ്ഞു .

## 2016 ആഗസ്റ്റ് 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV, 2016 ആഗസ്റ്റ് മാസം 18-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

1. പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ
2. ശ്രീ. സി. ദിവാകരൻ, ,,
3. ശ്രീ. ഹൈബി ഈഡൻ, ,,
4. ശ്രീ. എൻ. വിജയൻ പിള്ള, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപ. വി., അണ്ടർ സെക്രട്ടറി.

I. 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ XXXVII—(വ്യവസായങ്ങൾ)-ന്റെ കീഴിലുള്ള കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തിയത് സംബന്ധിച്ച സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

I. കരട് റിപ്പോർട്ടിലെ 4-ാം ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക:

ഖാദി ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി എന്നീ ഇനങ്ങളിലുള്ള ചെലവ് കൂടാതെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതുമൂലമുള്ള അധികചെലവും ഈ ശീർഷകത്തിൽനിന്ന് വഹിക്കുന്നതിനാലും 1990-91 മുതൽ 2015-16 വരെ പദ്ധതിയിതര ഭരണപരമായ ചെലവുകൾക്കായി ചെലവഴിച്ച തുക ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കേണ്ടതിനാലും ബഡ്ജറ്റിൽ ഈ

ഇനത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2322.66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കരട് റിപ്പോർട്ടിലെ ഖണ്ഡിക 21-ലെ അവസാനഭാഗത്ത് 'അഭിപ്രായപ്പെടുന്നു' എന്നത് 'ശിപാർശ ചെയ്യുന്നു' എന്നാക്കി പ്രസ്തുത ശിപാർശ പൊതുശിപാർശയോടൊപ്പം ചേർക്കുക.

3. മൈനിംഗ് & ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ടിലെ 44-ാമത്തെ ഖണ്ഡികയിലെ അവസാന വരിയിൽ "അഭിപ്രായപ്പെടുന്നു" എന്നതിനുപകരം "ശിപാർശ ചെയ്യുന്നു" എന്ന് മാറ്റുക. കൂടാതെ മേൽസൂചിപ്പിച്ച ഖണ്ഡികയിലെ പ്രസ്തുത ശിപാർശ മാത്രം പൊതുശിപാർശയിൽ ഉൾപ്പെടുത്തുക.

4. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ടിലെ 56-ാമത്തെ ശിപാർശയിൽ "17.32 കോടിയും അതിന്റെ പിഴപലിശയും ചേർത്തുള്ള തുക അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്നതിനുപകരം "1735 ലക്ഷം രൂപ അടിയന്തരമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പലിശയിളവിനായി വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതാണെന്നും കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവ് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്ന് ചേർക്കുക.

5. താഴെപ്പറയുന്ന ശിപാർശകൾ കൂടി പൊതുശിപാർശകളായി ചേർക്കുക.

(1) കേരളത്തിൽ വ്യവസായത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ സജ്ജമാക്കി വ്യവസായ വികസനത്തിനുള്ള അന്തരീക്ഷം ഒരുക്കുന്ന സ്ഥാപനമെന്ന നിലയ്ക്ക് കിൻഫ്രയ്ക്ക് സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കാലങ്ങളായി തുക വകയിരുത്താറുണ്ട്. ഇപ്രകാരം നൽകപ്പെടുന്ന സാമ്പത്തിക സഹായം കാര്യക്ഷമമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിലേക്കായി കിൻഫ്രയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും പ്രസ്തുത സ്ഥാപനത്തിൽനിന്നും തിരികെ സർക്കാരിന് ഇതുവരെ എത്ര രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട് എന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു .

(2) ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ പ്രവർത്തനം വിപുലമാക്കണമെന്നും മറ്റ് സ്ഥലങ്ങളിൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ച് കെൽട്രോണിനെ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

II. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.30-ന് യോഗം പിരിഞ്ഞു.

## 2016 സെപ്റ്റംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2016 സെപ്റ്റംബർ 20-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു.വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ.ഇ.പി.ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. ആന്റണിജോൺ, എം.എൽ.എ.
2. പ്രൊഫ. കെ.യു. അരുണൻ, "
3. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,"
4. ശ്രീ. കെ. ബി. ഗണേഷ് കുമാർ, "
5. ശ്രീ. എൻ. വിജയൻ പിള്ള, "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ്, പോർട്ട്സ് & കാഷ്യൂ വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. പി. എസ്. രാജേഷ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീ. റ്റി. കെ. രാമകൃഷ്ണൻ, ഡയറക്ടർ, മൈനിംഗ് &ജിയോളജി വകുപ്പ്
6. ശ്രീ. കെ. സുധീർ, ഡയറക്ടർ, ഹാന്റ്ലൂം &ടെക്സ്റ്റൈൽസ് വകുപ്പ്
7. ശ്രീ. വി. വി. അജയകുമാർ, ഡയറക്ടർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

8. ശ്രീ. കെ. എസ്. പ്രദീപ് കുമാർ, ഡയറക്ടർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

9. ശ്രീ. എം. സുരേഷ് ബാബു, ഡയറക്ടർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

I. താഴെപ്പറയുന്ന എസ്.ആർ.ഒ. കൾ സമിതിയുടെ അനുമതി കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്ന കുറിപ്പുകൾ വ്യവസായ വകുപ്പ് ലഭ്യമാക്കിയത് സമിതി അംഗീകരിക്കുകയും ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. കേരള മൈനർ മിനറൽ കൺസഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ് 2015 (എസ്.ആർ.ഒ. നമ്പർ 671/2015)

(ഫയൽ നം.2660/സബ്.സി.ബി2/2016/നി.സെ.)

എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കികൊണ്ട് 27-2-2012-ൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെയും പ്രസ്തുത തീയതിക്കുശേഷം പാരിസ്ഥിതിക അനുമതിയില്ലാതെ അനുവദിക്കപ്പെട്ട എല്ലാ ഖനനാനുമതികളും (പുതുക്കി നൽകിയവ ഉൾപ്പെടെ) സാധുതയില്ലാത്തതാണെന്ന ഹൈക്കോടതി ഉത്തരവിന്റെയും പശ്ചാത്തലത്തിൽ ചെറുകിട ക്വാറികൾ പൂട്ടിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015-ലെ ചട്ടം 12, 13 എന്നിവ ഭേദഗതി ചെയ്തുകൊണ്ടാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും പ്രസ്തുത വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിയമസാധുത ഇല്ലാതാക്കിയ സാഹചര്യത്തിൽ ചട്ടം 12-ലെ പ്രൊവിസോ ഭരണഘടനാ വിരുദ്ധമാണെന്നും ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു പ്രസ്തുത വിഷയത്തിന്മേൽ വ്യക്തത വരുത്തണമെന്നും സുപ്രീം കോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ചട്ടം 12-ലെ അപാകത പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് നിയമവകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു. ചട്ടം 13-ൽ അപാകതകളൊന്നുമില്ലാത്തതിനാൽ അംഗീകരിക്കാവുന്നതാണെന്ന് ശിപാർശ നൽകാൻ സമിതി തീരുമാനിച്ചു

2. കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്-2015 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് സമിതി സാധൂകരണം നൽകി (എസ്.ആർ.ഒ.നം.373/15).

(ഫയൽ നം.3789/സബ്.സി.ബി2/16/നി.സെ.)

3. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് സമിതി സാധൂകരണം നല്കി (എസ്.ആർ.ഒ.നം.374/15).

(ഫയൽ നമ്പർ 3790/സബ്.സി.ബി2/16/നി.സെ.)

4. മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ട് -1957 പ്രകാരവും പ്രസ്തുത നിയമ പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവും ശിക്ഷാർഹമായ കുറ്റങ്ങൾക്കെതിരെ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പുറപ്പെടുവിച്ച വിജ്ഞാപനം സംബന്ധിച്ച്.

പ്രസ്തുത വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ "so as to make the Mining and Geology Department as a Single Authority for the implementation of the rules..." എന്ന് ചേർത്തിട്ടുള്ളത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ ഏക അധികാര സ്ഥാപനമാക്കി മാറ്റുമെന്നും അത് വിവാദങ്ങൾക്ക് ഇടനൽകുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ "Mining and Geology Department as a single Authority" എന്ന ഭാഗം ഒഴിവാക്കണമെന്ന ഭേദഗതിയോടെ സമിതി സാധൂകരണം നൽകി (എസ്.ആർ.ഒ. നമ്പർ 375/15).

(ഫയൽ നമ്പർ 3791/സബ്.സി.ബി2/16/നി.സെ.)

V കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 1967-ലെ ഭേദഗതി ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 393/12) പരിശോധനയുമായി ബന്ധപ്പെട്ട് 12-11-2014-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നമ്പർ 4890/സബ്. സി. ബി2/2013/നി.സെ.)

ചട്ടങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല എന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എസ് .ആർ.ഒ.യുള്ള വിശദീകരണം പരിഗണിക്കേണ്ടതില്ലെന്നും ആയതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും സമിതി തീരുമാനിച്ചു.

II. സമിതിയുടെ ചുവടെ ചേർക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4873/സബ് .സി.ബി 2/2016/നി.സെ .)

ഖണ്ഡിക : 71

2012-13 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ് .സി.ബി2/2012/നി.സെ)

ഖണ്ഡികകൾ : 27, 60, 61, 62, 74, 75, 76, 77, 79.

2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3166/സബ് .സി.ബി2/2012/നി.സെ .)

ഖണ്ഡികകൾ : 1-20, 25-33, 35-39, 42-45, 48, 50, 54-56, 64.

ഖണ്ഡിക നമ്പർ 9-ലെ ശിപാർശയിന്മേൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി പ്രസ്തുത സ്ഥാപനത്തിന് 1995 മുതൽ 2012 വരെ ലഭിച്ചിട്ടുള്ള തുകയും പലിശയും ഉൾപ്പെടെ 2225 ലക്ഷം രൂപ ഷെയറാക്കി മാറ്റുന്നതിനുള്ള നിർദ്ദേശത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് വ്യവസായ വകുപ്പിന് കത്ത് അയയ്ക്കുവാൻ നിർദ്ദേശിച്ചു.

4. 2015-16- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3291/സബ് .സി.ബി2/2015/നി.സെ .)

ഖണ്ഡികകൾ : 1, 2, 3, 4, 5, 6, 7, 8, 33, 34.

5. 12-11-2014-ലെ യോഗത്തിലെ ബീഡി തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ സംബന്ധിച്ച സമിതി നിർദ്ദേശത്തിന്മേൽ വ്യവസായ വകുപ്പിന്റെ നടപടി റിപ്പോർട്ട്.

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2014-15- ലെ ആനുകാലിക റിപ്പോർട്ടിന്റെ അനുബന്ധത്തിലെ 12-11-2014-ലെ യോഗനടപടിക്കുറിപ്പിലെ ഇനം (5)-ലെ ബീഡി തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ സംബന്ധിച്ച നിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6. പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച സമിതി റിപ്പോർട്ട്

(ഫയൽ നമ്പർ 3629/സബ്.സി.ബി2/2016/നി.സെ.)

ഖണ്ഡികകൾ : 1, 4

III. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

IV. സമിതിയുടെ ചോദ്യങ്ങൾക്ക് വകുപ്പുകളിൽ നിന്നും യഥാസമയം മറുപടി ലഭ്യമാകുന്നില്ലെന്ന് വിലയിരുത്തിയ സമിതി, കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി നിശ്ചിത സമയത്തിനുള്ളിൽ വകുപ്പുകൾ മറുപടികൾ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 2017 ഫെബ്രുവരി 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2017 ഫെബ്രുവരി 8-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. പ്രൊഫ.കെ.യു. അരുണൻ, എം.എൽ.എ.
2. ശ്രീ. സി. ദിവാകരൻ, ,,
3. ശ്രീ. സി. കൃഷ്ണൻ, ,,
4. ശ്രീ. എൻ. വിജയൻ പിള്ള, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി.ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എസ്.പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സഞ്ജയ് കൗൾ, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. കെ. സുധീർ, ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ്
3. ശ്രീ. സി. ജ്യോതികുമാർ, ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം കൈത്തറി ഉല്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള പദ്ധതി അവലോകനം എന്ന വിഷയം സംബന്ധിച്ച് സമിതി വ്യവസായവകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പദ്ധതി നിയമസഭയിൽ പ്രഖ്യാപിച്ചതാണെന്നും അതു സംബന്ധിച്ച പുരോഗതി വിലയിരുത്താമെന്നും ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

കൈത്തറിമേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുന്നതിനും നിലവിലുള്ള നെയ്ത്തുകൂലി വർദ്ധിപ്പിക്കണമെന്നും പല ആളുകൾക്കും നെയ്ത്ത് അറിയാമെങ്കിലും യഥാസമയം തറികൾ റിപ്പയർ ചെയ്ത് ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും സമിതി നിരീക്ഷിച്ചു. യന്ത്രത്തറിയിൽ നെയ്തെടുത്ത തുണികൾ വിതരണം ചെയ്യാതെ കൈത്തറിയിൽ നെയ്ത തുണികൾ തന്നെയാണോ സ്കൂൾ യൂണിഫോമായി നൽകുന്നതെന്നകാര്യം ഉറപ്പുവരുത്തണമെന്നും തമിഴ്നാട്ടിലെ ചില ഏജന്റുമാർ തുണിയുടെ ഡിസൈനുമായി ബന്ധപ്പെട്ട് സ്കൂളുകളെ സമീപിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുതപദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പദ്ധതിയിൽ പ്രഖ്യാപിച്ച പ്രകാരം അത്രയും അളവിൽ തുണി നെയ്തെടുക്കാൻ കേരളത്തിലെ നെയ്ത്ത് തൊഴിലാളികളെക്കൊണ്ട് നിലവിലെ സാഹചര്യത്തിൽ സാധിക്കില്ലെന്നും സമിതി വിലയിരുത്തി.

പല കാരണങ്ങളാലും സംസ്ഥാനത്തെ പ്രധാന പരമ്പരാഗത തൊഴിൽ മേഖലയായ കൈത്തറി നെയ്ത്തുമേഖല അന്യംനിന്നുപോകുന്ന അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും രണ്ട് ലക്ഷത്തിൽപരം നെയ്ത്തുകാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് പത്തൊൻപതിനായിരത്തിൽ താഴെ നെയ്ത്തുകാർ മാത്രമേ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളുവെന്നും തറികൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും കേരളത്തിൽ നൂറ് രൂപയ്ക്ക് ലഭിക്കുന്ന തുണി തമിഴ്നാട്ടിൽ അമ്പത് രൂപയ്ക്ക് ലഭിക്കുമെന്നും കേരളത്തിലെ ജീവിതനിലവാരം ഉയർന്നതായതിനാൽ നെയ്ത്തുകാർക്ക് പ്രതിദിനം നൂറുരൂപ ലഭിച്ചാൽ പോലും ജീവിതം സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. കൈത്തറി വസ്ത്രമെന്ന പേരിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് വിൽക്കുന്ന പവർലൂം തുണിത്തരങ്ങൾകാരണം കൈത്തറി വസ്ത്രത്തിന്റെ വിപണി പിന്നോട്ട് പോവുകയാണെന്നും കൈത്തറിയും പവർലൂമും തമ്മിൽ വ്യത്യാസമില്ല എന്ന കേന്ദ്ര സർക്കാർ നയംമൂലം കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളിൽ കൈത്തറിക്കുള്ള പ്രത്യേക ബനിഫിറ്റ് ലഭിക്കാതെ വന്നതുകൊണ്ട് കൈത്തറിയിലുണ്ടായിരുന്ന പലരും പവർലൂമിലേക്ക് മാറിയതായും തകർന്നടിഞ്ഞ കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി കൊണ്ടുവരണമെന്ന ലക്ഷ്യത്തോടെയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചതെന്നും ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

25 ലക്ഷം വിദ്യാർത്ഥികളെ മുന്നിൽക്കണ്ടാണ് ഈ സ്കീം പ്രഖ്യാപിച്ചതെങ്കിലും ഓരോ വിദ്യാർത്ഥിക്കും രണ്ട് ജോഡി യൂണിഫോം വീതം നൽകാൻ 1 കോടി 30 ലക്ഷം മീറ്റർ തുണി ആവശ്യമായിവരുമെന്നും യൂണിഫോം തുണി നെയ്യുന്നതിനുവേണ്ടി സമ്മതമറിയിച്ച് കരാറിൽ ഏർപ്പെട്ട നെയ്ത്തുകാരുടെ എണ്ണം 3000-ൽ താഴെയാണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അളവിൽ മൊത്തം തുണിയും നെയ്തെടുക്കാൻ കേരളത്തിലെ നെയ്ത്തുതൊഴിലാളികളെക്കൊണ്ട് യഥാർത്ഥത്തിൽ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പുനഃപരിശോധിക്കുകയും ആദ്യ അദ്ധ്യയന വർഷം ഒന്ന് മുതൽ അഞ്ച് വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് മാത്രമായി സൗജന്യ യൂണിഫോം പരിമിതപ്പെടുത്തുകയും ചെയ്തെന്നും ആയതിനാൽ 130 ലക്ഷം മീറ്റർ തുണി ആവശ്യമായിരുന്ന സ്ഥാനത്ത് 58 ലക്ഷം മീറ്റർ ആയി target (ടാർജെറ്റ്) ചുരുങ്ങിയെങ്കിലും അതുപോലും ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽസ് ഡയറക്ടർ വിശദീകരിച്ചു. 58 ലക്ഷം മീറ്റർ തുണി നെയ്യുന്നതിന്റെ ആദ്യ പടിയായി 30 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കുന്നതിനായി 82 കോടി രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ അനുവദിക്കുകയും ഈ തുക കൈത്തറി ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഉൽപ്പാദനം കുറയുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളിലെ കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തുകയും ആയതിന് ആവശ്യമായ 18 ലക്ഷം മീറ്റർ തുണി ഏപ്രിൽ 20-നു മുൻപ് നെയ്തെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയെന്നും എന്നാൽ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെയും വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ പദ്ധതി നിർവഹണം വിലയിരുത്തിയപ്പോൾ ഒന്നു മുതൽ നാലുവരെയും ഒന്നു മുതൽ അഞ്ചുവരെയും ക്ലാസ്സുകൾ മാത്രമുള്ള സർക്കാർ സ്കൂളുകളിൽ മാത്രമായി പദ്ധതി നിജപ്പെടുത്തിയാൽ കുട്ടികൾക്കാവശ്യമായ യൂണിഫോം തുണി പത്ത് ലക്ഷം മീറ്ററിൽ കൂടുകയില്ലെന്ന് വ്യക്തമായെന്നും ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കൈത്തറിമേഖലയുടെ പുനഃസംഘടനയാണ് കഴിഞ്ഞ ബഡ്ജറ്റിലെ പ്രധാന പ്രഖ്യാപനങ്ങളിൽ ഒന്നെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന ഡിപ്പാർട്ട്മെന്റിന്റെ നിലപാടുമൂലം പദ്ധതി സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരാനിടയുള്ളതായും സമിതി വിലയിരുത്തി.

വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി പ്രസ്തുത പദ്ധതി സംബന്ധിച്ച് അവലോകനം ചെയ്തിരുന്നതായി ചെയർമാൻ അറിയിച്ചു. തറികളുടെ ലഭ്യതക്കുറവും നിലവിലുള്ള തറികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കാത്തതും നെയ്ത്തുകാരുടെ അഭാവവും ഉൽപ്പാദനത്തെ ബാധിച്ചുവെന്നും കൂടുതൽ ജോലിയും കുറഞ്ഞ കൂലിയും കാരണം ഈ മേഖലയിൽ തൊഴിലാളികൾ കുറവാണെന്നും സമയപരിമിതി ഉള്ളതായും സമിതി അഭിപ്രായപ്പെട്ടു.

എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കി സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മാത്രം യൂണിഫോം വിതരണം ചെയ്യുന്നത് പ്രായോഗികമായി ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. പദ്ധതി നടത്തിപ്പിൽ ചില പരിമിതികൾ ഉണ്ടായിട്ടുള്ളതായും എങ്കിലും പരമാവധി സ്കൂളുകളിൽ ഈ വർഷം യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമെന്നും ചെയർമാൻ വ്യക്തമാക്കി.

ഉൽപ്പാദനത്തിനാവശ്യമായ തുണിക്ക് വേണ്ടിവരുന്ന നൂൽ 3.47 ലക്ഷം കിലോഗ്രാമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹാൻഡ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷന് നൽകിയ ഇൻഡന്റ് അനുസരിച്ച് നൂൽ ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ആയത് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഹാൻഡ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

30 ലക്ഷം മീറ്ററിൽനിന്നും ലക്ഷ്യം 10 ലക്ഷം മീറ്ററായി കുറവു വന്നത് കാരണം അധിക തുകയായ 35 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിന് തിരികെ നൽകിയത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ ഒരു വിദ്യാർത്ഥിക്ക് 400 രൂപ വീതം യൂണിഫോമിനായി നൽകാനുള്ള പദ്ധതിയായിരുന്നു മുമ്പുണ്ടായിരുന്നതെന്നും ഒന്നു മുതൽ എട്ട്‌വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് മുഴുവൻ സൗജന്യ യൂണിഫോം കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പിന് തുക തിരികെ നൽകിയതെന്നും അദ്ദേഹം മറുപടി നൽകി.

ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി യൂണിഫോം തുണിക്കായി 400 രൂപ വീതം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ടെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതു പോലെ മുഴുവൻ വിദ്യാർത്ഥികൾക്കും കൈത്തറി യൂണിഫോം നൽകാൻ സാധിക്കില്ല എന്നത് പദ്ധതിയിൽ വന്ന മാറ്റമാണെന്നും സമിതി നിരീക്ഷിച്ചു.

ഒന്നാന്തരം കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്ന സംഘങ്ങൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സംഘങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ചായം മുക്കുന്നതിനായി തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മിൽസിനെ ഏല്പിക്കുന്ന നടപടി ശരിയായില്ലെന്നും തറികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന്

പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുള്ള പകുതി തുകയായ 2000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും സമയബന്ധിതമായി നൂൽ വിതരണം ചെയ്യുന്നതിന് നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷന് 3 കോടി രൂപ അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ നെയ്ത്തുകാർക്ക് ജനുവരി 15 വരെയുള്ള നെയ്ത്തുകൂലി നൽകുന്നതിന് 52 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

മറ്റ് ജില്ലകളിലെ നെയ്ത്തുകാർക്കും നെയ്ത്തുകൂലി നല്കുകയുണ്ടായെന്ന് ഡയറക്ടർ അറിയിച്ചു.

നെയ്ത്തുകൂലി ആഴ്ചതോറും നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

ഇപ്പോൾ എത്ര ലക്ഷം മീറ്റർ തുണി സ്റ്റോക്ക് ഉണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 2 ലക്ഷം മീറ്റർ തുണി സ്റ്റോക്ക് ഉണ്ടെന്നും ഇതിൽ 50000 മീറ്റർ തുണി ചായം മുക്കുന്നതിനായി തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിലേക്ക് അയച്ചിട്ടുണ്ടെന്നും ഓരോ ആഴ്ചയിലും 30000-40000 മീറ്റർ തുണി ചായം മുക്കുന്നതിനായി തമിഴ്നാട്ടിലേക്ക് അയച്ചുകൊണ്ടിരിക്കുകയാണെന്നും പ്രതിദിനം 9000 മീറ്റർ തുണി ഉല്പാദിപ്പിക്കുന്നുണ്ടെന്നും ഹാൻഡ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

തുണികളിൽ ചായം മുക്കുന്നതിനുള്ള സംവിധാനം കേരളത്തിലെ മില്ലുകളിൽ ഇല്ലേ എന്ന് സമിതി ആരാഞ്ഞപ്പോൾ കണ്ണൂരും തിരുവനന്തപുരത്തുമുള്ള ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ ചായം മുക്കുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും ഇത്രയും അളവ് തുണി ചായം മുക്കുന്നതിന് സംവിധാനമില്ലെന്ന് ഡയറക്ടർ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിൽ പാപ്പനംകോട് ചായം മുക്കുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും അത് പൂട്ടിക്കിടക്കുകയാണെന്ന് ഡയറക്ടർ അറിയിച്ചപ്പോൾ ആ യൂണിറ്റിനെ നവീകരിച്ചെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത യൂണിറ്റ് നവീകരിക്കുന്നതിനുള്ള ഫണ്ട് അടുത്ത ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

യാൺ ബാങ്കിന്റെ പ്രവർത്തനത്തെക്കുറിച്ചും നൂൽ വിതരണത്തെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ യാൺ ബാങ്ക് പ്രവർത്തിക്കുന്നുണ്ടെന്നും കണ്ണൂരിലെ നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയാണ് നൂൽ വിതരണം നടത്തുന്നതെന്നും ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ അറിയിച്ചു.

യാൺ ബാങ്കിൽനിന്നും നേരിട്ടാണോ നൂൽ നെയ്ത്തെടുക്കുന്നത് എന്ന് സമിതി ആരാഞ്ഞതിന് നെയ്ത്തെടുക്കാൻ വീവർമാരുള്ളതായി ഡയറക്ടർ അറിയിച്ചു. തുണി നേരിട്ട് നെയ്തെടുക്കുക എന്ന സമീപനത്തിലേക്ക് എത്തിച്ചേരേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

നൂൽ വിതരണം ചെയ്യുന്ന ജോലികൾ ഹാന്റക്സ്/ഹാൻവീവ് സ്ഥാപനങ്ങളെ ഏൽപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 2008-ൽ ഏൽപ്പിച്ചുവെങ്കിലും അന്ന് പൂർണ്ണമായി വിജയിച്ചില്ല എന്ന് ഡയറക്ടർ വ്യക്തമാക്കി. എല്ലായിടത്തും കൈത്തറി പ്രാഥമിക സംഘങ്ങളുണ്ടെന്നും അവയെ വിശ്വാസത്തിലെടുത്താൽ മാത്രമേ ഹാന്റക്സ്/ഹാൻവീവ് പോലെയുള്ള സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു.

നെയ്ത്തുകഴിഞ്ഞ് ചായംമുക്കി ഏപ്രിൽ 15-ാം തീയതിക്കുള്ളിലെങ്കിലും യൂണിഫോമിനുള്ള തുണി വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയ ചെയർമാൻ യൂണിഫോം അതത് സ്കൂളുകളിൽ എത്തിക്കാനുള്ള ചുമതല പൊതുവിദ്യാഭ്യാസ വകുപ്പിനാണെന്ന് അറിയിച്ചു.

ഏപ്രിൽ 20-ന് മുമ്പ് സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് ഡയറക്ടർ അറിയിച്ചു. അടുത്ത വർഷം മുതൽ സമയബന്ധിതമായി രണ്ട് ജോഡിയൂണിഫോം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യണമെന്നും അതിനുള്ള തയ്യാറെടുപ്പുകൾ കാലേകൂട്ടി സമയബന്ധിതമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കൈത്തറി മേഖലയെപ്പോലെ ഖാദി ഉൽപ്പന്നങ്ങളേയും ഖാദി മേഖലയേയും പരിപോഷിപ്പിക്കേണ്ടതുണ്ടെന്നും പ്രസ്തുത വിഷയം പിന്നീട് പരിഗണിക്കാമെന്നും ബഹു. സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ചായം മുക്കുന്നതിനായി തുണികൾ തമിഴ്നാട്ടിലേക്ക് അയയ്ക്കുമ്പോഴും അവ തിരികെ ലഭിക്കുമ്പോഴും പരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഒരു മാസം 18 ലക്ഷം മീറ്ററാണ് തുണി ചായം മുക്കുന്നതിനുള്ള തമിഴ്നാട് മില്ലിന്റെ കപ്പാസിറ്റി എന്നും കൈവശമുള്ള സ്റ്റോക്ക് പ്രസ്തുത ആവശ്യത്തിന് അയച്ചുകഴിഞ്ഞെന്നും ചായം മുക്കുന്നതിനുള്ള തുണികൾ തമിഴ്നാട്ടിൽ അയയ്ക്കുമ്പോൾ അത് പരിശോധിക്കുന്നതിനായി ഹാന്റക്സ്/ഹാൻവീവ്/ഐ.ഐ.എച്ച്.റ്റി. എന്നിവിടങ്ങളിൽ നിന്നും രണ്ട് ക്വാളിറ്റി കൺട്രോൾ പരിശോധകരെ നിയമിച്ചിട്ടുണ്ടെന്നും ചായം മുക്കുന്നതിനായി തുണികൾ അയച്ചുകൊടുക്കുമ്പോഴും തിരിച്ചുവരുമ്പോഴും ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ നടത്തുന്നുണ്ടെന്നും ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും വിശദമായ റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ നൽകാമെന്ന് ഡയറക്ടർ മറുപടി നൽകുകയും ചെയ്തു.

തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മിൽ സ്വകാര്യ സ്ഥാപനമാണോ എന്ന് സമിതി ആരാഞ്ഞപ്പോൾ തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് പ്രസ്തുത സ്ഥാപനം എന്ന് വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

കൈത്തറി മേഖലയിൽ പണിയെടുക്കാൻ തൊഴിലാളികൾ കുറവാണെന്നും ഉള്ളവർ പ്രായമേറിയവരാണെന്നും സമിതി നിരീക്ഷിച്ചു. വേണ്ടത്ര വരുമാനവും സ്ഥിരം തൊഴിലും ഉറപ്പാക്കി യുവതീ യുവാക്കളെ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നതിന് സന്നദ്ധരാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

മുൻകാലങ്ങളിൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന തറികളുടെ കണക്ക് അടിസ്ഥാന പ്പെടുത്തിയാണ് പദ്ധതി രൂപപ്പെടുത്തിയതെന്നും ഇക്കാര്യത്തിലുള്ള ഡേറ്റാബേസുകളും യഥാർത്ഥ വസ്തുതയും തമ്മിൽ വലിയ അന്തരമുണ്ടെന്നും പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയിൽ തൊഴിൽചെയ്യാൻ സന്നദ്ധത കാണിക്കാത്ത തിനാൽ കൈത്തറി നെയ്ത്തുമേഖല അന്യംനിന്നുപോകുന്ന അവസ്ഥയാണെന്നും പുതിയ തലമുറയിലെ യുവതീയുവാക്കൾക്ക് ആവശ്യമായ പരിശീലനം കൊടുത്തുകൊണ്ടു മാത്രമേ ഈ മേഖലയെ ഉയർത്തികൊണ്ടു വരാൻ സാധിക്കുകയുള്ളൂ എന്നും അടുത്ത അദ്ധ്യയനവർഷം ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം കൊടുക്കുന്നതിനുള്ള ശ്രമം തുടരണമെന്നും ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് പ്രയത്നിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 12.05-ന് യോഗം പിരിഞ്ഞു.

## 2017 മാർച്ച് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ യോഗം 2017 മാർച്ച് 27-ാം തീയതി, തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. പ്രൊഫ. കെ.യു. അരുണൻ, എം.എൽ.എ.
2. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. എൻ. വിജയൻ പിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി. പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും കയറും വകുപ്പ്.
3. ശ്രീ. സഞ്ജയ്കൗൾ, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
4. ശ്രീ. എ.എം. ജാഫർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. എൻ. പദ്മകുമാർ, ഡയറക്ടർ, കയർ വികസന വകുപ്പ്
6. ശ്രീ. കെ. സുധീർ, ഡയറക്ടർ, ഹാന്റ്ലൂംസ് & ടെക്സ്റ്റൈൽസ് വകുപ്പ്.
7. ശ്രീ. ടി. സുകുമാരൻ നായർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ
8. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ.
9. ശ്രീ. എൻ. കെ. മനോജ്, മാനേജിംഗ് ഡയറക്ടർ, കരകൗശല വികസന കോർപ്പറേഷൻ
10 ശ്രീ. ടി. വി. വിനോദ്, മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

2017-2018 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ കീഴിൽ 2851-ഗ്രാമ ചെറുകിട വ്യവസായങ്ങൾ, 2851-00-105-ഖാദി ഗ്രാമവ്യവസായങ്ങൾ, 2851-00-106-കയർ വ്യവസായങ്ങൾ, 4851-ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള മൂലധന ചെലവ്, 6851-ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

വ്യവസായ വാണിജ്യവകുപ്പിന്റെ 2851, 4851 എന്നീ ശീർഷകങ്ങളിലുള്ള ധനാഭ്യർത്ഥനകൾ പരിഗണിച്ചുകൊണ്ട് സമിതി യോഗം ആരംഭിച്ചു.

വ്യവസായ വകുപ്പിന് കീഴിൽ വ്യവസായ വാണിജ്യ വകുപ്പ്, ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ശീർഷകങ്ങളാണ് ഉള്ളതെന്നും വ്യവസായത്തിന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 119.59 കോടി രൂപ വകയിരുത്തിയിരുന്നു എന്നും 6.25 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ ആയി ഇ-ലാംപ്സിൽ നിന്ന് കിട്ടിയിരുന്നെന്നും ആകെ 125.84 കോടി രൂപ ഉണ്ടായിരുന്നെന്നും നാളിതുവരെ 65 കോടി രൂപ ചെലവായിട്ടുണ്ടെന്നും ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 30% വർദ്ധനവ് വന്നിട്ടുണ്ടെന്നും 163.56 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം എന്നും അതുകൂടാതെ 19.35 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന ശീർഷകത്തിൽ 10 കോടി രൂപയും കരകൗശല മേഖലയിലെ അപ്പക്സ് ഓർഗനൈസേഷൻസിന് 7.5 കോടി രൂപയും പൊതു പ്രവർത്തന സൗകര്യ കേന്ദ്രങ്ങൾക്കായി 115 ലക്ഷം രൂപയും വിദഗ്ധ കരകൗശല തൊഴിലാളികളെ സ്വയം സംരംഭകരാക്കി മാറ്റാനുള്ള 'ആഷ' പദ്ധതിക്ക് 70 ലക്ഷം രൂപയും കൂടി അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ആമുഖമായി പറഞ്ഞു.

ചെറുകിട വ്യവസായക്ലസ്റ്റർ രൂപീകരണ പരിപാടിക്കായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും, ഇതു കൂടാതെ കേന്ദ്രസഹായവും ലഭിക്കുന്നുണ്ടെന്നും നാളിതുവരെ 15 ക്ലസ്റ്ററുകളാണ് എം.എസ്. എം. ഇ.ലേക്ക് കൊടുത്തിരിക്കുന്നത് എന്നും അതിൽ 8 എണ്ണം പൂർത്തീകരിക്കാൻ സാധിച്ചെന്നും 5 എണ്ണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും നേര്യമംഗലത്ത് ഒരു പ്ലൈവുഡ് ക്ലസ്റ്റർ കിട്ടിയിട്ടുണ്ടെന്നും ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി 6 കോടി രൂപ വീതം ചങ്ങനാശ്ശേരിയിലുള്ള പൂവൻതുരുത്ത് ഇൻഡസ്ട്രിയൽ ഏരിയായ്ക്കും എറണാകുളത്തുള്ള എടയാർ ഇൻഡസ്ട്രിയൽ ഏരിയായ്ക്കും ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ഡി.എ./ഡി.പി.-കളുടെ പുനരുദ്ധാരണത്തിനും ആധുനികവൽക്കരണത്തിനുമായി 4 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതായും എന്നാൽ അതിൽ നിന്നും തുകയൊന്നും ചെലവാക്കിയില്ലെന്നും രണ്ടു പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചെങ്കിലും അതിനുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ലെന്നും വ്യവസായ വകുപ്പ് കൂടുതൽ തുക ആവശ്യപ്പെടുന്നുണ്ടെങ്കിലും കിട്ടുന്ന ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തുക ഓരോന്നിനും 10 കോടി രൂപ വീതമാണെന്നും, അതിന്റെ അനുപാതം 60:40 ആണെന്നും രണ്ടു പ്രോജക്ടുകൾ മാത്രമേ അനുവദിച്ചിട്ടുള്ളെന്നും 2013-ൽ സമർപ്പിച്ച പ്രോജക്ടുകൾക്ക് എന്തുകൊണ്ടാണ് ഫോളോ അപ് നടത്താഞ്ഞതെന്നും സമിതി ആരാഞ്ഞപ്പോൾ ഫോളോ-അപ്പ് നടത്തിയാണ് രണ്ട് പ്രോജക്ടുകൾ ലഭിച്ചതെന്നും സംസ്ഥാന സർക്കാരുകൾക്ക് ഈ സ്കീം നൽകാൻ പാടില്ലെന്നാണ് നിയമം എന്നും കിൻഫ്ര,സിഡ്കോ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ ക്കാണ് പദ്ധതി അനുവദിക്കുന്നതെന്നും, കേരളത്തിന് വേണ്ടിമാത്രമാണ് പദ്ധതിയിൽ എക്സംപ്ഷൻ വരുത്തിയതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

നിലവിലുള്ള ഡി.എ./ഡി.പി.കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പദ്ധതികൾ കേന്ദ്രധനസഹായത്തിന് സമർപ്പിച്ചിരുന്നതായും രണ്ടെണ്ണത്തിന് അംഗീകാരം ലഭിച്ചതായും എന്നാൽ സംസ്ഥാനവിഹിതമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കി. പൂവലുരുത്തും എടയാറുമുള്ള രണ്ട് പദ്ധതികൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാന വിഹിതമായി 400 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൺമറഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 2016-2017 സാമ്പത്തികവർഷം പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപ വകയിരുത്തുന്നതായി പറഞ്ഞെങ്കിലും ഇതിന് ബഡ്ജറ്റ് വിഹിതം ലഭിച്ചിരുന്നില്ലെന്നും അതിനാൽ 2017-2018 സാമ്പത്തിക വർഷം അസിസ്റ്റൻസ് ടു അപ്പക്സ് ഓർഗനൈസേഷൻസ് എന്ന ശീർഷകത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുക ആവശ്യമായിവരുമെന്നും സമിതി ആരാഞ്ഞു.

സുരഭി, കാഡ്കോ, കെൽപാം, കൈരളി, ബാംബൂ കോർപ്പറേഷൻ എന്നിവയ്ക്കെല്ലാം കൂടി ബഡ്ജറ്റിൽ 250 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം എന്നീ സ്ഥാപനങ്ങൾ കരകൗശല മേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളിൽ വിപണന സഹായം, ഉൽപ്പന്ന വികസനം, നൈപുണ്യവികസനം തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിന് 750 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പൊതുപ്രവർത്തന സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയിൽ വ്യക്തിഗതമായ സംരംഭങ്ങൾ സസ്റ്റയിനബിളല്ലെന്ന് കാണുന്നതിനാൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് procurement of Raw Materials, marketing processing എന്നിവ സെൻട്രലൈസ് ചെയ്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. ടി.വി. തോമസിന്റെ കാലത്ത് തിരുവനന്തപുരത്താണ് കേരളത്തിൽ ആദ്യമായി ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങിയതെന്നും, അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുത്ത് തൊഴിലാളികൾക്ക് ജോലി നൽകുകയും അതിന് ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഒരു പ്രതിഫലം നിശ്ചയിക്കുകയുമാണ് ചെയ്യുന്നതെന്നും അതിന്റെ പ്രവർത്തനം ഫലപ്രദമാണോ എന്നും അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു.

വ്യവസായങ്ങൾക്കായി വലിയ മെഷനറി സ്ഥാപിച്ചാണ് ഇപ്പോൾ കോമൺ ഫെസിലിറ്റി സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതെന്നും ഇവിടെയുണ്ടാകുന്ന ഉല്പന്നങ്ങൾക്ക് ഒരു ബ്രാന്റ് നെയിംകൂടി ലഭിക്കുകയാണെങ്കിൽ അവ നല്ലരീതിയിൽ വിറ്റഴിക്കാൻ സാധിക്കുമെന്നും വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

തഴപ്പായ നെയ്ത്ത്, ബാംബു ഉല്പന്നങ്ങൾ എന്നിവയ്ക്ക് ക്ലസ്റ്റർ ഉണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ഇത്തരം ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സംഘടനകളുമായി ടൈ-അപ്പ് ഉണ്ടാക്കുമെന്നും അവർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതെന്നും വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു

തിരുവനന്തപുരത്ത് നിലവിലുള്ള കോമൺ ഫെസിലിറ്റിസ് സെന്ററിൽ നിലവിൽ എത്ര രൂപയുടെ ഉൽപ്പന്നങ്ങൾ സ്റ്റോക്കുണ്ടെന്ന് സമിതി ആരാഞ്ഞു. അട്ടക്കുളങ്ങര കോമൺഫെസിലിറ്റി സെന്ററിൽ തടിയുടെ ശില്പങ്ങളാണ് നിർമ്മിക്കുന്നതെന്നും അവ കൈരളി ഔട്ട്ലെറ്റുകൾ വഴിയാണ് വിൽക്കുന്നതെന്നും നിലവിൽ ഏകദേശം 40 ലക്ഷം രൂപയുടെ സ്റ്റോക്കുണ്ടെന്നും കരകൗശല വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ഇപ്പോഴുള്ള കോമൺ ഫെസിലിറ്റി സെന്ററുകളിൽ ഒരു ടൺ സാധനം എടുക്കുമ്പോഴും 100 കിലോ എടുക്കുമ്പോഴും അവയുടെ വിലയിലുണ്ടാകുന്ന വ്യത്യാസം മനസ്സിലാക്കി ആർട്ടിസാന് കൂടുതൽ തുക ലഭ്യമാകുന്ന രീതിയിലാണ് അവ മാർക്കറ്റ് ചെയ്യുന്നതെന്നും വലിയ പ്രോസ്സസ് വരുന്ന ഉല്പന്നങ്ങൾക്കുമാത്രം ഇത്തരം സെന്ററുകളെ ആശ്രയിക്കാനും അല്ലാത്തവ അവരവരുടെ സ്ഥാപനങ്ങളിൽ വച്ചുതന്നെ പ്രോസസ് ചെയ്യാനുമാണ് ഉദ്ദേശിക്കുന്നതെന്നും പത്തോ ഇരുപതോ ആളുകൾ ഉൾപ്പെടുന്ന ഒരു ക്ലസ്റ്റർ, കോമൺ ഫെസിലിറ്റി സെന്ററുകളുമായി ചേർന്ന് പ്രവർത്തിക്കുകയാണെങ്കിൽ അത് പ്രയോജനപ്രദമാണെന്നും ഓരോ മേഖലയിലെയും സ്വാഭാവികമായ വ്യവസായങ്ങൾ കണ്ടെത്തി അവയുടെ മൂല്യവർദ്ധനവിനുവേണ്ടി പ്രവർത്തിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഒരു പോർട്ടൽ സംവിധാനം രൂപീകരിച്ച് ഹാന്റിക്രാഫ്റ്റ് ഉല്പന്നങ്ങളുടെ ഫോട്ടോ, അത് നിർമ്മിച്ച വ്യക്തിയുടെ വിവരങ്ങൾ മുതലായവ ശേഖരിച്ച് അതിന്റെ വില നിശ്ചയിച്ച് ഫ്ലിപ്കാർട്ട് പോലുള്ള ഓൺലൈൻ പോർട്ടലുകൾ വഴി വില്പന നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ എത്ര കോടി രൂപയാണ് ചെലവാകുന്നത് എന്ന് സമിതി ആരാഞ്ഞപ്പോൾ അത് നിരവധി ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്നും ചില ക്ലസ്റ്ററുകൾക്ക് ഒരു കോടി രൂപ വേണ്ടി വരുമെന്നും ശരാശരി ഒന്ന് മുതൽ ഒന്നരക്കോടി രൂപവരെ ചെലവാകുമെന്നും വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

70:30 അനുപാതത്തിലാണ് ഫണ്ട് അനുവദിക്കുന്നതെന്നും കേന്ദ്ര വിഹിതം 70 ശതമാനവും സംസ്ഥാന വിഹിതം 30 ശതമാനവുമാണെന്നും സംസ്ഥാന ഗവൺമെന്റ് 30 ലക്ഷം രൂപ നൽകുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് 70 ലക്ഷം രൂപ അനുവദിക്കുന്നതാണെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

സംസ്ഥാന കരകൗശല മേഖലയിൽ ക്ലസ്റ്റർ ഡെവലപ്മെന്റിന്റെ ഭാഗമായി കോമൺഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം 200 ലക്ഷം രൂപയോളം ആവശ്യമായി വരുമെന്നും ഇതിൽ 85 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത പദ്ധതിക്കായി 115 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

പരമ്പരാഗതമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപ പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ലെന്നും അതിൽ 600 ലക്ഷം രൂപ ഇ-ലാപ്സിൽ ഇട്ടിരിക്കുകയാണെന്നും കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു

ധനകാര്യ വകുപ്പിന്റെ ഒരു പദ്ധതിയാണ് ഇലക്ട്രോണിക് ലെഡ്ജർ എന്ന ഇ-ലാപ്പ് എന്നും ഇ-ലാപ്പിൽ ഉൾപ്പെടുത്തുന്ന തുക ക്യാരി ഓവർ ചെയ്ത് അടുത്ത സാമ്പത്തിക വർഷം സെപ്റ്റംബർ 30-ാം തീയതിക്കകം ചെലവാക്കിയാൽ മതിയെന്നതാണ് ഇതിന്റെ മെച്ചമെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം, കേരള ബാംബൂ മിഷൻ (കെ-ബിഎം) എന്നീ ഏജൻസികൾ മുഖേന കരകൗശല രംഗത്തെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനായി വിവിധ പദ്ധതികൾ വ്യവസായവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കരകൗശല മേഖലയിലെ വിദഗ്ധ തൊഴിലാളികളെ സ്വയം സംരംഭകരാക്കി മാറ്റാനുള്ള 'ആഷ' എന്ന പുതിയ പദ്ധതിക്കായി ശരാശരി ഒരു ആർട്ടിസാന് ഒരു ലക്ഷം രൂപ സഹായം എന്ന നിരക്കിൽ 100 ആർട്ടിസാൻകാരെയെങ്കിലും സഹായിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ആയതിലേയ്ക്കായി 2017-18 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ആവശ്യമുണ്ടെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്ക് 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യവസായ എസ്റ്റേറ്റുകൾ നവീകരിക്കുന്നതിന് 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിന് പര്യാപ്തമാകുമോ എന്നും സമിതി ആരാഞ്ഞപ്പോൾ ചങ്ങനാശ്ശേരിയിലെ റബ്ബറിനും പ്ലാസ്റ്റിക്കിനും വേണ്ടിയുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നവീകരണത്തിനുവേണ്ടിയാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളതെന്നും 2016-2017-ൽ വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ നവീകരണത്തിന് 38 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ടെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

പുതിയ തൊഴിൽ അവസരങ്ങൾക്ക് സബ്സിഡിയായി 2016-2017-ൽ 200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നെന്നും ഈ വർഷം അത് 100 ലക്ഷം രൂപയായി കുറഞ്ഞിട്ടും അധിക തുക എന്തുകൊണ്ടാണ് ആവശ്യപ്പെടാത്തതെന്ന സമിതിയുടെ ചോദ്യത്തിന് ഡി.ഐ.സി.-യുടെ അലോട്ട്മെന്റിൽ ഏകദേശം 30 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുള്ളതുകൊണ്ടാണ് കൂടുതൽ തുക ആവശ്യപ്പെടാത്തത് എന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കൈത്തറി വ്യവസായം സംബന്ധിച്ച ചർച്ചയിൽ കൈത്തറിതുണികൾക്ക് 2014 മുതലുള്ള റിബേറ്റ് കുടിശിക നൽകാൻ 10 കോടി രൂപ അധികം ആവശ്യമുള്ളതായി, ഡയറക്ടർ ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് അറിയിച്ചു. അപ്പർ പ്രൈമറി വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തി.

പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഫണ്ട് വിദ്യാഭ്യാസ വകുപ്പാണ് കണ്ടെത്തുന്നത് എന്നും നിലവിൽ, യൂണിഫോം വാങ്ങുന്നതിന് 400 രൂപ വീതം ഓരോ വിദ്യാർത്ഥിക്കും നൽകുന്ന പദ്ധതിസ്ഥപകരം കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ ഉള്ളതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

2016-17-ലെ റിബേറ്റും മുൻകാല റിബേറ്റ് കുടിശ്ശികകളും നൽകുന്നതിന് 1600 ലക്ഷം രൂപ പര്യാപ്തമാണോ എന്ന് സമിതി ആരാഞ്ഞപ്പോൾ 2014-15 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നും 22.95 കോടി രൂപയാണ് ആകെ വേണ്ടത് എന്നും ഹാന്റ്ലൂംസ് & ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

തമിഴ്നാട്ടിലെ പവർലൂം തുണി വാങ്ങി കേരളത്തിലെത്തിച്ച് റിബേറ്റ് തുക കൈപ്പറ്റുന്നു എന്ന ആക്ഷേപം തെളിയിക്കാൻ സംവിധാനം ഉണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ അതു സംബന്ധിച്ച് വെരിഫിക്കേഷൻ നടത്തുന്നുവെന്നും അപ്പോൾ കൂടുതൽ പരാതികൾ കിട്ടുന്നുണ്ടെന്നും അതുകൊണ്ട് അലോട്ട്മെന്റ് നൽകുന്നതിന് നിയന്ത്രണം ഉണ്ടെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ഹാന്റെക്സിൽ പ്രവർത്തിക്കാത്ത കൈത്തറി സഹകരണ സംഘങ്ങളിൽനിന്ന് തുണി വാങ്ങിയത് സംബന്ധിച്ച നിരവധി വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് സമിതി വിലയിരുത്തി. ഹാന്റ്ലൂം വകുപ്പിന്റെ ഫീൽഡ് സ്റ്റാഫ്, വിജിലൻസ് വിംഗ്, തറികളുടെ എണ്ണം എന്നിവയെ കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് വകുപ്പിന് എൻഫോഴ്സ്മെന്റ് വിംഗ് ഉണ്ടെന്നും ഒറ്റത്തറിയും വീടുകളിലുള്ളതും ചേർത്ത് 22000 ലൈസൻസ്ഡ് തറികൾ ഉണ്ടെന്നും ഹാന്റ്ലൂംസ് ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ മറുപടി നൽകി.

എല്ലാതറികളും ഉപയോഗിച്ച് നടക്കുന്ന പരമാവധി ഉല്പാദനം കണക്കാക്കിയശേഷം അതിൽകൂടുതൽ തുണി വില്പന നടക്കുന്നുണ്ടെങ്കിൽ അത് സ്മഗ്ലിംഗ് ആണെന്നും കേരളത്തിൽ എത്ര തറിയുണ്ട്, ഉല്പാദനം എങ്ങിനെയാണ്, നൂൽ വാങ്ങുന്നുണ്ടോ, എവിടെനിന്നാണ് വാങ്ങുന്നത്, വില്ക്കുന്നത് എത്രയാണ്, ഓരോ പ്രൈമറി സംഘങ്ങളും എത്രയാണ് വില്ക്കുന്നത്, ഹാന്റെക്സിന്റെ ആകെ വരുമാനം എത്രയാണ് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നുണ്ടോ എന്നും സമിതി ആരാഞ്ഞു.

ഇത്ര സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും 147 സംഘങ്ങളിൽ പരിശോധന നടത്തിയപ്പോൾ 67 എണ്ണമേ പ്രവർത്തിക്കുന്നുള്ളൂ എന്ന് മനസ്സിലായെന്നും ഹാന്റക്സിനെ ഒഴിവാക്കിയാണ് റിബേറ്റ് കുടിശ്ശിക കൊടുക്കുന്നതെന്നും ഹാന്റ്ലൂംസ് & ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കൈത്തറി അപ്പക്സ് സ്ഥാപനങ്ങളായ ഹാന്റക്സിന്റെയും ഹാൻവീവിന്റെയും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും 2014 മുതലുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നതിനും 2017-18 സാമ്പത്തിക വർഷത്തെ റിബേറ്റ് നൽകുന്നതിനുമായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിനാൽ 1000 ലക്ഷംരൂപ നോൺ പ്ലാനിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖാദിക്ക് 2017-18 സാമ്പത്തിക വർഷം 16.91 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്ലാനിൽ 27.95 കോടി രൂപയും റിബേറ്റ് ഇനത്തിൽ 60.77 കോടി രൂപയും സാലറി അരിയേഴ്സ് റീഇംബേഴ്സ് ചെയ്യുന്നതിന് 78.88 കോടി രൂപയും ഉൾപ്പെടെ നോൺ പ്ലാനിൽ 139.65 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗീകാരത്തിനായി സമർപ്പിച്ച 2017-18-ലെ പ്രവൃത്തികളായ പുതിയ വില്പനശാലകൾ ആരംഭിക്കുന്നതിനും, വില്പന ശാലകളുടെയും സംഭരണ ശാലകളുടെയും നവീകരണം പൂർത്തിയാക്കുന്നതിനും പ്രദർശന മേള, ഐ.ഐ.റ്റി.എഫ്. എന്നിവയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയതിനാൽ പ്രസ്തുത ആവശ്യത്തിനായി 105 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ ഖാദി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 13000-ത്തോളം ഖാദി തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവും ഉൽസവകാല ഇൻസെന്റീവും നൽകുന്നതിനും 2015-16, 2016-17 വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ 430 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. എന്നാൽ അധികമായി ആവശ്യപ്പെട്ട 1570 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ മൂന്നിരട്ടി ആണെന്നും അത് ശിപാർശ ചെയ്യുന്നത് യുക്തിക്ക് നിരക്കാത്തതാണെന്നും സമിതി വിലയിരുത്തുകയും ആയതിനാൽ 570 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവ്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും 2017 ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ അനുവദിക്കേണ്ട രണ്ട് ഗഡു ശമ്പളപരിഷ്കരണ കുടിശ്ശിക, ഭാവിയിൽ പെൻഷൻ പരിഷ്കരണംമൂലമുണ്ടാകുന്ന അധിക ചെലവ്, ഡി.എ. കുടിശ്ശിക എന്നിവ കണക്കാക്കിയാൽ ബോർഡിന് അനുവദിച്ച തുക കുറവാണെന്നും മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ അനുവദിച്ച തുക കുറവായതുമൂലം ബോർഡ് ചെലവഴിച്ച തുക കൂടി ഉൾപ്പെടുത്തി 7888.22 ലക്ഷം രൂപ അധികം ആവശ്യമായി വരുമെന്നും സമിതി കണക്കാക്കുകയും പ്രസ്തുത ചെലവുകൾക്കായി 7888.22 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2015-16-ൽ 1750 ലക്ഷം രൂപയും 2016-17-ൽ 1727 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3477 ലക്ഷം രൂപ ഖാദിയുടെ ചില്ലറ വില്പനയിൽ റിബേറ്റിനത്തിൽ ഉപഭോക്താക്കൾക്ക് അനുവദിച്ചുനൽകിയ വകയിൽ കുടിശ്ശിക ലഭിക്കാനുണ്ടെന്നും ആയതിനാൽ 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിബേറ്റ് കുടിശ്ശികയും 2017-18 വർഷത്തിൽ ആവശ്യപ്പെട്ട തുകയും ബഡ്ജറ്റിൽ അനുവദിച്ച തുകയും തമ്മിലുള്ള വ്യത്യാസവും ഉൾപ്പെടെ 2017-18 വർഷത്തിൽ റിബേറ്റിനത്തിൽ 6077 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത ആവശ്യത്തിനായി നോൺ പ്ലാൻ ശീർഷകത്തിൽ 6077 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലൈവർ പ്രോജക്ട് വികസനത്തിനായി 15 ലക്ഷം രൂപയും ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വ്യാപകമായ വിപണി പ്രോത്സാഹന പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപയും ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 2 ലക്ഷം രൂപയും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന കേന്ദ്രീകൃത തേൻ സംസ്കരണ യൂണിറ്റിനായി 189 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 211 ലക്ഷം രൂപ പ്ലാൻ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നവീകരണം സംബന്ധിച്ച ചർച്ചയിൽ മുൻ വർഷത്തെ ബഡ്ജറ്റ്വിഹിതംകൊണ്ട് 27 യൂണിറ്റുകൾ റീ ഓർഗനൈസ് ചെയ്തെങ്കിലും അനുവദിച്ച തുക മുഴുവൻ ചെലവായതായും സമിതി മനസിലാക്കി.

ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വ്യവസായ യൂണിറ്റുകളുടെ നവീകരണം, പുതിയ യൂണിറ്റുകൾ സ്ഥാപിക്കൽ നിലവിലുള്ളവ ശക്തിപ്പെടുത്തൽ എന്നിവയ്ക്ക് അനുവദിച്ച 25 ലക്ഷം രൂപ അപര്യാപ്തമാണ് എന്ന് ബോധ്യപ്പെട്ട സമിതി അധികമായി 5 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഖാദിമേഖലയെ അതിന്റെ സാംസ്കാരിക പൈതൃകത്തെ ബാധിക്കാതെ ആധുനികവൽക്കരിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും പഴക്കം ചെന്ന വർക്ക് ഷെഡുകളുടെ നവീകരണം, പുതിയ വർക്ക് ഷെഡുകളും, ബോയിലിംഗ് ഷെഡുകളും ഡൈയിംഗ് യൂണിറ്റുകളും വാർപ്പ് യൂണിറ്റുകളും നിർമ്മിക്കൽ, ഖാദി ഉല്പാദന കേന്ദ്രത്തിന്റെ ശക്തിപ്പെടുത്തൽ, നെയ്ത്ത് യൂണിറ്റുകളും നൂൽപ്പ് യൂണിറ്റുകളും പുനരുദ്ധരിക്കൽ, അടിസ്ഥാന സൗകര്യ വികസനം, സിൽക്ക് നെയ്ത്ത് പരിശീലനം, സിൽക്ക് ഉല്പാദനം തുടങ്ങിയ ആവശ്യങ്ങൾക്കും നെയ്ത്തു മേഖല ശക്തിപ്പെടുത്തുന്നതിനുമായി ആകെ 430 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 150 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് മനസ്സിലാക്കിയ സമിതി ബാക്കി തുകയായ 280 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഖാദി മേഖലയിലെ സ്ഥാപനങ്ങൾക്കും ഖാദി സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ആവശ്യത്തിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി എല്ലാ പഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട സഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിക്കുന്ന പദ്ധതിക്കായി ആകെ 600 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 300 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂവെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർക്കാരിന്റെ ഖാദി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമങ്ങളിൽ 600 തറികളും 400 ചർക്കകളും പുതുതായി സ്ഥാപിക്കാൻ ഇത്തവണത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും തൊഴിലാളികളുടെ വീടുകളിലോ വീടുകളോട് ചേർന്ന ഷെഡ്ഡിലോ ആണ് ഇത് സ്ഥാപിക്കുക എന്നും എന്നാൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്താനുള്ള ഒരു പ്രൊപ്പോസലും വകുപ്പിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടില്ലെന്നും കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ചർക്കകൾ പോലുള്ള സംവിധാനങ്ങൾ മാറ്റിക്കൊണ്ടുള്ള നവീകരണമാണ് ഖാദി മേഖലയിൽ ഉദ്ദേശിക്കുന്നതെന്നും സമിതി വിലയിരുത്തി.

ഖാദിയുടെ നിർവചനവുമായി ബന്ധപ്പെട്ടുള്ള ചില തടസ്സങ്ങളും കമ്മീഷന്റെ പരിമിതികളുമാണ് അതിനു കാരണമെന്നും ഖാദി മേഖലയിൽ സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടെന്നും ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അറിയിച്ചു.

സംസ്ഥാനത്തെ 14 ജില്ലകളിലേയും 2 പഞ്ചായത്തുകളിൽ വീതം അടുത്ത 5 വർഷം കൊണ്ട് 5000 പേർക്ക് പുതുതായി ഖാദി നൂൽപ്പ് - നെയ്ത്ത് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത പദ്ധതിക്കായി 304.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കയറിന് പ്ലാൻ ഇനത്തിൽ 128 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 68 കോടി രൂപയുമുൾപ്പെടെ 196 കോടി രൂപയാണ് ആവശ്യപ്പെടുന്നതെന്ന് മത്സ്യബന്ധനവും തുറമുഖവും കയറും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രാഥമിക കയർ പിരി സഹകരണ സംഘങ്ങളിലേയും, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിലേയും സെക്രട്ടറി, ബിസിനസ് മാനേജർ എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗം ഒരു നിശ്ചിത കാലയളവിലേക്ക് സർക്കാർ മുഖാന്തിരം നൽകി, സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് വിലയിരുത്തിയ സമിതി, 400 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യവസായ വകുപ്പുമന്ത്രി ചെയർമാനായ അപ്പക്സ് ബോഡി ഫോർ കയർ എന്ന സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും കയർ ബോർഡിന്റെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും പുതിയ രീതികൾ മനസ്സിലാക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംവിധാനമാണ് പ്രസ്തുത ഉന്നതാധികാര സമിതി എന്നും ചെയർമാനും

വൈസ് ചെയർമാനും കൂടാതെ 5 ഉദ്യോഗസ്ഥരും 12 വിദഗ്ധരും ഉൾപ്പെടെ 19 അംഗങ്ങൾ സമിതിയിൽ ഉണ്ടെന്നും മത്സ്യബന്ധനവും തുറമുഖവും കയറും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു .

കയർ മേഖലയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കയർ സംബന്ധമായ പൊതു/സർക്കാർ നയങ്ങൾ നടപ്പിലാക്കുക, കമ്പോള വിപണന നിർദ്ദേശങ്ങൾ നൽകുക, കയർ മേഖലയ്ക്ക് വേണ്ട വിജ്ഞാനം വളർത്തിയെടുത്ത് ആവശ്യക്കാർക്ക് കിട്ടാനുള്ള നടപടി സ്വീകരിക്കുക എന്നീ ചുമതലകൾ നിക്ഷിപ്തമായ ഒരു ഉന്നതാധികാര സമിതിയാണ് കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി എന്നും കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിക്കുന്ന പ്രസ്തുത സമിതിക്കു വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും വിലയിരുത്തിയ സമിതി, പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കയറിന്റെയും കയറുല്പന്നങ്ങളുടെയും വില്പനയ്ക്കുള്ള സഹായം എന്ന 50% കേന്ദ്ര വിഹിതമുള്ള പദ്ധതിയായ എം.ഡി.എ.യ്ക്ക്., റീ ഇമ്പേഴ്സ്മെന്റായിട്ടാണ് തുക ലഭിക്കുന്നതെന്നും ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന സഹായമായി എം.ഡി.എ.-യുടെ 50% സംസ്ഥാനം വഹിക്കുന്നു എന്നും വിലയിരുത്തിയ സമിതി പദ്ധതി നിലനിർത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതുള്ളതിനാൽ 880 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

കയറുല്പന്നങ്ങളുടെ ഉല്പാദനം സ്ഥായിയായി നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക, ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായാണ് ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതെന്നും 2016-17 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതുകൂടാതെ 3 കോടി രൂപ ഈ പദ്ധതിക്കായി അധികമായി അനുവദിച്ചിരുന്നെന്നും ആകെ 8 കോടി രൂപ ഇതിനോടകം പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചു കഴിഞ്ഞെന്നും 1 കോടി രൂപയുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും മനസ്സിലാക്കിയ സമിതി, 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കയർ വികസനവകുപ്പിനു കീഴിൽ 14 ജില്ലകളിൽ 10 പ്രോജക്ട് ഓഫീസുകളും 42 സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നതായും ഇവയിൽ മിക്ക ഓഫീസ് കെട്ടിടങ്ങളും വളരെയധികം പഴക്കം ചെന്നതും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമാണെന്നും വിലയിരുത്തിയ സമിതി, പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കയർ തൊഴിലാളി പെൻഷൻ 68898 പേർക്കാണ് വിതരണം ചെയ്യുന്നതെന്നും 2017 ഫെബ്രുവരി വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായതായും സമിതി മനസ്സിലാക്കി. കയർ വികസന വകുപ്പിനു കീഴിൽ 10 പ്രോജക്ട് ഓഫീസുകളും 42 സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നതായും മിക്ക ഓഫീസ് കെട്ടിടങ്ങളും വളരെയധികം പഴക്കം ചെന്നതും അടിയന്തര അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ അധികമായി വകയിരുത്താൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതത്തിൽ 2012-13 മുതൽ പദ്ധതിയേതരത്തിലാണ് തുക വകയിരുത്തുന്നതെന്ന് സമിതി വിലയിരുത്തി. പ്രതിമാസം 1000 രൂപ പെൻഷൻ നൽകുന്നത് കൂടാതെ കുടുംബപെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കാനും വിരമിക്കൽ ആനുകൂല്യവും കടിശ്ശികയും നൽകാനും ഈ ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കുന്നതായി മനസ്സിലാക്കിയ സമിതി 2017-18 വർഷത്തെ പെൻഷൻ വിതരണത്തിന് 10000 ലക്ഷം രൂപ ആവശ്യമായിവരുമെന്ന സാഹചര്യം കണക്കിലെടുത്ത് 5000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിനും പ്രോജക്ട് ആഫീസുകളുടെ കീഴിൽ വരുന്ന വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കിൾ ആഫീസുകൾക്കും വാടക കടിശ്ശികയുണ്ടെന്നും മറ്റിനങ്ങളിലുള്ള ചെലവ് കൂടാതെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിനും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017 ഏപ്രിൽ 3-ാം തീയതി കൂടാനിരുന്ന യോഗം മാറ്റിവച്ചതായി ബഹു.സമിതി ചെയർമാൻ അറിയിച്ചു.

ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.